

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2022 ജൂൺ
വില ₹20


# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




പൂച്ചക്കുട്ടികളുടെ വീട്
(കഥ)
**ടി പത്മനാഭൻ**
വില ₹60




വായനശാല
(കഥ)
**സക്കറിയ**
വില ₹40




പാഠം ഒന്ന് ആരോഗ്യം
(വൈജ്ഞാനികം)
**ഡോ. ബി പത്മകുമാർ**
വില ₹190




കുട്ടികളുടെ ഐസക് ന്യൂട്ടൺ
(ജീവചരിത്രം)
**പി പി കെ പൊതുവാൾ**
വില ₹90




ആഫ്രിക്കൻ നാടോടിക്കഥകൾ
(കഥ)
പുനരാഖ്യാനം: **ഡി വിനയചന്ദ്രൻ**
വില ₹210





സത്യം വിചിത്രം
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹70





24x7 ഫുഡ്കോർട്ട്
(കഥ)
**അനിത എസ്**
വില ₹70




പുരാതന ഇന്ത്യയും മധ്യകാല ഇന്ത്യയും
(ചരിത്രം))
**ഡോ. സുമി മേരി തോമസ്**
വില ₹180.00




ഡി എൻ എ കോഡ്
(നോവൽ)
**സിജിജോൺ തൂവൽ**
വില ₹110




നാനോടെക്നോളജി
(ശാസ്ത്രം)
**ജെർളി**
വില ₹80.00



നക്ഷത്രമീനുകൾ
(നോവൽ)
**മനോജ് അഴീക്കൽ**
വില ₹80

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ജൂൺ 2022**
**വില** ₹20
**വാർഷികവരിസംഖ്യ** ₹200


## ഉള്ളടക്കം



## മലയാഴ്മ

**ജോയ് വാഴയിൽ**

19

മലരണിക്കനവുകൾ മയങ്ങുന്ന
ഹരിതത്തിൻ
മലനിരകളേ, മൗലി നമിച്ചിടുന്നേൻ!
കനിവിന്റെ കതിരാർന്നും കടാക്ഷിപ്പാൻ
കൊതിയാർന്നും
കതിരവനെത്തുന്നെന്നും കമനലോലം.

## എപ്പോഴും നിന്റെ വിൻസെന്റ്

**ഡോ. അജിത്കുമാർ ജി**

28



വിൻസെന്റ് വാൻഗോഗ്! ലോകമെമ്പാടുമുള്ള ചിത്രകലാസ്വാദകരുടെ പ്രിയപ്പെട്ട ചിത്രകാരൻ. ഇരുപത്തിയേഴാം വയസ്സിലാണ് അദ്ദേഹം വര തുടങ്ങുന്നത്. മുപ്പത്തിയേഴു വയസ്സിനുള്ളിൽ അദ്ദേഹം വരച്ചുകൂട്ടിയത് രണ്ടായിരത്തോളം ചിത്രങ്ങളാണ്. അവയിന്നും കലാസ്വാദകരെ അമ്പരപ്പിച്ചുകൊണ്ടിരിക്കുന്നു.


## മുങ്ങിമരിക്കാത്ത പൂച്ച

**ജൂലിയസ് മാനുവൽ**

20

നമ്മുടെ വീട്ടിലെ പൂച്ചയ്ക്ക് ഈജിപ്തിൽ ഒരു ബന്ധു ഉണ്ടാവാം. ഒട്ടേറെ കപ്പലപകടങ്ങളിൽനിന്ന് രക്ഷപ്പെട്ടതെന്നു കരുതുന്ന മുങ്ങിമരിക്കാത്ത സാമിനെപ്പോലെയുള്ളവരുടെ പിൻഗാമികളാവാം നമ്മുടെ ഓമനപ്പൂച്ചകൾ.






**ഹോർത്തൂസ് മലബാറിക്കൂസിലൂടെ**..................5
ഡോ. ബി ഇക്ബാൽ

**ഉറുമ്പ്**..........................................6
ഡോ. അരുൺ ഡി ഐ

**മീൻകൊത്തികളുടെ ലോകം**......10
ഡോ. ഷീജാകുമാരി കൊടുവഴന്നൂർ

**കടപയാദി**................................14
പള്ളിയറ ശ്രീധരൻ

**ഒപ്പരം**......................................15
സുരേന്ദ്രൻ കാടങ്കോട്

**വൈറസുകളെ അറിയാം**......... 16
ഡോ. ബി പത്മകുമാർ

**പൂക്കാലം**..................................23
തോമസ് താമരശ്ശേരി

**റിട്ടയർമെന്റ്**..........................24
എം കൃഷ്ണദാസ്

**ചാടുന്ന എലി** .......................... 32
പുനരാഖ്യാനം: വീണ എം

**ഇത്തിരി കടൽക്കാര്യങ്ങൾ**...... 36
ശ്രീനിധി കെ എസ്

**മകരക്കുളിരിൽ**..................... 39
പ്രഭലോചന പി എം

**കുട്ടുവിന്റെ ഒരു ദിവസം**.......... 40
സജന സന്തോഷ്

**ഇളംതളിര്**...............................42

**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** .........46



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**
**അരുൺ ഗോകുൽ**
**രതീഷ് വിൻസന്റ് വി പി**

കവർ
**ടി ആർ രാജേഷ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: അരുൺ ഗോകുൽ

# ഒരു ഭൂമി മാത്രം

പ്രിയപ്പെട്ട കുട്ടികളേ,
ലോകപരിസ്ഥിതിദിനമാണ് ജൂൺ 5ന് എന്നറിയാമല്ലോ. തളിര് മാസികയുടെ കൂട്ടുകാർ പരിസ്ഥിതിയോട് സ്നേഹവും കരുതലും ഉള്ളവ രാണെന്നറിയാം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നമുക്കു ചർച്ച ചെയ്യാം.

സെർച്ച് ഫോർ എക്സ്ട്രാ ടെറസ്ട്രിയൽ ഇന്റലിജൻസ് എന്നൊരു പദ്ധതിയുണ്ട്. ഭൂമിക്കു പുറത്ത് ജീവനെ തിരയുന്ന ഒരു പദ്ധതി. ഭൂമിയിലെ ഏതൊരു മനുഷ്യനും അതിൽ ഭാഗഭാക്കാവം. നാസയും ഇസ്രോയും അടക്കമുള്ള സ്പേസ് ഏജൻസികൾ ഭൂമിക്കു പുറത്ത് ജീവനെ തിരയാൻ പ്രത്യേക ദൗത്യങ്ങൾതന്നെ നടത്തുന്നു. ചൊവ്വയിൽ ഇറങ്ങിയ പേടകങ്ങൾ അവിടെയൊരു സൂക്ഷ്മജീവിയെ എങ്കിലും കാണുമോ എന്ന അന്വേഷണത്തിലാണ്. എന്നിരുന്നാലും ഇതുവരെ അങ്ങനെയൊരു സൂചന പോലും നമുക്കു ലഭിച്ചിട്ടില്ല.

കോടിക്കണക്കിനു ഗാലക്സികളുണ്ട് ഈ പ്രപഞ്ചത്തിൽ. അതിലൊന്നായ ആകാശഗംഗ യിൽ കോടിക്കണക്കിനു നക്ഷത്രങ്ങളും ഗ്രഹങ്ങളും.

എന്നിട്ടും മറ്റൊരു 'ഭൂമി' നാം ഇതുവരെ കണ്ടിട്ടില്ല. ചൊവ്വയിലോ ടൈറ്റനിലോ ചിലപ്പോൾ ചില സൂക്ഷ്മജീവികളെയൊക്കെ കണ്ടെത്താൻ കഴിഞ്ഞേക്കും. പക്ഷേ അവിടെയൊന്നും മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ഇവിടത്തെപ്പോലെ സുഖമായി കഴിയാനൊന്നും പറ്റില്ല. ഭൂമിയെപ്പോലെ മറ്റൊരിടം ഇല്ലെന്നു ചുരുക്കം. ഇത്ര വൈവിധ്യമാർന്ന ഒരിടം വേറെയില്ല. കോടിക്കണക്കിനു സ്പീഷിസുകൾ പരസ്പരാശ്രയത്തിൽ കഴിയുന്നു. എവിടെനോക്കിയാലും ജീവന്റെ താളം. അതിനാൽ അത്രയേറെ പ്രിയപ്പെട്ടതാണ് നമുക്കു ഭൂമി. നമുക്കു ജീവിക്കാനും ആശ്രയിക്കാനുമുള്ള ഒരേയൊരിടം. ഒരേയൊരു ഭൂമി.

ഇത്തവണത്തെ ലോക പരിസ്ഥിതിദിനത്തിന്റെ സന്ദേശം 'ഒരു ഭൂമി മാത്രം' എന്ന ആശയത്തിലൂന്നിയാണ്. മനുഷ്യർ പുരോഗമിക്കുന്നതിനൊപ്പം നമ്മെ നമ്മളായി നിലനിർത്തുന്ന ഭൂമിയുടെ പരിസ്ഥിതി കൂടി സംരക്ഷിക്കണം എന്ന സന്ദേശമാണ് അതുയർത്തുന്നത്.

ജൂൺ എട്ട് ലോകസമുദ്രദിനമാണ്. പരിസ്ഥിതിദിനംപോലെ പ്രാധാന്യമുള്ള ഒന്ന്. കരയെപ്പോലെതന്നെ വൈവിധ്യം നിറഞ്ഞതാണ് സമുദ്രവും. ജീവൻ ആദ്യമായി തുടിച്ചുതുടങ്ങിയെന്നു കരുതുന്ന ഇടം. പക്ഷേ പലതരം മാലിന്യങ്ങളും അവസാനം ഒഴുകിച്ചെന്നു ചേരുന്ന ഇടം കൂടിയാണ് ഇന്ന് സമുദ്രം. നിരവധി ശോഷണങ്ങൾ നേരിടുന്ന സമുദ്രങ്ങളുടെ പുനരുജ്ജീവനത്തിനായും നമുക്കു കൈകോർക്കേണ്ടതുണ്ട്.

നാം പുരോഗമിക്കുന്നതിനൊപ്പം ഭൂമിയും സമുദ്രങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. സമുദ്രങ്ങൾക്കായി, ജീവികൾക്കായി, ഒരേയൊരു ഭൂമിക്കായി നമുക്കു കൈകോർക്കാം.

**പള്ളിയറ ശ്രീധരൻ**
*എഡിറ്റർ*

**മനുഷ്യരുടെ നിലനിൽപ്പിന് നാം ഏറെ പ്രാധാന്യം കൊടുക്കുന്നു. നമുക്കു നിലനിൽക്കണമെങ്കിൽ ഭൂമി ഇതുപോലെ നിലനിന്നേ തീരൂ. പരിസ്ഥിതിയെ ഏറ്റവും അനുകൂലമായി സംരക്ഷിച്ചേ മതിയാവൂ. സമുദ്രങ്ങളെ പരിപാലിക്കണം. മലിനീകരണം ഇല്ലാതെ നോക്കണം. ഓരോ പരിസ്ഥിതിദിനവും നമുക്ക് കൂടുതൽ കൂടുതൽ ഉത്തരവാദിത്തങ്ങളാണ് നൽകുന്നത്.**



## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

# ആഞ്ഞിലി

**ശാസ്ത്രീയനാമം :**
**ആർട്ടോകാർപ്പസ് ഹിർസൂട്ടസ്**
(Artocarpus hirsutus)

അയിനി എന്ന പേരും ചേർത്തിട്ടുണ്ട്. ആഞ്ഞിലിച്ചക്കയെന്നും അയണിച്ചക്ക എന്നും പറയും. വഞ്ചിയുണ്ടാക്കാനായി തടി ഉപയോഗിക്കുന്നു. കപ്പലിന്റെ മുഖഭാഗം നിർമിക്കാനും തടി ഉപയോഗിക്കാറുണ്ട്.



### ഔഷധഗുണങ്ങൾ

ആഞ്ഞിലിയുടെ ഇല ചൂടാക്കി സന്ധികളിൽ വച്ചാൽ സന്ധിവേദനയും സന്ധികളുടെ പിരിമുറുക്കവും കുറയും. വൃഷണത്തിലെ നീരിനും ഇതുപയോഗിക്കാറുണ്ട്. രക്തസ്രാവം മാറാൻ ഇതു ചതച്ച് മഞ്ഞൾവേരുമായി ചേർത്തു മുറിവുള്ളിടത്തു വച്ചാൽമതി. വേരും പുറംതൊലിയും കൊണ്ട് അതിസാരം ശമിപ്പിക്കാം. പുഴുങ്ങിയ കായ്കൾ ആട്ടിയ എണ്ണ കുടിച്ചാലും ദേഹത്തു പുരട്ടിയാലും വിശപ്പും ദഹനവും ത്വരിതപ്പെടും.

ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ് എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്





# ഉറുമ്പ്

ഡോ. അരുൺ ഡി ഐ

മറുപടികളില്ലാത്ത 'കുഞ്ചു...കുഞ്ചുണ്ണൂലീ...' എന്ന വിളിയാണ് അന്നെന്നെ ഉണർത്തിയതെന്ന നേരിയ ഒരോർമയുണ്ട്. ഞാനല്ല കുഞ്ചു. എന്റെ അനന്തരവൾ, കുഞ്ചുണ്ണൂലി എന്ന് വിളിപ്പേരുള്ള, ഈ കഥയുടെ കാരണക്കാരി.

വിളിക്കുന്നത് അവളുടെ അമ്മയാണ്. സാധാരണ കൺവെട്ടത്തുനിന്നു മാറുന്നതല്ല കഥാനായിക. ഒന്നുകിൽ അപ്പൂപ്പനെയോ അമ്മാമ്മയെയോ അമ്മായിയെയോ, കാക്കയുടെയും തത്തമ്മയുടെയും പൊന്മാന്റെയും കഥകൾ പറഞ്ഞുകേൾപ്പിക്കുകയാകാം, അല്ലെങ്കിൽ അച്ഛൻ വാങ്ങിക്കൊടുത്ത കുഞ്ഞുപാത്രങ്ങളിൽ എല്ലാവർക്കുമുള്ള ആഹാരം ('പാപ്പം', കിച്ചൻ സെറ്റിലെ സ്പൂൺ കൊണ്ട് കൈയിലേക്കു പകരുമ്പോൾ അവൾ പറയുന്നത് അങ്ങനെയാണ്.) ഉണ്ടാക്കുകയാകാം.

ഇതൊന്നുമല്ലെങ്കിൽ, ഞാൻ പണ്ട് സിംഗപ്പൂരിൽ നിന്ന് കൊണ്ടുവന്ന 'പിങ്കി'യെന്ന് അവൾ വിളിക്കുന്ന പെൻഗ്വിൻ പാവയെ ഉറക്കുകയാവാം.

കുഞ്ചുണ്ണൂലിയുടെ അമ്മയുടെ അന്വേഷണങ്ങളിൽ കോറസ് ആയി അപ്പൂപ്പന്റെയും അമ്മാമ്മയുടെയും അമ്മായിയുടെയും ശബ്ദങ്ങൾ കേട്ടപ്പോൾ ആദ്യസാധ്യത ഒഴിവായി.

ഒന്നാംനിലയുടെ പടവുകൾ ഇറങ്ങിവന്നപ്പോൾ മുൻവശത്തെ മുറിയിൽ കുഞ്ചുവിന്റെ കിച്ചൻസെറ്റും പിങ്കിയും ഇരിക്കുന്നതുകണ്ടപ്പോൾ

രണ്ടാമത്തെയും മൂന്നാമ ത്തെയും സാധ്യതയും ഒഴി വായി.

പിന്നെവിടെപ്പോയീ..?

ഓരോ വിളിയിലും ശബ്ദ ങ്ങളുടെ തീക്ഷ്ണത കൂടി വരുന്നതായി ഞാനറിഞ്ഞു.

ഏവരും കുഞ്ചുവിനെ അന്വേഷിച്ചുനടക്കുമ്പോൾ മുറ്റത്തെ മാവിന്റെ ചോട്ടിൽ ചീരത്തൈയോട് കിന്നാരം പറഞ്ഞുനിന്ന കുഞ്ചുവിനെ ഞാൻ കണ്ടെത്തി.

മൂന്നുവയസ്സായിട്ടില്ല ആളിന്.

എന്താവും ആ ചീരത്തൈ യോട് ഇത്ര സംസാരിക്കാനെ ന്നറിയാനായി ഞാൻ അടു ത്തേക്കുചെന്നു.

അവൾക്ക് ചെടികളോട് അവരുടെ ഭാഷയാണ്. പക്ഷി കളോട് വേറെയും. നായ യോടും പശുവിനോടും കാറ്റി നോടും പിങ്കിയോടും ഒക്കെ ഓരോരോ ഭാഷയാണ്.

ഇതിപ്പോ അടുത്തുചെന്നു നിന്ന എന്നോടും ചെടിയോ ടുള്ള സംഭാഷണത്തിന്റെ ബാക്കിയായി എന്തൊക്കെയോ പറഞ്ഞു. സ്വാഭാവികമായും എനിക്കൊന്നും മനസ്സിലായി ല്ലെങ്കിലും ശരിയാണ് എന്ന അർഥത്തിൽ ഞാൻ തല യാട്ടി.

ഗൗരവമാണ് ഭാവം!

വിരൽ ചൂണ്ടി എന്തോ ശകാരിക്കുകയാണ് മൂപ്പത്തി.

മഞ്ഞഫ്രോക്കാണ് വേഷം. നീലപ്പൂക്കളുള്ള മഞ്ഞക്കു ടയും കൈയിലുണ്ട്.

ഉച്ചയൂണിനു ശേഷം മട ക്കത്തിനായുള്ള ഒരുക്കത്തി ലാണ് കുഞ്ചുവിന്റെ അമ്മ. അതിനായി കഥാനായികയെ ഒരുക്കാനുള്ള തത്രപ്പാടിലാണ്.

''അച്ഛൻ ഇപ്പോ ഇങ്ങെത്തും. പോകണ്ടേ നമുക്ക് കുഞ്ചൂ..?''

ഈ ചോദ്യമാണ് കുഞ്ചു വിന്റെ അപ്പൂപ്പനും അമ്മാ മ്മയ്ക്കും ഏറെ വിഷമുണ്ടാ ക്കുന്ന ഒരേയൊരു കാര്യം. യാത്രയയപ്പുകൾ, അതിപ്പോ ചെറുതാണെങ്കിൽപ്പോലും ആരും ഇഷ്ടപ്പെടാറില്ല.

എന്റെ തോളത്തിരുന്ന് ഈ ചോദ്യത്തിനുള്ള ഉത്തരം എല്ലാവരെയും ഒരു നോട്ടത്തിലൂടെ അറിയിച്ച് അമ്മയ്ക്കു നേരേ കൈനീട്ടി.

ഉച്ചയൂണിനു ശേഷം അവർ പോയി.

രണ്ടാഴ്ചത്തെ ബഹളമയ മായ അന്തരീക്ഷം തത്കാലം അവസാനിച്ചു. വീടിന് ഇനി

കട്ടിലിൽ ചാരിയിരുന്നു പുസ്തകം വായിച്ചിരുന്ന ഞാൻ, പതിയെ തുറക്കുന്ന ആ വാതിലിലേക്കു നോക്കി.

ഇല്ല... അസ്വാഭാവികമായി ഒന്നും തന്നെയില്ല. അടച്ചത് നേരെയായില്ല, അത് തുറന്നു. അത്രേയുള്ളൂ. എന്നെ ഞാനാ ശ്വസിപ്പിച്ചു.

കട്ടിലിൽനിന്ന് ആ അല മാരിവരെയുള്ള ദൂരവും അടു ക്കളയിൽനിന്ന് അതുവരെയെ ത്താനുള്ള ദൂരവും കണക്കു കൂട്ടിയിരുന്ന എന്നെ കണ്ടിട്ടാ

**വിലപിടിപ്പുള്ള ഒട്ടനേകം വസ്ത്രങ്ങൾ നിധിപോലെ സൂക്ഷി ച്ചിരിക്കുന്ന ഒരിടമാണത്. അവൾ പോയതിനു പിന്നാലെ അടഞ്ഞ ആ വാതിൽ വീണ്ടും പഴയതു പോലെതന്നെ മെല്ലെ തുറന്നുവന്നു. കട്ടിലിൽ ചാരിയിരുന്നു പുസ്തകം വായിച്ചിരുന്ന ഞാൻ, പതിയെ തുറക്കുന്ന ആ വാതിലിലേക്കു നോക്കി. ഇല്ല... അസ്വാഭാവികമായി ഒന്നും തന്നെയില്ല. അടച്ചത് നേരെയായില്ല, അത് തുറന്നു,അത്രേയുള്ളൂ.**

ഉറങ്ങാം, കുഞ്ചുവിന്റെ അടുത്ത വരവുവരെയും.

കിടപ്പുമുറിയുടെ പടി ഞ്ഞാറേ ചുവരിലുള്ള അല മാരിയുടെ വാതിൽ മുഴുവ നായും അടഞ്ഞിട്ടില്ലാത്തത് എന്റെ ശ്രദ്ധയിൽപ്പെട്ടു. കുഞ്ചുവിന്റെ അമ്മയുടെ കല്യാണസാരിയുൾപ്പെടെ വിലപിടിപ്പുള്ള ഒട്ടനേകം വസ്ത്രങ്ങൾ നിധിപോലെ സൂക്ഷിച്ചിരിക്കുന്ന ഒരിടമാ ണത്.

എന്റെ നിർദേശപ്രകാരം സഹധർമിണി അത് കൈ കൊണ്ട് അമർത്തിയടച്ച ശേഷം അടുക്കളയിലേക്കു പോയി.

അവൾ പോയതിനു പിന്നാലെ അടഞ്ഞ ആ വാതിൽ വീണ്ടും പഴയതു പോലെതന്നെ മെല്ലെ തുറന്നു വന്നു.

വണം സഹധർമിണി അത ടയ്ക്കാൻ വീണ്ടുമെത്തി.

''നോക്കൂ... ഇവിടെ നിറയെ ഉറുമ്പ്! ഇതെവിടുന്നു വന്നൂ?''

ചോദ്യത്തിൽ അസ്വാഭാവി കതയില്ലെങ്കിലും, ആ ചോദ്യം പ്രസക്തമാണെന്ന് അവളുടെ നോട്ടത്തിൽനിന്നു മനസ്സി ലായി.

ഉറുമ്പ്..!

ഒരുപാടുണ്ട്!

അലമാരിയുടെ വാതിൽ മലർക്കേ തുറന്നപ്പോൾ, റിലീസ് ദിവസം ലാലേട്ടന്റെ പടം കളിക്കുന്ന തിയേറ്ററിന്റെ മുന്നിലെന്നപോലെ ഒരു സാഗരം.

നീങ്ങുന്ന ഒരു പരവതാനി പോലെ.

ഒരു പതിനായിരം എണ്ണം കാണും!

യുദ്ധമുഖത്തെ ശത്രു വിനെ കണ്ടപോലെ എന്റെ



വര: ടി ആർ രാജേഷ്

സഹധർമിണി ആയുധമെടുക്കാനോടി.

പക്വത വന്ന ഒരു യോദ്ധാവിനെപ്പോലെ ഞാൻ ശാന്തമായി സാഹചര്യം വിലയിരുത്താൻ ശ്രമിച്ചു.

'ഇത്രയും എണ്ണം ഇതെങ്ങനെ..?' എന്ന ചോദ്യം മനസ്സിലൂടെ മിന്നിമാഞ്ഞു.

ആയുധമെത്തി.

രണ്ടു ചൂലുകൾ കൊണ്ട് ഭാര്യയെത്തി.

അവളുടെ തത്രപ്പാട് കണ്ടാവണം അച്ഛനും അമ്മയുമെത്തി.

''അയ്യോ! അലമാരിയിൽ വിലപിടിപ്പുള്ള തുണികളൊരുപാടുണ്ട്...''

അമ്മയുടെ ആവലാതി ആ വാക്കുകളിൽ വ്യക്തമാണ്.

അച്ഛൻ നിശ്ശബ്ദനായി എന്നെപ്പോലെ പക്വതയോടെ നിന്നു.

അരിമണിപോലെ കുറേ സാധനങ്ങൾ തുണികൾക്കിടയിലും നിലത്തുമായി ചിതറിക്കിടക്കുന്നു.

''അത് മുട്ടയാണ്. ഇവിടെ താമസമാക്കിയിട്ട് ആഴ്ചകളായെന്നു തോന്നുന്നു.''

അച്ഛന്റെ അവലോകനം.

തുണികൾ ഓരോന്നായി ഞാൻ വലിച്ചു പുറത്തിട്ടു, ഉറുമ്പില്ലാത്ത ഭാഗത്തേക്ക്.

അവയിൽ നിന്നൊക്കെ ആയിരക്കണക്കിന് ഉറുമ്പുകൾ ഭൂകമ്പസമയം വീട്ടിൽ നിന്ന് ഇറങ്ങിയോടുന്ന ആൾക്കാരെക്കണക്കെ നിലത്തിറങ്ങുന്നു.

ആകെ അശാന്തി പടർന്നു.

അലമാര ഒഴിച്ചെടുക്കാൻ നന്നേ പാടുപെട്ടു.

അവിടെയുള്ള ഉറുമ്പുകളെ ഭാര്യയും അമ്മയും, ചൂലും ഡി ഡി റ്റിയുംകൊണ്ട് നിർദയം വധിക്കുന്നു. കല്യാണസാരിയുടെ വില അവർക്കല്ലേ അറിയൂ. അലമാരിയിൽനിന്ന് ജീവരക്ഷാർഥം ഇറങ്ങിയോടുന്ന ഉറുമ്പുകളെ അവർ പിന്തുടർന്ന് വധിക്കുന്നു.

ചൂലുകൾക്കിടയിൽപ്പെട്ടു മരണപ്പെടുന്ന ഉറുമ്പുകൾ ഓരോ വസ്ത്രങ്ങളിൽ അമ്മ കണ്ടെത്തിയ ദ്വാരത്തിനുള്ള വില തങ്ങളുടെ ജീവനിലൂടെ നൽകുന്നു. അഗ്നിപാതം പോലെ ഡി ഡി റ്റിയും അവരുടെമേൽ പതിക്കുന്നു.

എങ്ങും അശാന്തി!

അമ്മയുടെയും ഭാര്യയുടെയും മുഖത്തെ രോഷം ഓരോതവണ അരിപ്പപോലെ ആയി മാറിയ തുണികളിൽ നോക്കുമ്പോളും കൂടുന്നതായി ഞാൻ മനസ്സിലാക്കി. സ്വാഭാവികം!

ഓണവും വിഷുവും ക്രിസ്തുമസ്സും പിറന്നാളും വാർഷികവുമൊക്കെ ഓർമയായി തങ്ങിനിന്നവയായിരുന്നു ഈ തുണികൾ. ഇപ്പോൾ നിവർത്തിപ്പിടിച്ചാൽ മറുവശത്തുള്ളയാളെ കാണുംവിധമായി!

മരണപ്പെടുന്ന ഉറുമ്പിൻ കൂട്ടങ്ങളെ ഞാൻ എന്റെ കൈയിലെ ചൂലുകൊണ്ട് അന്ത്യവിശ്രമത്തിനായി ഒരു കഷണം കടലാസിലേക്ക് കൂട്ടി.

''എന്നാലും ഇതെവിടുന്നു വന്നു?''

എല്ലാവരും മാറിമാറി ചോദിച്ചു.

അശാന്തി കെട്ടടങ്ങി.

ഉറുമ്പുകൾ തുരത്തപ്പെട്ടു.

തുണികളിൽ ചെറുദ്വാരങ്ങൾ മുതൽ മഹാദ്വാരങ്ങൾ വരെ കണ്ടെത്തി.

അമ്മയുടെയും ഭാര്യയുടെയും മുഖത്ത് ദുഃഖം തളംകെട്ടി.

''വേറേ വാങ്ങാം. ഇനി ഇതുവച്ചു സങ്കടപ്പെടണ്ട..'' അച്ഛൻ അപ്പോളും ആശ്വസിപ്പിച്ചു.

അതൊക്കെ വാങ്ങിയപ്പോഴത്തെ വില ചിന്തിച്ചു ഞാൻ നിന്നപ്പോളാണ് അച്ഛനങ്ങനെ പറഞ്ഞത്.

''എന്നാലും ഇതെങ്ങനെ അതിനകത്തു വന്നു?''

അവ്യവസ്ഥ കുറച്ചൊന്നു കെട്ടടങ്ങിയപ്പോൾ 'അരി പോലെ കിടക്കുന്നത് അതുങ്ങളുടെ മുട്ടയാണ്' എന്ന് അച്ഛൻ പറഞ്ഞത് ഞാനോർത്തു.

അതെന്നെ ആഴ്ചകൾക്കു പിന്നിൽ ഇതിനു സമാനമായ ഒരു ചോദ്യത്തിലേക്കെത്തിച്ചു.

ചോദ്യം കഥാനായികയായ കുഞ്ചുവിന്റെ വകയായിരുന്നു.

കിളിക്കൊഞ്ചൽപോലെ അവൾ എന്നോടൊരിക്കൽ ചോദിച്ചിരുന്നു: ''മാമ്മച്ചീ.. ഉറുമ്പ് അരി തിന്നുമോ?''

നിഷ്കളങ്കമായ ആ ചോദ്യത്തിന് 'ഉറുമ്പ് അരിയും പയറും തിന്നും, അതുപോലെ കുഞ്ചുവും കഴിക്കണം' എന്നുപദേശിച്ചതായി ഞാനോർത്തു.

അവൾ ഇതേ അലമാരിയുടെ മുന്നിൽ നിന്നായിരുന്നു അന്ന് ചോദിച്ചതെന്നും ഞാനോർക്കുന്നു.

അതിനും ദിവസങ്ങൾ മുൻപ് മുറ്റത്തെ മാവിൻ ചോട്ടിലെ ചീരത്തൈക്ക് വെള്ളമൊഴിച്ചപ്പോൾ അതിൽ വീണ ഒരു പാവം ഉറുമ്പിനെ കുഞ്ചു രക്ഷിച്ചുവെന്ന് എന്നോട് പറഞ്ഞതും ഞാനോർത്തു.

ഇല്ല... തോന്നലാണ്!

അമ്മ ഇപ്പോളും മുൻവശത്തെ മുറിയിലിരുന്ന് സാരി കൈയിൽപ്പിടിച്ച്, കുഞ്ചുവിന്റെ അമ്മയുമായി ഫോണിൽ സംസാരിക്കുന്നു.

അച്ഛനും എന്റെ ഭാര്യയും

**"എന്നാലും ഇതെങ്ങനെ അതിനകത്തു വന്നു?"**
**അതെന്നെ ആഴ്ചകൾ പിന്നിൽ ഇതിനു സമാനമായ ചോദ്യത്തിലേക്കെത്തിച്ചു. കിളിക്കൊഞ്ചൽപോലെ അവൾ എന്നോടൊരിക്കൽ ചോദിച്ചിരുന്നു:**
**"മാമ്മച്ചീ..ഉറുമ്പ് അരി തിന്നുമോ?"**
**അവൾ ഇതേ അലമാരിയുടെ മുന്നിൽ നിന്നായിരുന്നു അന്ന് ചോദിച്ചതെന്നു ഞാനോർക്കുന്നു.**

ദിവസങ്ങൾക്കിപ്പുറം ഉറുമ്പിനും വാവയെ (കുഞ്ചു സ്വയം വിശേഷിപ്പിക്കുന്നത്) പ്പോലെ കളിക്കാൻ കൂട്ടുകാർ ഉണ്ടാകുമോ എന്നു ചോദിച്ചതും ഓർമയിൽ വന്നു. അന്ന് ഞാൻ തന്നെ പിടിച്ചുകൊടുത്തിരുന്നു കൂട്ടത്തിൽനിന്ന് നല്ലൊരുറുമ്പിനെ.

അലമാരിയുടെ വാതിൽക്കലുണ്ടായ കൂട്ടക്കൊലയിൽ നിന്നു രക്ഷപ്പെട്ട ചില ഉറുമ്പുകൾ കട്ടിലിനരികിലൂടെ എന്നെ നോക്കി നടന്നുപോയി. അതിലൊരെണ്ണം തിരിഞ്ഞുനോക്കുംപോലെ തോന്നി.


ഉറുമ്പ് വന്ന വഴി ആലോചിക്കുന്നു.

ഞാൻ അശാന്തിയുടെ വരമ്പിലൂടെ നടന്ന് അടുക്കളയിൽ ചെന്ന് കുറച്ചു വെള്ളം കുടിച്ചു.

ഇത്തവണ അടുക്കളയിലേക്കു കിടപ്പുമുറിയിൽ നിന്ന് അധികം ദൂരം തോന്നിയില്ല!



ഫീച്ചർ



# മീൻകൊത്തികളുടെ ലോകം

**ഡോ. ഷീജാകുമാരി കൊടുവഴന്നൂർ**

പാലത്തിന്റെ കൈവരിയിൽ, തോട്ടിലെ ഒഴുകുന്ന വെള്ളത്തിലേക്ക് കണ്ണുകൾ നട്ട് ഏകാഗ്രമായ തപസ്സിലെന്നപോലെ ഇരിക്കുന്ന ഒരു പൊന്മാൻ. തപസ്സിലെന്നപോലെ അല്ല, തപസ്സു തന്നെയാണ്. ഭക്ഷണം തേടിയുള്ള ഏകാഗ്രതപസ്സ്. ഒരു പരൽമീനെങ്കിലും തോട്ടിലെ വെള്ളത്തിൽ നീന്തി നടക്കുന്നതു കണ്ടാൽ കൊത്തിയെടുത്തു പറക്കാമായിരുന്നു എന്ന ചിന്തയിലാണത്. കുട്ടികൾ അതിനെത്തന്നെ നോക്കിനിന്നു. എന്തൊരു ഭംഗി! ചിറകുകളുടെ ഉപരിഭാഗത്ത് മനോഹരമായ നീലനിറമുള്ള തൂവലുകൾ. വശങ്ങളിലേക്ക് അത് തവിട്ടുനിറമായി മാറുന്നു. മാറിടം വെള്ള. കഴുത്തിന്റെ അടിഭാഗവും വെള്ള. തലയും ചുമലും തവിട്ടുനിറം. വാലിനും ഇതേ നിറം തന്നെ. കൂർത്ത ചുവന്ന ചുണ്ടുകൾ. കാലുകളും ചുവപ്പ്. ഒരു സുന്ദരിപ്പക്ഷി!

## ആറുതരമുണ്ട് മീൻകൊത്തികൾ

- ചെറിയമീൻകൊത്തി (സ്മാൾ ബ്ലൂ കിംഗ്ഫിഷർ)
- പുള്ളിമീൻകൊത്തി (പൈഡ് കിംഗ്ഫിഷർ),
- മീൻകൊത്തിച്ചാത്തൻ (വൈറ്റ് ബ്രസ്റ്റഡ് കിംഗ്ഫിഷർ)
- കാക്കമീൻകൊത്തി (ബ്രൗൺ ഹെഡഡ് സ്റ്റോർക്ക് ബിൽഡ് കിംഗ്ഫിഷർ)
- കരിന്തലയൻ മീൻകൊത്തി (ബ്ലാക്ക് ക്യാപ്ഡ് കിംഗ്ഫിഷർ)
- ഫിലിപ്പൈൻ കുള്ളൻ മീൻകൊത്തി (ഫിലിപ്പൈൻ ഡ്വാർഫ് കിംഗ്ഫിഷർ )



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

## ചെറിയമീൻകൊത്തി

(Small blue kingfisher, Alcedo atthis)

അങ്ങാടിക്കുരുവിയെക്കാൾ വലിപ്പം. ഇടയ്ക്കിടെ നീളംകുറഞ്ഞ വാൽ ഉയർത്തുകയും താഴ്ത്തുകയും ചെയ്യും. 'ക്ലിക്ക് ക്ലിക്ക്' എന്നു കൂടെക്കൂടെ ഒച്ചയുണ്ടാക്കും. ചില കാലങ്ങളിൽ 'ചീ ചീ' എന്നു ശബ്ദിച്ചുകൊണ്ട് അതിവേഗത്തിൽ ചുറ്റിപ്പറക്കുന്നതു കാണാം.

ശരീരത്തിന്റെ ഉപരിഭാഗമെല്ലാം തിളങ്ങുന്ന നീലനിറമായിരിക്കും. അടിഭാഗത്ത് കാവിനിറവും കണ്ണിനു പിന്നിൽ ചെവിത്തടത്തിൽ ചെമ്പിച്ച തവിട്ടുനിറത്തിൽ ഒരു പുള്ളിയും കാണാം. അതിനു പിന്നിൽ ഒരു വെളുത്ത പട്ടയും ഉണ്ടായിരിക്കും.

ആഹാരസമ്പാദനരീതിയും രസകരമാണ്. ജലസ്രോതസ്സുകൾക്കടുത്ത് കല്ലിലോ മരത്തിലോ ഇരിക്കുന്ന പക്ഷി തെറ്റാലിയിൽനിന്നു തൊടുത്തുവിട്ട കല്ലുപോലെ വെള്ളത്തിലേക്കു കൂപ്പുകുത്തി അതേ വേഗത്തിൽ കൊക്കിലൊരു മീനുമായി തിരികെ വന്നിരിക്കും. മീനിന്റെ നടുക്കാണ്

## കാക്കമീൻകൊത്തി

(Brown headed stork billed kingfisher, Pelargopsis capensis)

പേരിൽ കാക്കയുണ്ടെങ്കിലും കാക്കയെപ്പോലെയൊന്നും അല്ല കാക്കമീൻകൊത്തി. മുതിർന്നപക്ഷികളുടെ പുറംഭാഗം പച്ചയോടടുത്തതും ചിറകുകളും വാലും നീലയുമായിരിക്കും. ശരീരത്തിനടിഭാഗം മങ്ങിയ മഞ്ഞനിറം. നീളമുള്ള ചുവന്ന കൂറ്റൻ കൊക്ക്. തവിട്ടുനിറമുള്ള തല. കാഴ്ചയിൽ ചെറിയമീൻകൊത്തിയുടെ ഒരു വലിയ പകർപ്പ് എന്നു പറയാം. മീൻകൊത്തികളുടെ കൂട്ടത്തിൽ ഏറ്റവും വലുത് കാക്കമീൻകൊത്തിയാണ്. മാടപ്രാവിനോളം വലിപ്പം.



ആൺ–പെൺ പക്ഷികൾ തമ്മിൽ വലിയ വ്യത്യാസമില്ലാത്തതിനാൽ തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്.

മരങ്ങൾ ഉള്ള കുളങ്ങളുടെ അടുത്തായാണ് ഇവ കാണപ്പെടുക. മീൻകൊത്തിച്ചാത്തനെപ്പോലെ പല്ലി, ഓന്ത്, ഞണ്ട്, തവള, പക്ഷിക്കുഞ്ഞുങ്ങൾ തുടങ്ങിയവയെയൊക്കെ തിന്നുമെങ്കിലും ഇവയുടെ മുഖ്യാഹാരം മത്സ്യം തന്നെയാണ്.

ഉയരമുള്ള മരച്ചില്ലകളിലിരുന്ന് ഇവ കുളം നിരീക്ഷിക്കും. മത്സ്യം ഇളകുന്നതു കണ്ടാൽ നൊടിയിടയിൽ ചരിഞ്ഞുപറന്ന് വെള്ളത്തിലേക്കിറങ്ങി മീനിനെയും കൊത്തിയെടുത്ത് തിരിച്ചെത്തും. വെള്ളത്തിനു മുകളിലുള്ള മരച്ചില്ലയിലാണ് ഇരിപ്പെങ്കിൽ ഇരയെ കാണുമ്പോൾ നേരേ താഴേക്ക് കല്ലെടുത്തിട്ടപോലെ അവ വീഴും. ഇരയെ കൊത്തിയെടുത്തു മടങ്ങുകയും ചെയ്യും. സാധാരണയായി മനുഷ്യന്റെ അടുത്ത് വരാതെ, നമ്മുടെ ശ്രദ്ധയിൽപ്പെടാതെ ഒളിഞ്ഞിരിക്കാനാണ് ഇവയ്ക്കിഷ്ടം. എന്നാൽ മഴക്കാലമായാൽ മനുഷ്യസാന്നിധ്യത്തെ വകവയ്ക്കാതെ ഉച്ചത്തിൽ 'ക്യോ ക്യോ ക്യോ' എന്നു ശബ്ദിച്ചുകൊണ്ട് മിന്നൽപോലെ കൂവിപ്പറക്കുന്നതു കാണാം.

മഴക്കാലമാണ് പ്രജനനകാലം. നദീതീരങ്ങളിലും ജീർണിച്ച മരങ്ങളിലുമാണു കൂടുണ്ടാക്കുന്നത്. രണ്ടു മുതൽ അഞ്ചു വരെ മുട്ടകളിടും. വെളുത്ത നിറമാണ് മുട്ടകൾക്ക്. ●



ആദ്യം കൊത്തിപ്പിടിക്കുകയെങ്കിലും പെട്ടെന്ന് തല തിരിച്ച് മീനിനെ സാമർത്ഥ്യത്തോടെ വായ്ക്കകത്താക്കും. ചിലപ്പോൾ വെള്ളത്തിനു മീതേ തെരുതെരെ ചിറകുകൾ ചലിപ്പിച്ച് പറന്നു നിൽക്കും. മീൻ അടുത്തെത്തിയാൽ മുൻപു പറഞ്ഞപോലെ ഊളിയിട്ട് മീനിനെ പിടിക്കും.

കിട്ടിയ മീൻ വലിപ്പം കൂടിയതോ കട്ടിയുള്ളതോ ആണെങ്കിൽ അതിനെ ഇരിപ്പിടത്തിലടിച്ചു പതം വരുത്തിയാണ് പക്ഷി വിഴുങ്ങുന്നത്. മറ്റു ചെറിയ ജലജീവികളെയും അവ ആഹരിക്കും. നവംബർ മുതൽ ജൂൺ വരെയാണ് ഇതിന്റെ സന്താനോത്പാദനകാലം. ഇക്കാലത്ത് ഇണക്കിളികൾ പുഴക്കരയിലും മറ്റുമുള്ള മണൽത്തട്ടിൽ കൂടുണ്ടാക്കും. പെൺകിളി കൂട്ടിൽ അഞ്ചു മുതൽ ഏഴുവരെ തൂവെള്ള മുട്ടകൾ ഇടും. മുട്ടകൾക്ക് അടയിരിക്കാനും കുഞ്ഞുങ്ങളെ പോറ്റാനും ഇണപ്പക്ഷികൾ ഒരുപോലെ പങ്കുചേരും.

പൊന്മാനെ കാണാൻ ഭംഗിയുണ്ടെങ്കിലും അതിന്റെ കൂട് ഒട്ടും ആകർഷകമല്ല. മാത്രമല്ല, വൃത്തിഹീനവുമാണ്. അടയിരിക്കുന്ന പക്ഷിയും കുഞ്ഞുങ്ങളും കൂടി കാഷ്ഠിച്ച് വൃത്തിഹീനവും ദുർഗ്ഗന്ധമുള്ളതുമായിരിക്കും കൂട്. ●



## കരിന്തലയൻ മീൻകൊത്തി

(Black capped kingfisher, Halcyon pileata)

തലയിൽ കറുത്ത തൊപ്പിപോലുള്ള ഭാഗമുള്ളതുകൊണ്ടാണ് കരിന്തലയൻ മീൻകൊത്തി അഥവാ ബ്ലാക്ക് ക്യാപ്പ്ഡ് കിംഗ്ഫിഷർ എന്ന പേരു ലഭിച്ചത്. തീരപ്രദേശങ്ങൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ തുടങ്ങി ജലസാന്നിധ്യമുള്ള സ്ഥലങ്ങളിലാണു കാണപ്പെടുക. സമുദ്രതീരത്തും കണ്ടൽക്കാടുകളിലും 'കിക്കിക്കിക്കി' എന്നു ചിലച്ചുകൊണ്ട് ഇവയെ കാണാം. ഏഷ്യയുടെ ഭൂമധ്യരേഖയോടടുത്ത ഭാഗങ്ങളിൽ ഭാരതം മുതൽ തെക്കുകിഴക്കൻ ഏഷ്യവരെയാണ് ഇവരുടെ വിഹാരമേഖല. അതതു സ്ഥലത്തെ സ്ഥിരതാമസക്കാരാണ് മിക്കവയും. വടക്കുഭാഗത്തുള്ളവ തണുപ്പുകാലത്ത് ശ്രീലങ്ക, തായ്‌ലന്റ് ബോർണിയോ, ജാവാ എന്നിവിടങ്ങളിലേക്ക് ദേശാടനം നടത്താറുണ്ട്. കേരളത്തിൽ ഇവ പക്ഷേ അപൂർവമാണ്.

മീൻകൊത്തിച്ചാത്തന്റെ വലിപ്പമേയുള്ളൂ ഇവയ്ക്ക്. ഇരുപത്തിയെട്ടു സെ.മീ. നീളം. ചിറകുകളും മുതുകുഭാഗവും പർപ്പിൾ കലർന്ന നീലനിറം. തലയും കഴുത്തിന്റെ മുകൾ ഭാഗവും കറുപ്പും കഴുത്ത് വെള്ളയുമാണ്. അടിഭാഗം മഞ്ഞ കലർന്ന വെള്ളനിറം. കൊക്കും കാലുകളും ചുവപ്പ്.

ആൺ–പെൺ പക്ഷികൾ കണ്ടാൽ ഒരുപോലെ തന്നെയാണ്. അതിനാൽ തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്. കുഞ്ഞുങ്ങൾ മുതിർന്നപക്ഷികളുടെ അല്പം നിറംമങ്ങിയ പതിപ്പുകളാണെന്നു പറയാം. എന്നാൽ ഇവയ്ക്ക് കഴുത്തുഭാഗത്ത് കുറേ വരകളുണ്ട്. അതിവേഗത്തിൽ മൂളിപ്പറന്നുകൊണ്ട് ഇവ വേഗത്തിൽ കൂപ്പുകുത്തി മത്സ്യങ്ങളെയും മറ്റു പ്രാണികളെയും ഇരയാക്കുന്നു. വേനൽക്കാലത്താണ് ഇവയുടെ പ്രജനനകാലം. കൂടൊരുക്കുന്നത് ജലസ്രോതസ്സിന്റെ തീരത്തുള്ള മണ്ണിലാണ്. ടണൽപോലുള്ള കൂടാണ് നിർമിക്കുന്നത്. അതിൽ നാലോ അഞ്ചോ മുട്ടകൾ ഇടും. ●

## പുള്ളിമീൻകൊത്തി

(Pied kingfisher, Ceryle rudis)



പുള്ളിമീൻകൊത്തിക്ക് വെള്ളയും കറുപ്പും നിറങ്ങൾ മാത്രമേയുള്ളൂ. ശരീരത്തിന്റെ ഉപരിഭാഗം മുഴുവൻ കറുപ്പും വെള്ളയും പട്ടകളും പുള്ളികളും ഇടകലർന്നു കാണപ്പെടും. ശരീരത്തിനടിഭാഗം വെള്ള നിറമാണ്. നെഞ്ചിന്റെ ഭാഗത്ത് ആൺകിളിക്ക് രണ്ടു പട്ടയും പെൺപക്ഷിക്ക് ഒരു പട്ടയും മാലകൾ പോലെ ഉണ്ടായിരിക്കും.

മീൻപിടുത്തരീതി വ്യത്യസ്തമാണ്. വെള്ളത്തിനു തൊട്ടുമേലേ പറന്നുനിന്ന് വെള്ളത്തിലേക്ക് പെട്ടെന്ന് ഊളിയിട്ടുപോയി മത്സ്യം പിടിക്കും. മണിക്കൂറിൽ ഏകദേശം 50 കിലോമീറ്റർ വേഗതയിൽ ഇവയ്ക്ക് പറക്കാനാകും. പറന്നുനടക്കുന്ന സമയത്ത് ഇടയ്ക്കിടെ 'ച്റിക്ക്... ച്റിക്ക്' എന്ന അസുഖകരമായ ശബ്ദം പുറപ്പെടുവിക്കും. ചെറിയ മീൻകൊത്തിയെപ്പോലെ ഇടയ്ക്കിടെ വാലുയർത്തുകയും താഴ്ത്തുകയും ചെയ്യുക പതിവാണ്. തലയും ഇത്തരത്തിൽ ഉയർത്തുകയും താഴ്ത്തുകയും ചെയ്യും. പുള്ളിമീൻകൊത്തികൾ സാധാരണയായി

## മീൻകൊത്തിച്ചാത്തൻ

(White breasted kingfisher, Halcyon smyrnensis)



ഏറ്റവും സാധാരണമായ മീൻകൊത്തികളിലൊന്ന്. കട്ടി കൂടിയ, ഓറഞ്ചു നിറമുള്ള കൊക്കുകൾ. കടുത്ത ചോക്കലേറ്റ് നിറമുള്ള ശിരസ്സ്. കഴുത്തിലും വയർഭാഗത്തും ചെസ്റ്റ്നട്ട് നിറം. മാറിടവും കഴുത്തും വെള്ള. ചിറകുകളും വാലും തിളക്കമുള്ള മനോഹരമായ നീലനിറവും. ആൺ-പെൺ പക്ഷികൾ തമ്മിൽ കാര്യമായ രൂപവ്യത്യാസമില്ല.

മത്സ്യം ഇഷ്ടമാണ്. എങ്കിലും പല്ലി, ഓന്ത്, പഴുതാര, വിട്ടിലുകൾ, ചെറു പാമ്പുകൾ എന്നിവയാണ് ഇഷ്ടഭക്ഷണം. ഈയാംപാറ്റകളെയും തിന്നും. ദീർഘനേരം ഇരുന്ന് ചുറ്റുപാടുകൾ നിരീക്ഷിക്കുകയും ഇരകളെ കണ്ടാൽ പെട്ടെന്ന് പറന്നുചെന്നു കൊത്തിയെടുക്കുകയുമാണിവയുടെ രീതി.

ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെയാണ് പ്രജനനകാലം. ആൺകിളി ഒരു പെൺകിളിയെ മാത്രമേ ഇണയായി സ്വീകരിക്കൂ. എന്നാൽ ഇത് ഒരു സീസണിനു മാത്രമാണോ, ആജീവനാന്തം ഒരേ ഇണ തന്നെയാണോ എന്ന് കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

കൂടുണ്ടാക്കാൻ രണ്ടുപേരും കൂടും. വരമ്പുകളിലും കിണറിലുമെല്ലാം കൂടുണ്ടാക്കും. ജലസ്രോതസ്സുകൾക്ക് അടുത്താകണമെന്നില്ല. 50 സെ.മീ. മുതൽ ഒരു മീറ്റർ വരെ നീളമുള്ള ടണൽ. അറ്റം വിശാലമായ അറയിൽ അവസാനിക്കും. അതിൽ പെൺകിളി മൂന്നു മുതൽ ഏഴു വരെ മുട്ടകൾ ഇടും. ആൺകിളിയും പെൺകിളിയും മാറിമാറി അടയിരിക്കും. 18 മുതൽ 20 ദിവസം വരെ എടുക്കും മുട്ട വിരിയാൻ.

മുട്ട വിരിയുന്ന സമയത്ത് കുഞ്ഞുങ്ങൾക്ക് കണ്ണു കാണില്ല. ആൺപക്ഷിയും പെൺപക്ഷിയും ഒരുമിച്ചാണ് കുഞ്ഞുങ്ങൾക്ക് ആഹാരമെത്തിക്കുന്നതും അവയെ സംരക്ഷിക്കുന്നതും. പത്തൊമ്പത് ദിവസമെടുക്കും കുഞ്ഞുങ്ങൾക്ക് ചിറകുമുളയ്ക്കാൻ. ●



അച്ഛനുമമ്മയും മക്കളും അടങ്ങിയ കൂട്ടങ്ങളായാണ് കാണുക. ഇവയിരിക്കുന്ന പാറകളിൽ കുമ്മായം കലക്കിക്കുടഞ്ഞപോലെ ഇവയുടെ കാഷ്ഠം വീണു കിടക്കുന്നതു കാണാം. മാത്രമല്ല, ചെറിയ ഗുളികകൾപോലെ ഭക്ഷണത്തിലെ ദഹിക്കാത്ത അസ്ഥിശകലങ്ങളും മറ്റും വായിൽക്കൂടി പുറന്തള്ളി ഇട്ടിരിക്കുന്നതും കാണാം.

നവംബർ മുതൽ ജൂൺ വരെയാണ് പ്രജനന കാലം. ●

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന *നീർപ്പക്ഷികളുടെ ലോകം* എന്ന പുസ്തകത്തിലെ ചില ഭാഗങ്ങൾ.

## ഫിലിപ്പൈൻ കുള്ളൻ മീൻകൊത്തി

(Philippine dwarf kingfisher, Ceyx melanurus)

ഇവ ഫിലിപ്പൈൻസിൽ മാത്രം കാണപ്പെടുന്നവയാണ്. ഉഷ്ണമേഖലാ ഈർപ്പവനങ്ങളാണ് വിഹാരമേഖല. ചെറിയ മീൻകൊത്തികളാണ്. 13.2 സെ.മീ. നീളം മാത്രം.

ചിറകുകൾ ഓറഞ്ചു കലർന്ന ചാരനിറമാണ്. ചെവിയുടെ അടുത്തായി ഇരുപുറവും ഒരു വെള്ള പാച്ച് കാണാം. തലയിൽ ഓറഞ്ചും വയലറ്റും കലർന്ന നിറമാണുള്ളത്. വെളുത്ത കഴുത്താണ്. ഉദരഭാഗം വെളുപ്പു കലർന്ന മഞ്ഞനിറം. കാലുകൾക്ക് ഓറഞ്ചുനിറം. ചുണ്ടുകൾ നീണ്ടുകൂർത്തതും കടുത്ത ഓറഞ്ചു നിറമുള്ളതുമാണ്.



കാഴ്ചയ്ക്ക് അതിമനോഹരമായ ഈ ചെറുപക്ഷികൾ ആവാസത്തിലുണ്ടായ അപര്യാപ്തത നിമിത്തം വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ●

# കാൽക്കുലേറ്ററിനെ വിശ്വസിക്കാമോ?

പള്ളിയറ ശ്രീധരൻ




**B - Bracket**
**O - Of**
**D - Division**
**M - Multiplication**
**A - Addition**
**S - Subtraction**

ഗണിതക്രിയകൾ ചെയ്യുമ്പോൾ പലപ്പോഴും നാം തെറ്റു വരുത്താറുണ്ട്. കൃത്യമായ ഗണിതക്രിയ ചെയ്യാൻ നാം കാൽക്കുലേറ്ററുകൾ ഉപയോഗിക്കാറുണ്ട്. ഉത്തരം തെറ്റാതിരിക്കാനാണ് കാൽക്കുലേറ്റർ ഉപയോഗിക്കാറുള്ളത്. പക്ഷേ കാൽക്കുലേറ്ററിൽ ചില കണക്കുകൾ ചെയ്താൽ നാം വെട്ടിലാകും. ഇതാ ഒരു ഉദാഹരണം.

5 + 3 X 8 എത്രയാണെന്ന് കാണണമെന്നിരിക്കട്ടേ. നാം കാൽക്കുലേറ്റർ ഉപയോഗിച്ച് ആദ്യം 5 + 3 ചെയ്യുന്നു. ഇത് 8. ഇനി 8 നെ 8 കൊണ്ടു ഗുണിക്കുന്നു. 8 X 8 = 64. പക്ഷേ നിർഭാഗ്യവശാൽ ഈ ഉത്തരം തെറ്റാണ്! ഒരു ചോദ്യത്തിൽ സങ്കലന ക്രിയയും ഗുണനക്രിയയും വന്നാൽ ആദ്യം ഗുണന ക്രിയ ചെയ്യണം. അപ്പോൾ ആദ്യം ചെയ്യേണ്ടത് 3 X 8 = 24. ഇനി 5 കൂട്ടുക. 24 + 5 = 29. യഥാർഥത്തിൽ ശരിയായ ഉത്തരം 29 ആണ്. കാൽക്കുലേറ്റർ വഴി കിട്ടിയത് 64 ഉം.

പക്ഷേ കാൽക്കുലേറ്ററിനെ പഴിക്കരുത് കേട്ടോ. ഗണിതക്രിയ ചെയ്യുന്ന രീതിയിലാണ് പിഴച്ചത്. ഗണിതത്തിൽ നമുക്ക് നാല് അടിസ്ഥാനക്രിയകളാണുള്ളത്. സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. ഇവ ഉൾപ്പെടുന്ന ക്രിയകൾ വന്നാൽ ഹരണം, ഗുണനം, സങ്കലനം, വ്യവകലനം എന്നീ ക്രമത്തിൽ ക്രിയകൾ ചെയ്യണമെന്നാണ് നിയമം. ഈ നിയമം BODMAS (ബോഡ്മാസ്) എന്നറിയപ്പെടുന്നു. ഇതിലെ അക്ഷരങ്ങൾ സൂചിപ്പിക്കുന്നത് പട്ടികയിൽ കൊടുക്കുന്നു.

അപ്പോൾ ഗണിതക്രിയകളുടെ കാര്യത്തിൽ തന്നിരിക്കുന്ന ക്രമമല്ല സ്വീകരിക്കേണ്ടത്. ബോഡ്മാസ് എന്ന ക്രമമാണ്.



വര: കുഞ്ഞിരാമൻ പുതുശ്ശേരി



വര: പഞ്ചമി എം എസ്

# ഒപ്പരം

സുരേന്ദ്രൻ കാടങ്കോട്

ആ കളിമൈതാനമാകെ
പൂത്തുമ്പികൾ പാറുമ്പോലെ
പൂത്തിരി പൂക്കുമ്പോലെ
ആ കൊച്ചുകിടാങ്ങളിലാകെ
പന്തൊന്നു പിടിക്കുവാനുള്ള
വെമ്പലൊരു മത്സരമാകുന്നു.
ഉന്തിയും തള്ളിയും വീണും
തോറ്റും കിതച്ചും ജയിച്ചും
നിയമങ്ങൾക്കൊത്തും തെറ്റിച്ചും
തമ്മിൽക്കലരുകയാണവർ.
ഈ മൈതാനമെത്രയോ ധന്യം
കുഞ്ഞുപാദങ്ങൾ പുണർന്നതിൻ പുണ്യം!


ഒറ്റമരത്തണലിൽ
ഏകയായൊരു കുട്ടി,
കാലുകൾ വയ്യാത്തവളോ
കളി കണ്ടുകണ്ടങ്ങിരിപ്പാണ്.

ഇരിക്കവയ്യാത്ത ശലഭം പോൽ
അവളിലാവേശം തിരയിടേ
കണ്ണുകൾ ഈറനായിരുന്നോ?

പെട്ടെന്നു കളിചിരി നിന്നു
മൈതാനം നിശ്ചലമായി
കൂട്ടുകാരൊക്കെയും ചുറ്റും
അവളവരിലൊരുവേഗമായ്.

കൂട്ടുകാർ ഒപ്പരം* കൂടി
കളിനിയമങ്ങൾ പൊളിച്ചു
വയ്യാത്ത കാലിനോടിഷ്ടമെന്നപോൽ
പന്തും കൂട്ടുചേർന്നവളോട്.
കൈയടിച്ചാർത്തു വിളിപ്പൂ ചുറ്റും
കൂട്ടരോ തോളിലായേറ്റിയവളെ
ഒപ്പരമായവർ മൈതാനം കുളിർത്തു..

*ഒപ്പരം – ഒന്നിച്ച്






# വൈറസുകളെ അറിയാം

**ഡോ. ബി പത്മകുമാർ**

കുഞ്ഞനുറുമ്പും കൂത്താടിയും കുഴിയാനയുമൊക്കെയാണല്ലോ നാം കണ്ടിട്ടുള്ള ഏറ്റവും ചെറിയ ജീവികൾ. എന്നാൽ നമ്മുടെ കണ്ണുകൾകൊണ്ടു കാണാൻ കഴിയാത്ത തരം അതിസൂക്ഷ്മജീവികളുണ്ട്. ഇവയാണ് ബാക്ടീരിയ, വൈറസ് തുടങ്ങിയ രോഗാണുക്കൾ. വലിപ്പത്തിൽ ചെറുതാണെങ്കിലും ഇവ ചിലപ്പോൾ ലോകത്തെ മുഴുവൻ വിറപ്പിച്ചുകളയും. കൊറോണ വൈറസിന്റെ ചരിത്രം നമുക്കറിയാമല്ലോ. കോവിഡ് മഹാമാരി രണ്ടുവർഷത്തോളം ലോകം മുഴുവൻ നിശ്ചലമാക്കിയില്ലേ. മഹാവ്യാധികൾ വിതയ്ക്കുന്ന അതിസൂക്ഷ്മജീവികളായ കുഞ്ഞൻ വൈറസുകളെക്കുറിച്ച് കുറച്ചു കാര്യങ്ങൾ നമുക്കറിയാം.

## എന്താ വലിപ്പം!

മില്ലീമീറ്റർ, സെന്റീമീറ്റർപോലെ വലിപ്പമളക്കാനുള്ള മറ്റൊരു മാനദണ്ഡമാണ് മൈക്രോൺ. ഒരു മൈക്രോൺ എന്നു പറയുന്നത് ഒരു മില്ലീമീറ്ററിന്റെ ആയിരത്തിൽ ഒന്നു മാത്രമാണ്. എത്ര ചെറുത് അല്ലേ! നമുക്ക് നമ്മുടെ നഗ്നനേത്രങ്ങൾകൊണ്ട് 200 മൈക്രോൺ വലിപ്പമുള്ള വസ്തുക്കളെ മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഇതിലുമൊക്കെ ചെറുതാണ് വൈറസുകൾ. വൈറസുകളുടെ വലിപ്പം നാനോമീറ്ററിലാണ് പറയുന്നത്. ഒരു മൈക്രോണിന്റെ ആയിരത്തിൽ ഒന്നാണ് നാനോമീറ്റർ.




ഹ്യൂമൻ റൈനോ വൈറസ്

ചെറിയ വൈറസുകളിലൊന്നായ പാർവോ വൈറസിന്റെ വലിപ്പം 20 മുതൽ 30 നാനോമീറ്ററാണ്. വലിയ വൈറസായ പോക്സ് വൈറസിന്റേത് 300 നാനോമീറ്ററും. സൂക്ഷ്മജീവികളായ ഈ രണ്ടു വൈറസുകളെയും സാധാരണ മൈക്രോസ്കോപ്പിലൂടെ കാണാൻ കഴിയില്ല. ഇവയെ കാണണമെങ്കിൽ ഇലക്ട്രോൺ മൈക്രോസ്കോപ്പ് തന്നെ വേണ്ടിവരും.

## ഒറ്റയ്ക്കു ജീവിക്കാൻ കഴിയില്ല !

ഇടയ്ക്കിടയ്ക്ക് മഹാവ്യാധികളിലൂടെ ലോകത്തെ വിറപ്പിക്കുന്ന വീരരാണെങ്കിലും സ്വന്തമായി വിഭജിച്ച് പെരുകാനോ ജീവിക്കാനോ ഉള്ള കഴിവ് വൈറസുകൾക്കില്ല. പ്രത്യേകമായ കോശഘടനയോ മറ്റു ജീവികളുടെ കോശങ്ങളിലുള്ളതുപോലെയുള്ള കോശാംഗങ്ങളോ ഇവയ്ക്കില്ല. മറ്റു ജീവികളുടെ കോശങ്ങളിൽ കടന്ന് അവയുടെ ജനിതകസംവിധാനം ഉപയോഗപ്പെടുത്തിയാണ് വൈറസുകൾ പെരുകുന്നത്. മനുഷ്യകോശങ്ങളിൽ കടന്നുകൂടിയാൽ വളരാനും പെരുകാനുമായി നമ്മുടെ കോശങ്ങളിലുള്ള ജനിതകസംവിധാനത്തെ ഉപയോഗിക്കുന്നു.


അതിലളിതമായ ഘടനയാണ് വൈറസുകൾക്കുള്ളത്. മറ്റു കോശങ്ങളിലുള്ളതുപോലെ ആർ എൻ എയും ഡി എൻ എയും ഒരുമിച്ച് വൈറസുകളിലില്ല. ഒരു പ്രോട്ടീൻ ആവരണത്തിനുള്ളിൽ ഡി എൻ എ അല്ലെങ്കിൽ ആർ എൻ എയെ മാത്രം ഉൾക്കൊള്ളുന്ന ലഘുഘടനയാണ് വൈറസിനുള്ളത്. സാധാരണ ജലദോഷപ്പനിക്കു കാരണമായ റൈനോ വൈറസുകൾ, കൊവിഡിനു കാരണമായ കൊറോണ വൈറസുകൾ, എയ്ഡ്സിനു കാരണമായ റിട്രോ വൈറസുകൾ തുടങ്ങിയവയൊക്കെ ആർ എൻ എ വൈറസുകളാണ്. മഞ്ഞപ്പിത്തത്തിനു കാരണമായ ഹെപ്പറ്റൈറ്റിസ് വൈറസ്, ചിക്കൻ പോക്സ് വൈറസ് തുടങ്ങിയവ ഡി എൻ എ വൈറസുകളും.



എച്ച് ഐ വി വൈറസ് (പച്ചനിറം) – സ്കാനിങ് ഇലക്ട്രോൺ മൈക്രോഗ്രാഫ് ചിത്രം.


**മറ്റു ജീവികളുടെ കോശങ്ങളിൽ കടന്ന് അവയുടെ ജനിതകസംവിധാനം ഉപയോഗപ്പെടുത്തിയാണ് വൈറസുകൾ പെരുകുന്നത്. മനുഷ്യകോശങ്ങളിലുള്ള ജനിതകസംവിധാനത്തെ ഇവർക്ക് ഉപയോഗിക്കാനാവും.**

### നൊബേൽ സമ്മാനം നേടിയ ആന്റിവൈറൽ മരുന്ന്

ആന്റിബാക്റ്റീരിയൽ മരുന്നുകളെപ്പോലെ അത്രയധികം മരുന്നുകളില്ല വൈറസ് രോഗങ്ങൾക്കെതിരേ. ചിക്കൻപോക്സിന് എതിരേ കൊടുക്കുന്ന അസൈക്ലോവിർ (Aciclovir) എന്ന മരുന്ന് ഏറെ ഫലപ്രദമാണ്. ഈ മരുന്നിന്റെ കണ്ടെത്തലിൽ ഭാഗമായതിന് Gertrude B. Elion എന്ന സയന്റിസ്റ്റിന് നോബൽ സമ്മാനം ലഭിക്കുകയുണ്ടായി. വരിസെല്ല-സോസ്റ്റർ, ഹെർപ്പെസ് സിംപ്ലെക്സ് എന്നീ രണ്ടുതരം വൈറൽ രോഗാണുക്കളെ തടയുന്നതിനാണ് അസൈക്ലോവിർ ഉപയോഗിക്കാറ്.







കൊറോണ വൈറസ്

**വൈറസുകൾക്കെതിരെയുള്ള നമ്മുടെ പോരാട്ടങ്ങളെ തളർത്തുന്നത് മ്യൂട്ടേഷൻ എന്ന പ്രതിഭാസമാണ്. മ്യൂട്ടേഷൻ സംഭവിക്കുന്നതോടെ നിലവിലുള്ള വാക്സിനുകളുടെ ഫലം കുറയുകയോ ഫലിക്കാതെ വരികയോ ചെയ്യും.**

## ഇടയ്ക്ക് നിറം മാറും !

ഓന്തിന്റെ കാര്യമറിയാമല്ലോ. ചുറ്റുപാടുകളനുസരിച്ച് അവ നിറം മാറും. അതുപോലെ തന്നെ വൈറസുകളും അവയുടെ ജനിതകഘടനയിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തും. ഇതിനെയാണ് മ്യൂട്ടേഷൻ എന്നു പറയുന്നത്. ഇവയുടെ നിലനിൽപ്പിന് എന്തെങ്കിലും തരത്തിലുള്ള വെല്ലുവിളി ഉണ്ടാകുമ്പോഴാണ് ഇവ വേഷം മാറുന്നത്. പുതിയതായി ഉണ്ടാകുന്ന ജനിതകവകഭേദങ്ങൾ കൂടുതൽ കരുത്തുള്ളവരോ വ്യാപനശേഷി ഉള്ളവരോ ആയിരിക്കും.

ഉദാഹരണത്തിന് കൊറോണ വൈറസിന്റെ ഏറ്റവും പുതിയ ജനിതകവകഭേദമായ ഒമിക്രോണിന് അതിതീവ്രവ്യാപനശേഷിയായിരുന്നു. ചില വൈറസുകൾ എല്ലാ വർഷവും മ്യൂട്ടേഷൻ നടത്തും. ഉദാഹരണത്തിന് ഇൻഫ്ളുവൻസ വൈറസ്. ഇതുകൊണ്ടാണ് ഇൻഫ്ളുവൻസക്കെതിരായി എല്ലാ വർഷവും പുതിയ വാക്സിൻ എടുക്കേണ്ടിവരുന്നത്.

## വൈറസ് രോഗങ്ങളെ പ്രതിരോധിക്കാം

മിക്ക വൈറസ് രോഗങ്ങൾക്കെതിരായും ആന്റിവൈറൽ മരുന്നുകൾ ലഭ്യമല്ല. ആന്റിബയോട്ടിക്കുകളും ഇവയ്ക്കെതിരെ ഫലപ്രദമല്ല. വൈറസ് രോഗങ്ങളെ നിയന്ത്രിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗം വാക്സിനേഷനാണ്. കോവിഡിന്റെയും പോളിയോയുടെയും കാര്യത്തിൽ നാമിതു കണ്ടതാണ്.

വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുകയെന്നതു പ്രധാനമാണ്. നമ്മുടെ വീടിനു ചുറ്റുമുള്ള വെള്ളക്കെട്ടുകളും പ്ലാസ്റ്റിക് മാലിന്യങ്ങളും ഒഴിവാക്കിയാൽ കൊതുകുകൾ പരത്തുന്ന വൈറസ് രോഗമായ ഡെങ്കി നിയന്ത്രിക്കാം. മാസ്ക് ധരിച്ചും അകലം പാലിച്ചും വായുവിലൂടെ പകരുന്ന വൈറസ് രോഗങ്ങളെ നിയന്ത്രിക്കാം. ജലദോഷലക്ഷണങ്ങളുള്ളപ്പോൾ സ്കൂളിൽ പോകരുത്. മറ്റു കുട്ടികൾക്ക് അസുഖം പകരാനും നമ്മുടെ അസുഖം മാറാനും താമസിക്കും.

തളിര് മാസികയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ, ചിത്രകഥ തുടങ്ങി ഏത് ആഖ്യാനരൂപവും ആകാം. പത്തുവയസ്സിനു മുകളിലുള്ള കുട്ടികൾക്ക് അനുയോജ്യമാവണം രചനകൾ. പുതുമയുള്ള, കാലഘട്ടത്തിനനുസരിച്ചുള്ള രചനകൾ അയയ്ക്കാവുന്നതാണ്. പൂർണവിലാസവും മൊബൈൽ നമ്പറും രചനയ്ക്കൊപ്പം വയ്ക്കുവാൻ ശ്രദ്ധിക്കണം. ഇമെയിലിലും രചനകൾ അയയ്ക്കാം

**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം 34, ഇമെയിൽ:** thaliru@ksicl.org

# മലയാഴ്മ

ജോയ് വാഴയിൽ

മലരണിക്കനവുകൾ മയങ്ങുന്ന ഹരിതത്തിൻ
മലനിരകളേ, മൗലി നമിച്ചിടുന്നേൻ!
കനിവിന്റെ കതിരാർന്നും കടാക്ഷിപ്പാൻ കൊതിയാർന്നും
കതിരവനെത്തുന്നെന്നും കമനലോലം.
നീലവാനിൽ വെണ്മേഘങ്ങൾ ചൊരിയുന്നിതാശ്ശിസ്സുകൾ,
നീരലകൾ നിരത്തുന്നു നിർഝരിണികൾ.
ഉണരാവൂ മനസ്സുകൾ ഉർവരമാം ചിന്തകളിൽ,
ഉയിരിലെത്തിരിയേഴും തെളിച്ചിടാവൂ!
പരമാത്മചൈതന്യത്തിലേകീഭാവം വരിച്ചാവൂ,
പരകോടി സൂക്ഷ്മജീവൽച്ചെന്തീപ്പൊരികൾ.
വളർന്നാവൂ മക്കൾ പുണ്യപ്രകൃതിയായ്, പ്രകൃത്യംബേ!
വരഭാവധ്വനിസ്പന്ദമുണർന്നിടാവൂ!
തിരുമുമ്പിൽ നമിക്കുന്നൂ, തിരുവൻപിൽ തിളങ്ങുന്നൂ,
തരികെന്നും സൗമ്യാർദ്രമായനുഗ്രഹങ്ങൾ!
തരികെന്നും മനസ്സിന്റെ മഹിതമാം വികാരങ്ങൾ,
സ്ഫുരിതഭാവോന്മിഷത്താമനുഭവങ്ങൾ.

തരികെന്നും മാകന്ദത്തിന്നമൃതങ്ങൾ, കല്ലോലിനി-
ത്തരിവളക്കിലുക്കങ്ങൾ, ചിലമ്പൊലികൾ.
ചുരത്തുകെന്നിരുൾത്തളികയിൽ
നിലാവെൺപയസ്സേൻ
തരുനിരയുണരട്ടെ കിളിക്കൊഞ്ചലിൽ.
വസന്തങ്ങൾ പ്രണയിച്ചോരുഷസ്സുകളിവിടെയാ-
ണസുലഭസന്ധ്യാരാഗനഭസ്സുകളും.
മനുഷ്യനിൽ മഹാപ്രപഞ്ചസ്പന്ദങ്ങളുണർത്തിയ
മനീഷ തൻ വിദ്യുദ്വർഷമിതിൻ ചരിത്രം.
മയക്കത്തിൻ വിഹായസ്സിൽ, കിനാവിന്റെ
മുകിൽച്ചാർത്തിൽ,
മയൂഖങ്ങളാശ്ശിസ്സുകളായിത്തീരട്ടേ,
മലരുകൾ വിരിയട്ടേ, മലയാളമൊഴികളിൽ,
മകരന്ദമൊഴുകട്ടേ മനസ്സുകളിൽ.



വര: ടി ആർ രാജേഷ്

ചരിത്രം



# മുങ്ങിമരിക്കാത്ത പൂച്ച

ജൂലിയസ് മാനുവൽ



**നാടോടിക്കഥകളോ ഇതിഹാസങ്ങളോ നോക്കിയാൽ പൂച്ച അതിൽ ഒരു കഥാപാത്രമെങ്കിലും ആയിരിക്കും. മനുഷ്യരോട് ഇത്രയും അടുത്തു പെരുമാറുന്ന മറ്റൊരു മൃഗമില്ല എന്നു പറയാം. കിടപ്പുമുറിയിൽപ്പോലും ഇത്രത്തോളം സ്വാതന്ത്ര്യത്തോടെ മനുഷ്യർക്കൊപ്പം ജീവിക്കാൻ മറ്റേതു ജീവിക്കു കഴിയും. സിംഹത്തിന്റെയും പുലിയുടെയും ഒക്കെ വംശത്തിൽപ്പെടുന്ന പൂച്ചയുടെ ചരിത്രം ഏറെ രസകരമാണ്.**

നമുക്കാദ്യം ഒരു കഥ പറയാം. ഏതോ ജർമൻ പട്ടാളക്കാരന്റെ വളർത്തുപൂച്ചയായി രണ്ടാം ലോകയുദ്ധകാലത്ത് ബിസ്മാർക്ക് എന്ന പടക്കപ്പലിൽ കയറിക്കൂടിയ ഒരു പൂച്ചയുടെ കഥ.

ബ്രിട്ടീഷ് നേവിയുമായുള്ള യുദ്ധത്തിനൊടുവിൽ 1941 മേയ് 27നാണ് ജർമൻ പടക്കപ്പലായിരുന്ന ബിസ്മാർക്ക് അറ്റ്ലാന്റിക് സമുദ്രത്തിൽ മുങ്ങിത്താണത്. രണ്ടായിരത്തോളം വരുന്ന ജർമൻ നാവികരും കപ്പലിനോടൊപ്പം കടലിന്റെ മടിത്തട്ടിലേക്ക് വീണുപോയി. ചിലർ ആഴങ്ങളിലേക്കു മുങ്ങിപ്പോയെങ്കിലും മറ്റു ചിലർ തടിക്കഷണങ്ങളിലും മറ്റും അള്ളിപ്പിടിച്ച് തണുത്ത ജലപ്പരപ്പിൽ പൊങ്ങിക്കിടന്നു. താമസിയാതെ ബ്രിട്ടീഷ് പടക്കപ്പലായിരുന്ന കൊസാക്ക് (HMS Cosack) അവിടെയെത്തി. ജീവനോടെ അവശേഷിക്കുന്നവരെ രക്ഷപെടുത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ കടലിൽ പൊങ്ങിക്കിടന്നിരുന്ന അനേകം ആളുകളുടെ കൂട്ടത്തിൽ പലകമേൽ അള്ളിപ്പിടിച്ചിരുന്ന ഒരു പൂച്ചയെക്കൂടി അവർക്കു രക്ഷപ്പെടുത്തുവാനായി. ബിസ്മാർക്കിലെ ഏതോ നാവികന്റെ വളർത്തുപൂച്ചയായിരുന്നിരിക്കണം അത്.

തങ്ങൾ രക്ഷപ്പെടുത്തിയ ഭാഗ്യവാനായ ആ ജർമൻ പൂച്ചക്ക് ബ്രിട്ടീഷുകാർ ഓസ്കർ (Oscar) എന്നു പേരിട്ടു. ഓസ്കർ പതിയെ കൊസാക്ക് എന്ന ബ്രിട്ടീഷ് കപ്പലിലെ നാവികരുടെ കൂട്ടുകാരനായി മാറി. എന്നാൽ അത് അധികനാൾ നീണ്ടുനിന്നില്ല. 1941 ഒക്ടോബറിൽ ജിബ്രാൾട്ടറിനടുത്തുവെച്ച് ജർമൻ ടോർപിഡോ ആക്രമണത്തിൽ കൊസാക്കും തകർന്നു. എന്നാൽ ഭാഗ്യം അപ്പോഴും ഓസ് കറിന്റെ കൂടെയായിരുന്നു. തകർന്ന കപ്പലിൽനിന്ന് നാവികരെ രക്ഷിച്ച കൂട്ടത്തിൽ

ആരോ ഓസ്കറിനെയും രക്ഷിച്ച് കരയിലിറക്കി. മാസങ്ങൾക്കുള്ളിൽ രണ്ടു തവണയാണ് കടലിൽ മുങ്ങിച്ചാവാതെ ഓസ്കർ രക്ഷപ്പെട്ടത്. പതിയെ ആളുകൾ ഓസ്കറിനെ മരണമില്ലാത്ത അല്ലെങ്കിൽ മുങ്ങിമരിക്കാത്ത സാം (Unsinkable Sam) എന്ന പേരിൽ വിളിച്ചുതുടങ്ങി.

ജിബ്രാൾട്ടറിൽ നിന്ന് സാമിനെ ബ്രിട്ടീഷുകാർ ആർക്ക് റോയൽ (Ark Royal) എന്ന വിമാനവാഹിനിക്കപ്പലിലേക്കു മാറ്റി. എന്നാൽ അത്ഭുതമെന്നു പറയട്ടേ സാം കയറി രണ്ടു മാസങ്ങൾക്കുശേഷം മറ്റൊരു ടോർപിഡോ ആക്രമണത്തിൽ ആർക്ക് റോയലും മുങ്ങി. എന്നാൽ സാം മരിക്കുവാൻ തയ്യാറല്ലായിരുന്നു. ബോട്ടുകൾ രക്ഷപ്പെടുത്തിയ ആളുകളുടെ കൂട്ടത്തിൽ മരത്തടിയിൽ അള്ളിപ്പിടിച്ചു കിടന്നിരുന്ന സാമും ഉണ്ടായിരുന്നു.

അതോടുകൂടി സാം മരണമില്ലാത്ത പൂച്ചയാണെന്ന് ആളുകൾ തമാശയായി പറഞ്ഞുതുടങ്ങി. എന്നാൽ ഈ പൂച്ച കയറുന്ന കപ്പലുകൾ എല്ലാംതന്നെ മുങ്ങിയ ചരിത്രമുള്ളതിനാൽ സാം ഒരു ദുർനിമിത്തമാണെന്നു കരുതിയ ആളുകളും ഉണ്ടായിരുന്നു. കപ്പലപകടങ്ങളിൽപ്പെടുന്ന പൂച്ചകളെ ഇത്തരത്തിൽ ആളുകൾ രക്ഷപ്പെടുത്താറുണ്ട്. എന്നാൽ സാമിന്റെ കഥ പൂർണമായും സത്യമാണ് എന്ന ഉറപ്പ് ഇന്നുമില്ല. മറ്റു ചില പൂച്ചകളുടെ കഥകൾ കോർത്തിണക്കി സാം എന്ന ഒറ്റപ്പൂച്ചയുടെ കഥയായി മാറിയതാണെന്നും ചിലർ കരുതുന്നു.

കഥകളല്ലേ, അത് അവിടെയും നിന്നില്ല. സാം ദുർനിമിത്തമാണ് എന്നു കരുതുന്നവർക്ക് വേറേ ചില കഥകൾ കൂടി പറയാനുണ്ടായിരുന്നു. പിന്നീട് കരയിലേക്കുള്ള യാത്രയിൽ ലീജിയൺ (HMS Legion) എന്ന കപ്പലിലും ലൈറ്റ്നിങ് ( HMS Lightning ) എന്ന കപ്പലിലും സാം മാറിമാറി കയറി എന്നാണ് ആളുകൾ പറയുന്നത്. ഇത് രണ്ടും പിന്നീട് മുങ്ങി എന്നത് ചരിത്രമാണ്. സാം കയറിയതുകൊണ്ടാണ് ഇവ മുങ്ങിയത് എന്ന രീതിയിലുള്ള കഥകൾ പിന്നീട് പ്രചാരത്തിലായി. ഇതെല്ലാം പക്ഷേ വെറും അന്ധവിശ്വാസങ്ങളിൽനിന്നും ആളുകൾ നിർമിച്ചെടുത്ത കെട്ടുകഥകൾ മാത്രമായിരുന്നു. ഒരു പൂച്ചയ്ക്ക് ഒൻപതു ജന്മങ്ങളുണ്ട് എന്നുള്ള അന്ധവിശ്വാസത്തിൽനിന്ന് ആളുകൾ വായ്മൊഴിയായി പറഞ്ഞുണ്ടാക്കിയ കഥകൾ!

എന്തായാലും സാം എന്നൊരു പൂച്ച ഒരു പക്ഷേ ജർമ്മൻ കപ്പലായ ബിസ്മാർക്കിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടാവാം. ഒന്നുരണ്ടു കപ്പലുകൾ കയറിയിറങ്ങി അത് അവസാനം ഇംഗ്ലണ്ടിൽ എത്തുകയും ആരുടെയോ വീട്ടുപൂച്ചയായി ജീവിച്ച് 1955ൽ മരണമടയുകയും ചെയ്തു എന്നാണ് ഭൂരിഭാഗംപേരും ഇപ്പോൾ കരുതുന്നത്.

ഈ കഥ ഇപ്പോൾ പറയാൻ ഒരു കാരണമുണ്ട്. പൂച്ചകൾ ലോകമെങ്ങും വ്യാപിക്കാനുള്ള ഒരു കാരണം ഈ കഥയിൽ ഒളിഞ്ഞിരിപ്പുണ്ട്.

നമ്മുടെ ഏതെങ്കിലും പൂർവികർ, പുഴ കുറുകേ കടക്കുവാനോ, അല്ലെങ്കിൽ വെള്ളപ്പൊക്കത്തിൽനിന്നു രക്ഷപ്പെടുവാൻ ഒഴുകിപ്പോകുന്ന തടിയിൽ കയറിയിരുന്നപ്പോഴോ



അൺസിങ്കബിൾ സാം. Georgina Shaw Baker എന്ന ബ്രിട്ടീഷ് ചിത്രകാരൻ വരച്ച ചിത്രം.



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



ആവണം മനുഷ്യചരിത്രത്തിലെ ആദ്യ ജലയാത്ര നടന്നിട്ടുണ്ടാവുക. പിന്നീട് അനേകം മരക്കഷണങ്ങൾ കൂട്ടിച്ചേർത്ത് ചങ്ങാടമുണ്ടാക്കി. ഉണക്കിയെടുത്ത പുല്ലുകളും വള്ളികളും ചേർത്തിണക്കി കൊട്ടവഞ്ചികൾ നിർമിച്ചു. അത് പിന്നീട് വലിയ വള്ളങ്ങളും പത്തേമാരികളുമായി രൂപാന്തരം പ്രാപിച്ചു. അവസാനം നാം ഇന്നു കാണുന്ന പടുകൂറ്റൻ കപ്പലുകളുമുണ്ടായി.

മനുഷ്യർ ഇത്തരം ജലയാത്രകൾ നടത്തിത്തുടങ്ങിയപ്പോൾത്തന്നെ, നമ്മുടെ കൂടെ നാം അറിഞ്ഞും അറിയാതെയും ചില ജീവിവർഗ്ഗങ്ങളും കടൽതാണ്ടിയുള്ള യാത്രകൾ ആരംഭിച്ചിരുന്നു. കപ്പലുകളിലും ബോട്ടുകളിലും കയറ്റിയ ഭക്ഷണസാധനകളുടെയും ധാന്യവർഗ്ഗങ്ങളുടെയും മണംപിടിച്ച് നാമറിയാതെ ജലനൗകകളിൽ ആദ്യം കയറിക്കൂടിയവർ എലികളാകണം. എന്തായാലും നീണ്ടകടൽയാത്രകളിൽ കയറിക്കൂടിയ ഇത്തരം എലികൾ പെറ്റുപെരുകി കപ്പലിലെ ആഹാരസാധനങ്ങൾ മുഴുവനും തിന്നുതീർക്കുവാൻ തുടങ്ങി. അവസാനം സഹികെട്ട് എലികളെ തുരത്തുവാൻ നാവികർ പൂച്ചകളെ കപ്പലിൽ കൂടെ കൊണ്ടുപോകുവാൻ തുടങ്ങി. പൂച്ചകളുടെ വലിയ തോതിലുള്ള ലോകം ചുറ്റലും അതോടെയാണ് ആരംഭിച്ചത്.

നാം ഇന്നു കാണുന്ന വളർത്തുപൂച്ചകളുടെ യഥാർഥചരിത്രം ആരംഭിക്കുന്നത് എണ്ണായിരത്തിലധികം വർഷങ്ങൾക്കു മുൻപ് ഈജിപ്തിൽ നിന്നാണ്. നൈൽ നദിയുടെ തീരങ്ങളിൽ താമസിച്ചിരുന്ന പുരാതന ഈജിപ്തുകാർ ഒരേസമയം കർഷകരും മീൻപിടുത്തക്കാരും ആയിരുന്നു. അവർ ഭക്ഷിച്ചു ബാക്കികളയുന്ന മീൻമുള്ളുകൾ കഴിക്കുവാൻ ആഫ്രിക്കൻ ജംഗിൾ ക്യാറ്റ് എന്ന പൂച്ചവർഗ്ഗം പതുക്കെപ്പതുക്കെ ഈജിപ്തുകാരുടെ വീടുകളുടെ പിന്നാമ്പുറങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. അതേസമയം ഈജിപ്തുകാരുടെ ധാന്യപ്പുരകളിൽ എലികൾ വലിയൊരു തലവേദനയായി മാറിക്കഴിഞ്ഞിരുന്നു. എന്നാൽ തങ്ങളുടെ ധാന്യങ്ങൾ മുഴുവനും തിന്നുതീർക്കുന്ന എലികളുടെ യഥാർഥശത്രുക്കൾ തങ്ങളുടെതന്നെ വീട്ടുപരിസരങ്ങളിൽ പാത്തുംപതുങ്ങിയും വന്ന് മീൻമുള്ളുകൾ കഴിക്കുന്ന പൂച്ചകളാണെന്ന്

ഈജിപ്തുകാർ വളരെവേഗം തിരിച്ചറിഞ്ഞു. ശത്രുവിന്റെ ശത്രു മിത്രം തന്നെ! അങ്ങിനെ അവർ പൂച്ചക്കുഞ്ഞുങ്ങളെ ഇണക്കിവളർത്തുവാൻ ആരംഭിച്ചു. വളരെ വേഗം മനുഷ്യരുമായി ചങ്ങാത്തത്തിലായ പൂച്ചകൾ ഈജിപ്തിലെ ധാന്യപ്പുരകളുടെ സംരക്ഷകരുമായിത്തീർന്നു. തങ്ങളുടെ ഭക്ഷ്യവസ്തുക്കൾ സംരക്ഷിക്കുന്ന പൂച്ചയെ ഈജിപ്തുകാർ തങ്ങളുടെ ദേവന്മാരിൽ ഒരാളായി കണ്ടുതുടങ്ങിയതും അക്കാലത്താവും. എന്തായാലും, പുനർജന്മത്തിൽ വിശ്വസിച്ചിരുന്ന അവർ തങ്ങളുടെ ശവകുടീരങ്ങളിൽ പൂച്ചകളെക്കൂടി മമ്മിയാക്കി സംസ്കരിച്ചു. അടുത്ത ജന്മത്തിലും ഇതേ പൂച്ചകൾ തങ്ങൾക്ക് കൂട്ടായി ഉണ്ടാവണം എന്ന വിശ്വാസമായിരുന്നു ഇതിനു കാരണം.

പിന്നീട് വലിയ കപ്പലുകളിൽ മെഡിറ്ററേനിയൻ തീരങ്ങളിൽ കച്ചവടത്തിനായി പോയിരുന്ന ഈജിപ്തുകാർ പൂച്ചകളെയും കൂടെക്കൂട്ടി. പൂച്ചകൾ ഭാഗ്യം കൊണ്ടുവരുമെന്ന അന്ധവിശ്വാസവും കപ്പലിലെ എലികളെ തിന്നുകൊള്ളും എന്ന പ്രായോഗിക വിശ്വാസവുമായിരുന്നു ഇതിനു കാരണം. അങ്ങിനെ വളർത്തുപൂച്ചകൾ റോമിലും കാർത്തേജിലും (ഇന്നത്തെ ടുണീഷ്യ), ഫിനീഷ്യയിലും (ഇന്നത്തെ ലബനൻ) അതുവഴി ലോകത്തിന്റെ നാനഭാഗങ്ങളിലും എത്തിച്ചേർന്നു. ഈ രീതിയിൽ നൈൽത്തീരങ്ങളിൽ മീന്മുള്ളുകൾ കഴിച്ചു നടന്നിരുന്ന ആഫ്രിക്കൻ കാട്ടുപൂച്ചകൾ കാലക്രമേണ ലോകം മുഴുവനും വ്യാപിച്ച വളർത്തുപൂച്ചകളുടെ തലതൊട്ടപ്പന്മാരായി മാറി.

എന്തായാലും ഒരു കാര്യത്തിൽ വലിയ തർക്കമില്ല. കപ്പലുകൾ കയറിയിറങ്ങി ലോകം മുഴുവനും വ്യാപിച്ച ഈജിപ്ഷ്യൻ പൂച്ചകളുടെ വംശത്തിൽപ്പെടുന്ന, മരണമില്ലാത്ത സാമിനെപ്പോലുള്ള അനേകം പൂച്ചകളാണ് ഇന്നു നാം കാണുന്ന വീട്ടുപൂച്ചകളുടെ മുൻഗാമികൾ.



# പൂക്കാലം

**തോമസ് താമരശ്ശേരി**



ശലഭക്കാടുകൾ പൂത്തല്ലോ,
ശബളിത കാന്തി നിറഞ്ഞല്ലോ,
പൂന്തേനുണ്ണാൻ വണ്ടിൻകൂട്ടം
നിരനിരയായിട്ടെത്തുന്നൂ.
കളകള ഗാനം പാടും കുരുവികൾ
കാഴ്ചകൾ കണ്ടു രസിക്കുന്നൂ.
തെന്നലു വന്നൂ, പൂമണമേന്തി
അങ്ങോട്ടിങ്ങോട്ടൊഴുകുന്നൂ.
മണവും മധുവും തേനുണ്ണികളുടെ
മൃദുമർമ്മരവും നിറയുന്നൂ.
പ്രകൃതിയൊരുക്കും നയനമനോഹര
കാഴ്ചകൾ നമ്മൾ കാണണ്ടേ!
ഹൃദയമൊരുക്കും വാടിയിലിതുപോൽ
പൂവുകൾകൊണ്ടു നിറയ്ക്കണ്ടേ!!
സുരഭിലസുന്ദരജീവിതമെങ്ങും
വിടരാനായ് കൊതി വളരേണം.
സുരഭിലസുന്ദരജീവിതമെന്നും,
പുലരാനായ് മതി വളരേണം.



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# റിട്ടയർമെന്റ്

## എം കൃഷ്ണദാസ്

ഞങ്ങളുടെ സ്കൂളിലേക്ക് കയറുന്ന നടപ്പാതയുടെ ഇരുപുറത്തും മാവുകളാണ്. അതെല്ലാം നട്ട്, പരിപാലിച്ച് വളർത്തിയത് വേലായുധൻ മാഷിന്റെ നേതൃത്വത്തിലാണ്. ആ മാവുകളെല്ലാം പൂവിട്ട വർഷമാണ് അദ്ദേഹം ഹെഡ്മാഷായി പ്രൊമോഷനായത്.

അക്കൊല്ലം എല്ലാം മത്സരിച്ച് കായ്ച്ചു.

സ്കൂളിന്റെ തൊട്ടടുത്ത തൊടിയിലെല്ലാം ചെന്ന് കുട്ടികൾ മാവിലെറിയുന്നു എന്ന അയൽവാസികളുടെ പരാതി തീർക്കാനാണ് മാഷ് സ്ക്കൂളതിരിലും നടപ്പാതയുടെ ഇരുപുറത്തും പലതരം മാവിൻതൈകൾ നടാൻ തീരുമാനിച്ചത്.

സഹപ്രവർത്തകരെല്ലാം അന്ന് മാഷിന്റെ തൈനടൽ ശ്രമത്തെ നന്നേ കളിയാക്കിയിരുന്നു. ഈ മാവിൻതൈകൾ വളർന്നുവലുതായി എന്ന് കായ്ച്ചാണ് കുട്ടികൾക്ക് എറിയാനായി മാങ്ങകൾ തൂങ്ങിയാടുകയെന്ന് പലരും നേരിട്ടുതന്നെ അന്ന് മാഷ്നെ കളിയാക്കി.

എല്ലാ ക്ലാസുകളിലും കയറിയിറങ്ങി, സ്കൂൾ മുറ്റത്തിനു ചുറ്റും മാവുകൾ വളരുന്നതും അതിലെല്ലാം മാങ്ങകളുണ്ടാവുന്നതും അതെല്ലാം കുട്ടികൾ എറിഞ്ഞുവീഴ്ത്തി, പങ്കുവെച്ചു തിന്നുന്നതുമായ സ്വപ്നം പറഞ്ഞാണ് മാഷ് അന്നത്തെ കുട്ടികളെക്കൊണ്ട്, അവരുടെ തൊടിയിൽ മുളച്ച മാവിൻതൈകളും ഈമ്പിത്തിന്ന മാങ്ങണ്ടികളും





കൊണ്ടുവരീച്ച് നട്ടുനനച്ച് വളർത്തിയത്.

അങ്ങനെ മാങ്ങകൾ തകൃതിയായി വളർന്നു തൂങ്ങിയ വർഷമാണ്, വേലായുധൻ മാഷ്ക്ക് ഒരു വർഷം മാത്രം ദൈർഘ്യമുള്ള ഹെഡ്മാസ്റ്റർ പദവി ലഭിക്കുന്നത്.

കോവിഡ് നിമിത്തം സ്കൂളടയ്ക്കാൻ ഒരുമാസം കൂടി ക്ലാസുകൾ നീട്ടിക്കിട്ടിയതിനാൽ ഏപ്രിൽ മാസത്തിൽ ത്തന്നെ വേലായുധൻമാഷ് ഹെഡ്മാഷായി ചുമതലയേറ്റു.

ആദ്യത്തെ അസംബ്ലിയിൽ ത്തന്നെ മാഷ് കുട്ടികളോടു പറഞ്ഞ കാര്യം:

''സ്കൂളടയ്ക്കാൻ ഇനി അധികം ദിവസമില്ല. എങ്കിലും ഒഴിവുള്ള പീര്യേഡ് കുട്ടികളെല്ലാം മാവിൽ കയറിയോ, കല്ലെടുത്തെറിഞ്ഞോ മാങ്ങയറത്തു തിന്നോളൂ. മാങ്ങയറക്കാൻ മരത്തിൽ കയറുന്നവർ ഉരസിവീഴാതെ നോക്കണം. കല്ലെടുത്തെറിയുമ്പോൾ മറ്റാരുടേയും മേൽ തട്ടാതെ നോക്കണേ, ഒരാൾ ഒന്നിലധികം മാങ്ങ തിന്നരുതേ...''

മാഷിന്റെ വർത്താനം കേട്ടപ്പോൾ കുട്ടികൾ ആർത്തുവിളിച്ചു. സഹപ്രവർത്തകർ പുതിയ ഹെഡ്മാഷ്ടെ നിർദേശങ്ങൾ കേട്ട് ഉള്ളാലെ

''ഇനിമുതൽ ആരും യൂണിഫോം ധരിക്കേണ്ടതില്ല. വൃത്തിയുള്ള ഡ്രസ്സ് ധരിച്ചു വരണം. ഗ്രൗണ്ടിൽ കളിക്കാനിറങ്ങുന്നവർക്ക് വേറേ ഡ്രസ് കൊണ്ടുവരാവുന്നതാണ്.''

മാഷിന്റെ പ്രഖ്യാപനം കേട്ട് നെറ്റിചുളിച്ചവർ പിറ്റേന്നുമുതൽ കുട്ടികളുടെ സന്തോഷവും വൃത്തിയും കണ്ട് ആശ്ചര്യപ്പെട്ടു.

തീർന്നില്ല! തുടർന്നുള്ള അസംബ്ലികളിലെ പ്രധാന

**സ്കൂളടക്കാൻ ഇനി അധികം ദിവസമില്ല. എങ്കിലും ഒഴിവുള്ള പീര്യേഡ് കുട്ടികളെല്ലാം മാവിൽ കയറിയോ, കല്ലെടുത്തെറിഞ്ഞോ മാങ്ങയറത്തു തിന്നോളൂ. മാങ്ങയറക്കാൻ മരത്തിൽ കയറുന്നവർ ഉരസി വീഴാതെ നോക്കണം. കല്ലെടുത്തെറിയുമ്പോൾ മറ്റാരുടേയും മേൽ തട്ടാതെ നോക്കണേ, ഒരാൾ ഒന്നിലധികം മാങ്ങ തിന്നരുതേ...**



ചിരിച്ചു. തുടക്കത്തിൽ ഇതാണെങ്കിൽ അടുത്ത കൊല്ലം എന്തെല്ലാം കാണേണ്ടിവരുമെന്നവർ പിറുപിറുത്തു.

സംഗതി സത്യമായിരുന്നു. ജൂണിലെ പ്രവേശനോത്സവത്തിലെ പ്രധാന പരിപാടി, പുതിയതായി ഒന്നാംക്ലാസിൽ ചേർത്ത കുട്ടികളുടെ രക്ഷിതാക്കളെക്കൊണ്ട്, സ്വന്തം മക്കളുടെ കഴിവുകൾ പറയിപ്പിക്കലായിരുന്നു. സ്വന്തം കുട്ടികളെ ശരിയായി ശ്രദ്ധിക്കുന്ന രക്ഷിതാക്കൾ സ്വന്തം മക്കളെപ്പറ്റി അഭിമാനത്തോടെ പറയുന്നതു കേട്ട് മറ്റ് കുട്ടികളും അധ്യാപകരും രക്ഷിതാക്കളും അത്ഭുതപ്പെട്ടു.

അന്നത്തെ അസംബ്ലിയിലെ മാഷിന്റെ അടുത്ത പ്രഖ്യാപനം കേട്ടാണ് പിന്നീട് എല്ലാവരും ഞെട്ടിയത്:

പ്പെട്ട ഒരു പരിപാടി, അടുത്ത ദിവസത്തെ ഉച്ചഭക്ഷണത്തിനുവേണ്ട കറികൾ കുട്ടികൾക്ക് നിർദേശിക്കാം എന്നതായിരുന്നു. ഏറ്റവും കൂടുതൽ പേർ ആവശ്യപ്പെട്ട കറികളൊരുക്കാൻ മാഷ് അടുക്കളക്കാർക്ക് അപ്പപ്പോൾ നിർദേശം കൊടുത്തു.

കേൾവിക്കാർ ആദ്യം ചിരിച്ചുതള്ളിയെങ്കിലും പല രക്ഷിതാക്കളും കുട്ടികളുടെ മോഹക്കറികൾക്കുള്ള ചിലവ് സ്പോൺസർ ചെയ്തപ്പോൾ കളിയാക്കിച്ചിരിച്ചവരുടെ മുഖത്തും സന്തോഷം വിരിഞ്ഞു.

കുട്ടികൾ ടെക്സ്റ്റ് ബുക്ക് സ്കൂളിലേക്കു കൊണ്ടുവരേണ്ടതില്ല. സ്കൂൾ ബസ്സുകൾക്കു പകരം സൈക്കിൾ സവാരി, ഒഴിവുദിവസങ്ങളിൽ പഞ്ചായത്തുകുളത്തിലെ

നീന്തൽപഠനം, ഓരോ ക്ലാസി ന്റെ നേതൃത്വത്തിൽ ഓരോ പൂന്തോട്ടവും അകത്ത് ക്ലാസ് ലൈബ്രറിയും ഒരുക്കൽ... അങ്ങനെ തുടങ്ങി ആദ്യം കയ്ച, പിന്നെ മധുരിപ്പിച്ച എണ്ണമറ്റ സന്തോഷങ്ങളെ ക്കൊണ്ട് ഒരു വർഷം അവ സാനിക്കാറായ സമയത്താണ് വേലായുധൻ മാഷ്ക്ക് ഒരു മോഹമുണ്ടായത്.

''പ്രിയമുള്ള കുട്ടികളേ, ഞാൻ വിരമിക്കാനുള്ള ദിവസം ഇങ്ങ് അടുത്തെത്തി, കുറഞ്ഞ സമയം കൊണ്ട് നമ്മൾ സ്കൂളിൽ പലതും ചെയ്തു. അതിന് രക്ഷിതാ ക്കളുടെയും അധ്യാപകരു ടെയും നിങ്ങളുടെയും സഹ കരണമുണ്ടായി. എന്നാൽ, ഞാൻ നിങ്ങളോട് ഒരു കാര്യം ആവശ്യപ്പെടുകയാണ്. അതെ നിക്കു സാധിച്ചുതരുമോ?''

ഹെഡ്മാസ്റ്റർ ഇങ്ങനെ പറഞ്ഞ് അവസാനിപ്പിക്കുന്ന തിനു മുൻപ് ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെ യുള്ള കുട്ടികൾ ഒന്നിച്ചു പറഞ്ഞു:

''എന്താണെന്നു പറയൂ സാർ, ഞങ്ങളതു ചെയ്യാം.''

''ഒന്നുമില്ല, ഒരു ചെറിയ കാര്യം...''

''പറയൂ സാർ...''

കുട്ടികൾക്ക് ഉത്സാഹമായി.

''ഇത്രയുംകാലം ഞാൻ നിങ്ങളോട് ഓരോരോ കാര്യ ങ്ങൾ ആവശ്യപ്പെടുകയായി രുന്നല്ലോ...''

''അതേ സാർ...''

കുട്ടികൾ ഒന്നടങ്കം സമ്മ തിച്ചു.

''ഇന്ന് നിങ്ങൾക്ക് എന്നോട് എന്തെങ്കിലും ചെയ്യാൻ ആവ ശ്യപ്പെടാം...''

ഹെഡ്മാഷ്ടെ പുതികേട്ട് സഹപ്രവർത്തകർക്ക് അപ്പോൾ ശരിക്കും ചിരിപൊട്ടി. പക്ഷേ, തീരാറായില്ലേ ശല്യമെന്നു കരുതി അവർ സമാധാനിച്ചു നിന്നു.

അസംബ്ലിഹാളു മുഴുവൻ ഹെഡ്മാഷോട് എന്താവശ്യ പ്പെടുമെന്ന് തല പുകയ്ക്കു മ്പോൾ, ഒന്നാം ക്ലാസിലെ വിരുതരുടെ ഓർമയിൽ ഇപ്രാവശ്യത്തെ പ്രവേശനോ ത്സവദിവസം ഹെഡ്മാഷ് പറഞ്ഞ കാര്യം വന്നത്:

'നിങ്ങളെപ്പോലുള്ള കുട്ടി കളാവുന്നത് എന്തു രസാ...'

''സാറൊരു കുട്ടിയായി ക്കോളൂ, ക്ലാസിൽ ഞങ്ങൾ പഠിപ്പിക്കാം.'' കുട്ടികളിൽ ചില വിരുതർ തമാശമട്ടി ലാണ് അതു പറഞ്ഞത്.

''ആയ്ക്കോട്ടേ, ഞാൻ സമ്മതിച്ചു, വേണമെങ്കിൽ എല്ലാ അധ്യാപകരെയും നിങ്ങളുടെ ക്ലാസിലിരുത്താം.''

ഹെഡ്മാഷ് അതു പ്രഖ്യാ പിച്ചപ്പോൾ സഹപ്രവർത്ത കർ അമ്പരന്നു. ചിലർ പല്ലു ഞെരിച്ചു. പക്ഷേ കുട്ടികൾ ആവേശത്തിലായി.

**"സാറൊരു കുട്ടിയായിക്കോളൂ, ക്ലാസിൽ ഞങ്ങൾ പഠിപ്പിക്കാം." കുട്ടികളിൽ ചില വിരുതർ തമാശമട്ടിലാണ് അതു പറഞ്ഞത്.**
**"ആയ്ക്കോട്ടേ, ഞാൻ സമ്മതിച്ചു, വേണമെങ്കിൽ എല്ലാ അധ്യാപകരെയും നിങ്ങളുടെ ക്ലാസിലിരുത്താം."**
**ഹെഡ്മാഷ് അതു പ്രഖ്യാപിച്ചപ്പോൾ സഹപ്രവർത്തകർ അമ്പരന്നു. ചിലർ പല്ലു ഞെരിച്ചു. പക്ഷേ കുട്ടികൾ ആവേശത്തിലായി.**

''എങ്കിൽ, നാളെ നിങ്ങ ളുടെ ക്ലാസാണ്. ഒന്നാം പിര്യേഡ് ഒന്നാം ക്ലാസിലെ കുട്ടികൾക്ക് ഞങ്ങൾക്കു ക്ലാസെടുക്കാം, മറ്റുള്ളവർക്ക് കാണാം. രണ്ടാം പിര്യേഡ് രണ്ടാം ക്ലാസുകാർ, മൂന്നാം പിര്യേഡ് മൂന്നാം ക്ലാസ് അങ്ങനെ ഏഴാം പിര്യേഡ് ഏഴാം ക്ലാസുകാർ ക്ലാസെടു ക്കുന്നതോടെ നാളത്തെ ക്ലാസ് തീരും.''

മാഷിന്റെ വിശദീകരണം കേട്ട് ടീച്ചർമാരിൽ ചിലർക്ക് കലികയറുമ്പോൾ കുട്ടിക ൾക്ക് കളിയേറുകയായിരുന്നു.

ചില സഹപ്രവർത്തകർ ഹെഡ്മാഷ്ടെ കോമാളിക്കളി രസിക്കാത്തതുകൊണ്ട് പിറ്റേന്ന് ലീവെടുത്തു. മറ്റു ള്ളവർ നോട്ടുപുസ്തകവും പേനയുമായി അസംബ്ലി ഹാളിലേക്കെത്തിയപ്പോ ഴേക്കും ഹെഡ്മാസ്റ്റർ മുന്നിലെ ബെഞ്ചിൽ സ്ഥലം പിടിച്ചിരുന്നു.

അധ്യാപകർ ഇരുന്നതിനു പിറകിൽ മറ്റു ക്ലാസുകാർ എന്തു നടക്കുമെന്ന ആകാം ക്ഷയോടെ നിശബ്ദമായി രുന്നു. തേഡ് ബെല്ലടിച്ച പ്പോൾ ഒന്നാം ക്ലാസുകാർ മെനയോടെ സ്റ്റേജിൽവന്ന് ക്രമമായി അധ്യാപകരുടെ പേരു വിളിച്ചു. അധ്യാപകർ തെല്ല് ജാള്യതയോടെ ഹാജർ പറഞ്ഞു. പിന്നെ മലയാളം ക്ലാസ് ആരംഭിച്ചു. അവർ അക്ഷരമാല എഴുതാൻ മല യാളം മാഷോടുതന്നെ പറ ഞ്ഞപ്പോൾ എല്ലാവരും അന്തം തപ്പെട്ടു.

അങ്ങനെയങ്ങനെ, രണ്ടാം പീര്യേഡ് രണ്ടാം ക്ലാസുകാർ കണക്കുക്ലാസാണ് എടുത്തത്. അവർ ഗുണകോഷ്ഠം ചൊല്ലാൻ പറഞ്ഞത് കണക്കു മാഷോടാണ്.

പിന്നെ, ഇന്റർവെല്ലിന് വിട്ടപ്പോൾ പുറത്തൂടെ



വര: രശ്മി രാഘവൻ

അലഞ്ഞുതിരിഞ്ഞു നടക്കരുതെന്ന നിർദേശവും അവർ നൽകി!

മൂന്നാം പിര്യേഡ് മൂന്നാം ക്ലാസുകാർ ഇംഗ്ലീഷ് ക്ലാസെടുത്ത് തുടങ്ങിയത് അവർ പഠിച്ച ഇംഗ്ലീഷ് വാക്കുകൾ കേട്ടെഴുത്തു നൽകിക്കൊണ്ടാണ്. തെറ്റിച്ച ഇംഗ്ലീഷ് മാഷ്ക്ക് നൂറുതവണ കേട്ടെഴുത്ത് കൊടുത്തപ്പോൾ സംഗതി പന്തിയല്ലെന്ന് വേലായുധൻ മാഷ്ക്ക് തോന്നി.

നാലാം പിര്യേഡിൽ നാലാം ക്ലാസുകാർ പരിസര പഠന ക്ലാസ് തുടങ്ങിയതേ ഉറക്കം തൂങ്ങിയ സയൻസ് മാഷോട് ‘ബെഞ്ചിൽ കയറ്റി നിർത്തുമേ’ എന്ന് കുട്ടികൾ പറഞ്ഞു. അതോടെ, ഇത് എങ്ങനെ ഏഴാം പിര്യേഡിലെത്തിക്കുമെന്നോർത്ത് ഹെഡ്മാസ്റ്റർ വേവലാതിയോടെ പുറത്തേക്കിറങ്ങി, സ്കൂളിറയത്തു തൂക്കിയ ഉരുക്കുകട്ടിയിൽ കമ്പിക്കോലുകൊണ്ട് കൂട്ടമണിയടിച്ച് പരീക്ഷണക്ലാസിന് വിരാമമിട്ടു.





# എപ്പോഴും നിന്റെ വിൻസെന്റ്

ഡോ. അജിത് കുമാർ ജി

**വിൻസെന്റ് വാൻഗോഗ്. ലോകമെമ്പാടുമുള്ള ചിത്രകലാസ്വാദകരുടെ പ്രിയപ്പെട്ട ആർട്ടിസ്റ്റ്. 37 വയസ്സുവരെ മാത്രമേ ജീവിച്ചിരുന്നുള്ളൂ. പക്ഷേ അദ്ദേഹത്തിന്റെ ചിത്രങ്ങളെ തിരിച്ചറിയാത്തവർ ഇന്നു വിരളം. മരണംവരെ പ്രശസ്തനായിരുന്നില്ല അദ്ദേഹം. പക്ഷേ, പിന്നീടങ്ങോട്ട് ചിത്രകലയെന്നാൽ വാൻഗോഗ് എന്ന അവസ്ഥയായി മാറി. അത്രയ്ക്ക് ആരാധകരാണ് ഇന്ന് ആ ചിത്രങ്ങൾക്ക്.**

'പ്രിയപ്പെട്ട തിയോ...' എന്ന് രണ്ടായിരം തവണയെങ്കിലും വിൻസെന്റ് വാൻഗോഗ് എഴുതിയിട്ടുണ്ടാവും. തന്റെ സഹോദരനായ തിയോ വിൻസെന്റിന് പ്രശസ്ത ചിത്രകാരൻ വാൻഗോഗ് എഴുതിയ കത്തുകൾ അങ്ങനെയാണു തുടങ്ങുക. പലതും നഷ്ടപ്പെട്ടുപോയി. 819 കത്തുകളും അവയ്ക്ക് തിയോ എഴുതിയ 43 മറുപടികളും കണ്ടെത്താനായി. പഠനത്തിനും തൊഴിലിനുമായി വീടുവിട്ടു പോകേണ്ടിവന്ന വാൻഗോഗ് തന്റെ ജീവിതാനുഭവങ്ങളെല്ലാം ഇവയിലൂടെ പങ്കുവെയ്ക്കുമായിരുന്നു.

കത്തുകളിൽ വാൻഗോഗ് തന്റെ ഓരോ ചിത്രവും വരയ്ക്കാനുള്ള കാരണങ്ങൾ എഴുതും. ചിലപ്പോൾ അവ പ്രത്യേക രീതിയിൽ വരയ്ക്കുന്നത് എന്തുകൊണ്ടെന്നു വിശദീകരിക്കും. മറ്റു ചിലപ്പോൾ സ്വന്തം ജീവിതത്തിലെ വീക്ഷണങ്ങളെക്കുറിച്ചെഴുതും. പലപ്പോഴും തന്റെ ചിത്രങ്ങൾ ആരും അംഗീകരിക്കാത്തതിനെക്കുറിച്ചുള്ള നിരാശകൾ പങ്കുവെയ്ക്കും.

ചില കത്തുകളിൽ ചായ ട്യൂബുകളുടെ പേരും എണ്ണവുമാണ്. വാൻഗോഗിന് വരയ്ക്കാനുള്ള ചായങ്ങൾ തിയോ ആയിരുന്നു ഓർഡർ ചെയ്തു വരുത്തിക്കൊടുക്കുന്നത്. ഓരോ ചിത്രത്തിനും ആവശ്യമായ കളറുകളാണ് വാൻഗോഗ് കത്തുകളിൽ എഴുതുന്നത്. ഇങ്ങനെ ബ്രഷും നിറങ്ങളും ക്യാൻവാസും വാങ്ങുന്നതു മുതൽ ജീവിതച്ചെലവിനുള്ള തുകവരെ തിയോ ആയിരുന്നു നൽകിപ്പോന്നത്.



De Aardappeleters (ഉരുളക്കിഴങ്ങു തിന്നുന്നവർ) 1885, കാൻവാസിൽ എണ്ണച്ചായത്തിൽ ചെയ്തത്.

വെറും എഴുത്തു മാത്രമല്ല കത്തുകളിലുള്ളത്. അതിൽ പല പെയിന്റിങ്ങുകളുടെയും പ്രാഥമികസ്കെച്ചുകളും വാൻ ഗോഗ് വരച്ചുചേർക്കുമായിരുന്നു. ഇന്നു വാട്ട്സ്ആപ്പ് പോലുള്ളവയിൽ ഫോട്ടോകൾ അയച്ചുകൊടുക്കാറില്ലേ, അതു പോലെ തന്നെ. ചിലത് പേന കൊണ്ടുള്ള സ്ക്രിബിളുകൾ. ചിലതാകട്ടേ നിറം ചാലിച്ച ചിത്രങ്ങൾ. ചില ഡ്രോയിങ്ങുകളിൽ യഥാർത്ഥപെയിന്റിങ്ങിന്റെ നിറങ്ങൾ ഏതെല്ലാമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നതു കാണാം. യഥാർഥ വർണചിത്രം യഥാതഥമായി തിയോയ്ക്ക് സങ്കൽപ്പിക്കാൻ കഴിയണമെന്ന് വാൻഗോഗ് ആഗ്രഹിച്ചിരിക്കണം. അത്രയേറെ തന്റെ മനസ്സിനെ അതേപടി വാൻഗോഗ് തിയോയുമായി പങ്കുവെച്ചിരുന്നു.

വാൻഗോഗിനെ ഇന്ന് നമുക്കെല്ലാവർക്കും അറിയാം. ഒരുപക്ഷേ ഇന്നുവരെയുള്ളവരിൽ ഏറ്റവും പ്രസിദ്ധനായ ചിത്രകാരിൽ ഒരാൾ. ഏറ്റവും വിലപിടിപ്പുള്ള ചിത്രങ്ങളിൽ പലതും വാൻഗോഗിന്റേതാണ്. പക്ഷേ, ജീവിച്ചിരുന്ന കാലത്ത് ചില കലാകാർക്കൊഴികെ ആർക്കും വാൻഗോഗിനെ അറിയില്ലായിരുന്നു. കലാകാർക്ക് പൊതുവേ വാൻഗോഗിന്റെ ചിത്രങ്ങളോട് യാതൊരു മതിപ്പും തോന്നിയിരുന്നുമില്ല.

ജീവിതത്തിലുടനീളം മാനസിക അസ്വസ്ഥതകൾ വാൻഗോഗിനെ പിന്തുടർന്നിരുന്നു. പലപ്പോഴും അതുമൂലം ആശുപത്രികളിൽ ദീർഘനാൾ കഴിയേണ്ടിവന്നു. ആശുപത്രിക്കിടക്കകളിലിരുന്ന് അദ്ദേഹം ചിത്രങ്ങൾ പൂർത്തിയാക്കുമായിരുന്നു. സ്റ്റാറി നൈറ്റ് എന്ന പ്രസിദ്ധമായ ചിത്രം ആർലെ ആശുപത്രിയുടെ ജനലിലൂടെയുള്ള നഗരത്തിന്റെയും ആകാശത്തിന്റെയും ചിത്രമാണ്. ഒരു സൈപ്രസ് മരത്തിനു പിന്നിൽ ആകാശത്തിലേക്കു കുത്തിനിൽക്കുന്ന പള്ളിയും ചുറ്റുമുള്ള വീടുകളുമാണ് ചിത്രത്തിലെ ഒരു ഭാഗം. അതിനു മുകളിലെ കടുംനീല നിറത്തിലെ ആകാശത്തിൽ നിറഞ്ഞുനിൽക്കുന്ന നക്ഷത്രങ്ങൾ തികച്ചും അസാധാരണമാണ്. അവയുടെ മഞ്ഞ വെളിച്ചം തിളങ്ങുക മാത്രമല്ല പ്രകാശം ഒരു ചുഴലിപോലെ സഞ്ചരിക്കുകയും ചെയ്യുന്നു.

ഒരിക്കൽ, തന്നെ ചികിത്സിച്ച ഫെലിക്സ് റെയ് എന്ന ഡോക്ടർക്ക് അദ്ദേഹത്തിന്റെ പോർട്രെയിറ്റ് വാൻഗോഗ് വരച്ചു നൽകി. നിർഭാഗ്യമെന്നു പറയട്ടേ, അത് ഫെലിക്സ് റെയ്ക്ക് ഇഷ്ടമായില്ല. അദ്ദേഹം ആ ചിത്രം ഉപേക്ഷിച്ചു. എന്നാൽ വാൻഗോഗിന്റെ മരണശേഷം ഈ ചിത്രം 50 ലക്ഷത്തിലേറെ ഡോളർ വിലവരുന്ന ഒന്നായി മാറി.

ഒരു ചിത്രം മാത്രമാണ് അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് വിറ്റുപോയത്. മരിക്കുന്നതിനു മുൻപ് മറ്റു ചിത്രങ്ങളെല്ലാം വാൻഗോഗ് തിയോയ്ക്ക് അയച്ചുകൊടുക്കുകയായിരുന്നു. അങ്ങനെ തിയോയുടെ കൈവശമുള്ള ചിത്രശേഖരത്തിലൂടെയാണ് വാൻഗോഗിന്റെ ചിത്ര



തന്റെ തന്നെ ഛായാചിത്രങ്ങൾ വരയ്ക്കുന്നതിൽ തത്പരനായിരുന്നു വാൻഗോഗ്. അദ്ദേഹം വരച്ച രണ്ടു സ്വയഛായാചിത്രങ്ങൾ (1889)



Wheatfield with Crows എന്ന രചന. ഇതും ഏറെ പ്രശസ്തമായ പെയിന്റിങ്ങാണ്.

ങ്ങളെ നാമിന്ന് അറിയുന്നത്. ചിത്രങ്ങളോടൊപ്പം വാൻഗോഗിന്റെ കത്തുകളെയും തിയോ അമൂല്യമായി കരുതി സൂക്ഷിച്ചുവെച്ചു. തിയോയുടെ ശേഖരത്തിലുള്ള കത്തുകളിലൂടെ വാൻഗോഗ് എന്ന മനുഷ്യന്റെ ചിന്തകളെയും നാം അറിയുന്നു.

അങ്ങനെ നിരവധി കാരണങ്ങളാൽ കലാലോകത്തിലെ അമൂല്യശേഖരമായി വാൻഗോഗിന്റെ കത്തുകൾ പരിഗണിക്കപ്പെടുന്നു. വാൻഗോഗിന്റെ മാനസികാവസ്ഥകളെക്കുറിച്ചു മാത്രമല്ല, ഒരു സർഗ്ഗപ്രക്രിയയുടെ എല്ലാ ഘടകങ്ങളെക്കുറിച്ചുമുള്ള കലാകാരന്റെ വീക്ഷണം കൂടി ഈ കത്തുകൾ നമ്മളോടു പങ്കുവയ്ക്കുന്നു.

നെതർലന്റിൽ ജനിച്ചെങ്കിലും പിന്നീട് ഫ്രാൻസിലെ വിവിധ നഗരങ്ങളിലാണ് വാൻഗോഗ് സമയം ചെലവഴിച്ചത്. പള്ളിയിലെ പാതിരിയാകുന്നതിനായി പഠനം നടത്തിയെങ്കിലും അതുപേക്ഷിക്കേണ്ടി വന്നു. പിന്നെ പലതരം തൊഴിലുകൾ വാൻഗോഗ് പരീക്ഷിച്ചു. ഒന്നിലും വാൻഗോഗ് തൃപ്തനായില്ല. ഇരുപത്തിയേഴാം വയസ്സിൽ വാൻഗോഗ് ചിത്രകലയിൽ എത്തിച്ചേർന്നു. ദാരിദ്ര്യവും തൊഴിൽപരാജയങ്ങളും പ്രണയനൈരാശ്യവും സൃഷ്ടിച്ച മനോവ്യഥയെ മറികടക്കാനാകാം ഒരുപക്ഷേ വാൻഗോഗ് ചിത്രരചനയിലൂടെ പരിശ്രമിച്ചത്. സ്വയം പരിശീലിച്ച വഴികളിലൂടെ ലോകത്തെ വിസ്മയിപ്പിച്ച ചിത്രകാരനായി വാൻഗോഗ് അങ്ങനെ മാറുകയായിരുന്നു.

**ആരും അവഗണിക്കുന്ന സംഭവങ്ങൾ, സൗന്ദര്യമില്ലെന്നു കരുതുന്ന വസ്തുക്കൾ... ബെഡ്റൂം, സ്റ്റൂൾ, ചെരിപ്പുകൾ, കാക്കകൾ, വാടിയ പൂക്കൾ, പാവപ്പെട്ടവർ കൂടിയിരുന്ന് ഉരുളക്കിഴങ്ങ് കഴിക്കുന്ന ദൃശ്യം, കർഷകർ ഇതൊക്കെയാണ് വാൻഗോഗ് തന്റെ ചിത്രങ്ങളാക്കി മാറ്റിയത്.**

ചിത്രകാർ അന്നുവരെ ചെയ്തുവരാറുള്ളതിൽനിന്ന് വളരെ വ്യത്യസ്തമായ വിഷയങ്ങളാണ് വാൻഗോഗ് തെരഞ്ഞെടുത്തത്. ആരും അവഗണിക്കുന്ന സംഭവങ്ങൾ. സൗന്ദര്യമില്ലെന്നു കരുതുന്ന വസ്തുക്കൾ... ബെഡ്റൂം, സ്റ്റൂൾ, ചെരിപ്പുകൾ, കാക്കകൾ, വാടിയ പൂക്കൾ, പാവപ്പെട്ടവർ കൂടിയിരുന്ന് ഉരുളക്കിഴങ്ങ് കഴിക്കുന്ന ദൃശ്യം, കർഷകർ എന്നിങ്ങനെയാണ് വാൻഗോഗ് തെരഞ്ഞെടുത്തത്. ഒന്നിനുമീതേ ഒന്നായി വളരെ കട്ടിയോടെ നിറങ്ങൾ പിടിപ്പിച്ചുള്ള രചന വളരെ മൗലികമായ രീതിയായിരുന്നു. തീവ്ര മഞ്ഞനിറത്തോടുള്ള ഭ്രമം ഏറെക്കുറെ എല്ലാ ചിത്രങ്ങളിലും നമുക്കു കാണാനാവും.

നാൽപ്പതോളം സെൽഫ് പോർട്രെയിറ്റുകൾ, കഫേ ടെറസ്, ഐറിസെസ്, ദ പൊട്ടറ്റോ ഈറ്റേഴ്സ്, വീറ്റ്ഫീൽഡ് വിത്ത് ക്രോസ്, ബെഡ്റൂം ഇൻ ആർലെ, വെയ്സ് വിത്ത് സൺഫ്ളവേഴ്സ്, ബെഡ്റൂം, സ്റ്റാറി നൈറ്റ് എന്നിങ്ങനെ 37 വർഷത്തെ ജീവിതത്തി



Still Life: Vase with Fourteen Sunflowers എന്ന രചന, 1888



The Starry Night. 1889 ൽ വരച്ച 'ദ സ്റ്റാറി നൈറ്റ്' എന്ന വിഖ്യാതചിത്രം.

നിടയിൽ 2100 ഓളം രചനകൾ വാൻഗോഗ് പൂർത്തിയാക്കി.

തന്റെ പ്രിയ സുഹൃത്തായ ചിത്രകാരൻ പോൾ ഗൊഗീനോടൊപ്പം കഴിയവേ ഒരിക്കൽ അവർ വഴക്കിട്ടു. ഗൊഗീൻ പിരിഞ്ഞുപോകാൻ തീരുമാനിച്ചു. വാൻഗോഗ് തന്റെ ദേഷ്യം പ്രകടിപ്പിച്ചത് തന്റെ ഒരു ചെവി മുറിച്ചുമാറ്റിക്കൊണ്ടായിരുന്നു.

വാൻഗോഗിന്റെ അവസാന കാലത്ത് ഒരു കത്തിൽ ഇങ്ങനെ എഴുതുന്നു:

''ചിത്രങ്ങളെക്കുറിച്ച് ഇവിടെയുള്ള ആളുകൾ ഇത്ര നിസ്സംഗരും അവഗണിക്കുന്നവരുമായിരിക്കുന്നത് എത്ര നിർഭാഗ്യകരമാണ്... ഹോ! എന്റെ ഈ നശിച്ച രോഗമില്ലാതെ എനിക്ക് വരയ്ക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ...''

തന്റെ മനോരോഗത്തെ സ്വയം മനസ്സിലാക്കുവാനും വാൻഗോഗിനു കഴിഞ്ഞിരുന്നു. എങ്കിലും മാനസികാസ്വാസ്ഥ്യങ്ങൾക്കൊടുവിൽ വെറും മുപ്പത്തിയേഴാം വയസ്സിൽ ആയിരക്കണക്കിന് അനിതര സാധാരണചിത്രങ്ങൾ നമുക്ക് സമ്മാനിച്ച ശേഷം വാൻഗോഗ് ആത്മഹത്യ ചെയ്യുകയായിരുന്നു. അപ്പോഴും ഒരു കത്ത് തന്റെ പ്രിയപ്പെട്ട സഹോദരനു വേണ്ടി എഴുതി തയ്യാറാക്കിയത് വാൻഗോഗ് തന്റെ പോക്കറ്റിൽ കരുതിവെച്ചിരുന്നു.

''എന്നും നിന്റേത്, വിൻസെന്റ്.''

മിക്കവാറും എല്ലാ കത്തുകളും വാൻഗോഗ് അവസാനിപ്പിക്കുന്നത് ഇങ്ങനെ തന്നെയായിരുന്നു. 'Ever yours, Vincent.' സത്യമാണ്. പക്ഷേ തിയോയുടേതു മാത്രമല്ല, ലോകത്തെ എല്ലാ കലാസ്നേഹികളുടേതുമായി വാൻഗോഗ് തന്റെ ചിത്രങ്ങളിലൂടെ ജീവിക്കുന്നു.

# ചാടുന്ന എലി

## പുനരാഖ്യാനം : വീണ എം



വര: രതീഷ് വിൻസന്റ് വി പി

ഒരിക്കൽ, ഒരു വലിയ കാടിനടുത്തുള്ള ഒരു ചെറിയ പൊന്തക്കാട്ടിൽ ഒരു കൂട്ടം എലികൾ, എലി ബിസിനസ്സുകൾ നടത്തി ജീവിച്ചു പോന്നിരുന്നു. മാളങ്ങൾ തുരക്കുക, അറകളിൽ ഫലങ്ങളും വിത്തുകളും അണ്ടിവർഗ്ഗങ്ങളും ശേഖരിക്കുക, കിട്ടുന്നതൊക്കെ കരണ്ടു നശിപ്പിക്കുക തുടങ്ങിയവയായിരുന്നു എലി ബിസിനസ്സിലെ പ്രധാന ഇനങ്ങൾ. എന്നാൽ അക്കൂട്ടത്തിൽപ്പെട്ട ഒരു കുഞ്ഞൻ എലിക്കാകട്ടേ ഈ എലി ബിസിനസ്സിലൊന്നും യാതൊരു താൽപര്യവും ഉണ്ടായില്ല. അവനൊരു സ്വപ്നാടകനെപ്പോലെ നിരന്തരം മറ്റേതോ ലോകത്തായിരുന്നു. മറ്റെലികളെപ്പോലെ എന്തെങ്കിലും നിരന്തരം തിന്നുകൊണ്ടിരിക്കുക എന്നതൊന്നും അവനു പറഞ്ഞിട്ടേയുള്ള കാര്യങ്ങളല്ല. കുറച്ചെന്തെങ്കിലും കഴിച്ചെന്നു വരുത്തി, പാട്ടൊക്കെ പാടി അവൻ പിന്നേയും തന്റെ സ്വപ്നലോകത്തേക്കു കയറും.

ഒരിക്കൽ അവനാ പൊന്തക്കാട്ടിലെ മാളത്തിനുള്ളിൽ നിന്ന് സ്വപ്നം കണ്ടുകണ്ട് പുറത്തുവന്നു. അപ്പോളാണ് അവനാക്കാര്യം ശ്രദ്ധിച്ചത്, എവിടെനിന്നോ അതിസുന്ദരമായൊരു ഗാനം ഒഴുകിയെത്തുന്നുണ്ട്. അവനാ ഗാനത്തിൽ മയങ്ങി, മുഴുകി.

“ആരാണാ പാട്ടു പാടുന്നത്?” അവൻ എലിസുഹൃത്തുക്കളോടു ചോദിച്ചു.

“നിനക്കു ഭ്രാന്താണ്, ഇവിടെ ആരും പാടുന്നില്ല.” സുഹൃത്തുക്കൾ അവനെ കളിയാക്കി.

അവനാകട്ടേ പാട്ടിന്റെ ഉടമ ആരെന്നറിയാൻ അമ്മയോടും അച്ഛനോടും ബന്ധുക്കളോടും ഒക്കെ കാര്യം തിരക്കി. കുറേപ്പേർ അവനെ കളിയാക്കി, കുറേപ്പേർ വഴക്കു പറഞ്ഞു, അവന്റെ അമ്മ മാത്രം ഒരു കാര്യം പറഞ്ഞു,

“കുഞ്ഞെലീ, നീ എത്രയും പെട്ടെന്ന് എലി ബിസിനസ്സ് ചെയ്യാൻ പഠിക്കാതെ പാട്ടൊക്കെ ആസ്വദിച്ച് നടന്നാൽ നിന്റെ ജീവിതം പാഴാണ്. വേഗം നല്ലൊരു എലി ബിസിനസ്സുകാരൻ ആകാൻ നോക്കൂ.”

അവനൊരു അനുകമ്പയുള്ള കുഞ്ഞായിരുന്നതിനാൽ, അമ്മയ്ക്ക് താനുണ്ടാക്കുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി, ‘ഞാൻ ശ്രമിക്കാം അമ്മേ...’ എന്നുമാത്രം മറുപടി പറഞ്ഞു.

ദിവസങ്ങൾ കടന്നുപോയി. എലികളുടെ നാട്ടിലെ ഒരു കുഞ്ഞിനുപോലും ആരാണ് പാട്ടുകാരി എന്നു പറഞ്ഞുകൊടുക്കാനായില്ല. പാട്ടു കേൾക്കുന്ന സ്ഥലത്തേക്കു പോകാനായാൽ ആളെ കണ്ടുപിടിക്കാൻ കഴിയുമല്ലോ, കുഞ്ഞനെലി ആലോചിച്ചു.

അങ്ങനെ എലി ബിസിനസ്സൊക്കെ പൊടിപൊടിച്ചു നടന്നിരുന്ന ഒരു ദിവസം കുഞ്ഞനെലി മെല്ലെ മാളത്തിനു പുറത്തുവന്നു. നല്ല

സുന്ദരമായൊരു വസന്തകാല ദിനമായിരുന്നു അത്. തേനീച്ചകളും പൂമ്പാറ്റകളും വണ്ടുകളും പൂക്കളന്വേഷിച്ചുള്ള പ്രയാണത്തിലായിരുന്നു. ചെടികളാകട്ടേ പൂന്തേൻകുടങ്ങൾ നീട്ടി പക്ഷികളെയും ഷഡ്പദങ്ങളെയും തങ്ങളുടെ അരികിലേക്കു വിളിച്ചുകൊണ്ടിരുന്നു. വസന്തത്തിന്റെ വരവിൽ ഉന്മത്തരായ പക്ഷികളാകട്ടേ, മധുരമധുരമായ ഗാനങ്ങളോരോന്നും പാടിത്തിമിർത്തു. ഒരു നിമിഷം കുഞ്ഞനെലി അവന്റെ പാട്ടിന്റെ കാര്യമൊക്കെ മറന്നു, ചുറ്റും നടക്കുന്ന ഈ ഹർഷോന്മാദത്തിന്റെ ഭാഗമായി.

പുറത്തിറങ്ങുമ്പോൾ ഇലച്ചാർത്തുകൾക്കടിയിലൂടെ നല്ലപോലെ ശ്രദ്ധിച്ചു നടന്നില്ല എങ്കിൽ വല്ല പരുന്തോ പ്രാപ്പിടിയനോ തങ്ങളെ റാഞ്ചിക്കൊണ്ടുപോകും എന്ന് അമ്മ പറഞ്ഞത് ഓർമിച്ചുകൊണ്ട് കുഞ്ഞനെലി അവന്റെ ഹൃദയം കവർന്ന ഗാനത്തിനു മാത്രം ശ്രദ്ധ കൊടുത്തുകൊണ്ട് തന്റെ യാത്രയാരംഭിച്ചു.

പോകുന്ന വഴിയിൽ വെയിൽകാഞ്ഞു കിടക്കുന്ന സലമാണ്ടറിനെ കണ്ടപ്പോൾ അവൻ വീണ്ടും തന്റെ ചോദ്യം തൊടുത്തു.

''ആരാണിത്ര സുന്ദരമായി പാട്ടുപാടുന്നത് എന്നു നിനക്കറിയാമോ?''

സലമാണ്ടർ താൽപര്യമില്ലാത്ത മട്ടിൽ അവനെ തല ചരിച്ചൊന്നു നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

വഴിയിൽ കണ്ട അണ്ണാനോടും കാടപ്പക്ഷികളോടും മറ്റുമൊക്കെ ചോദിച്ചെങ്കിലും ചിലരവനെ കളിയാക്കി, മറ്റുള്ളവർ അവനെ അവഗണിച്ചു. പക്ഷേ അവൻ അവന്റെ അന്വേഷണം മതിയാക്കാൻ തയ്യാറായില്ല.

അങ്ങനെ പോകുമ്പോളാണ് അവൻ പാറയ്ക്കടിയിലെ തണുപ്പാസ്വദിച്ച് മയക്കത്തിലാണ്ടിരുന്ന തിളങ്ങുന്ന കണ്ണുകളുള്ള തവളയെ കണ്ടത്. അവൻ സുന്ദരനായ തവളയോട് ചോദിച്ചു,

''നീയെങ്ങാനും ഞാനീ നിരന്തരം കേൾക്കുന്ന പാട്ടു കേൾക്കാറുണ്ടോ? ആരാണിത്ര സുന്ദരഗാനമിങ്ങനെ നിരന്തരം പാടുന്നതെന്ന് നിനക്കറിയുമോ?''

തവള കണ്ണുതുറന്ന് അവനെ സ്നേഹപൂർവം നോക്കി, പിന്നെ ചെവിയോർത്തുകൊണ്ടു പറഞ്ഞു,

''ഓ.. ആ കേൾക്കുന്ന പാട്ടാണോ... അതു പാടുന്നതു പുഴയാണ്. അവൾക്കേ രാപ്പകൽ വ്യത്യാസമില്ലാതെ ഇങ്ങനെ പാടിക്കൊണ്ടിരിക്കാൻ കഴിയൂ.''

''പുഴയോ, ഞാൻ കേട്ടിട്ടേയില്ലല്ലോ... ഞാൻ അവളെ കാണാൻ ഇറങ്ങിയതാണ്.''

''അതു നല്ല എളുപ്പമാണ്, എലിക്കുട്ടീ. ഞാൻ നിലത്തു പമ്മിക്കിടക്കുന്ന മാതിരി പമ്മിക്കിടന്നിട്ട് മുകളിലോട്ട് ഒറ്റച്ചാട്ടം വച്ചു കൊടുക്കുക. അപ്പോൾ ദൂരെ പുഴ ഒഴുകുന്നതു കാണാം. കരിംപാറകളിൽ തലതല്ലി ചിരിച്ച്, നാട്ടുകാരോടും കാട്ടിലുള്ളവരോടും കൊച്ചുവർത്തമാനമൊക്കെ പറഞ്ഞ്, അവളങ്ങനെ തിമിർത്തു പായുന്നത് ഒരു കാഴ്ചയാണ്.''

''അയ്യോ... കേട്ടിട്ട് സഹിക്കാനാവുന്നില്ല! അവളെ എനിക്കു കണ്ടേ തീരൂ... ഞാനൊന്നു ശ്രമിക്കട്ടേ...''

അങ്ങനെ കുഞ്ഞനെലി നിലത്തു പമ്മിക്കിടന്ന് മേലേക്ക് ഒറ്റച്ചാട്ടം. അപ്പോൾ അവൻ ദൂരെ ഒരു മിന്നായം പോലെ അവളെ കണ്ടു. പാൽനുര ചിന്നി, ചിരിച്ചു തിമിർത്തു പായുന്നൊരു കാട്ടുപുഴ. എന്തൊരു കാഴ്ചയായിരുന്നു അത്. എലിക്ക് സന്തോഷം സഹിക്കാനായില്ല.

**എലിക്കുട്ടീ, ഞാൻ നിലത്തു പമ്മിക്കിടക്കുന്ന മാതിരി പമ്മിക്കിടന്നിട്ട് മുകളിലോട്ട് ഒറ്റച്ചാട്ടം വച്ചുകൊടുക്കുക. അപ്പോൾ ദൂരെ പുഴ ഒഴുകുന്നതു കാണാം. കരിംപാറകളിൽ തലതല്ലിച്ചിരിച്ച്, നാട്ടുകാരോടും കാട്ടിലുള്ളവരോടും കൊച്ചുവർത്തമാനമൊക്കെ പറഞ്ഞ്, അവളങ്ങനെ തിമിർത്തു പായുന്നത് ഒരു കാഴ്ചയാണ്.**

''ഇത്രയും സുന്ദരിയായ പുഴയുടെ അച്ഛനും അമ്മയും എത്ര സൗന്ദര്യമുള്ളവർ ആയിരിക്കും...''

''സംശയമെന്താ...?'' തവള പറഞ്ഞു. ''പുഴയുടെ അച്ഛൻ മലയാണ്, അദ്ദേഹത്തെ കാണാൻ ഏറെ ദൂരം പോകണം. കാടാണ് പുഴയ്ക്കു ജന്മം നൽകിയവൾ. അവളെ കാണാൻ ഒന്നുകൂടി എളുപ്പമാണ്. പുഴയുടെ ശബ്ദം നീ കേൾക്കുന്നില്ലേ, അതു മാത്രം ശ്രദ്ധിച്ചു നടന്നാൽ നീ പുൽമേടിനു സമീപം എത്തും. പുൽമേട് കടക്കുമ്പോൾ നീ നല്ലപോലെ ശ്രദ്ധിക്കണം, കാര്യം നിന്നെ സംരക്ഷിക്കുന്ന സസ്യാവരണം അവിടെ നന്നേ കുറവാണ്.

പുൽമേടു കടന്നാൽ കാടാണ്, അവിടെ പുഴയുടെ പാട്ടിന്റെ ശക്തി കുറഞ്ഞുവരും. അങ്ങനെ നിനക്കവരെ രണ്ടാളെയും കാണാനാവും. സന്തോഷമായി പോയ്‌വരൂ.''

അങ്ങനെ കുഞ്ഞെലി തന്റെ യാത്ര തുടങ്ങി. ഇടയ്ക്കിടയ്ക്ക് അവനു പുഴയെ അടുത്തു കാണാൻ കഴിഞ്ഞു. കൂടുതൽ സമയവും അവൻ പാട്ടൊക്കെ പാടി നല്ല നല്ല കിനാവുകൾ കണ്ടാണ് നടന്നത്.

അങ്ങനെ നടന്നു നടന്നു പുൽമേടു കടക്കുമ്പോളാണ് അവനാ കാഴ്ച കണ്ടത്, വഴിയിൽ ഒരു മഹാജീവി അങ്ങനെ കിടക്കുന്നുണ്ട്. അവനോടി അടുത്തെത്തി. ആ ജീവിയുടെ ചുറ്റാകെ ഓടി നടന്ന് അതിന്റെ മുഖമെന്നു തോന്നിയ ഭാഗത്തെത്തി അവൻ ചോദിച്ചു,

''എന്തൊരു സുന്ദരനായ മഹാനായ ജീവിയാണ് നീ. എന്താ നീയിങ്ങനെ കിടക്കുന്നത്... നിന്റെ പേരെന്താണ്.''

''ഞാൻ കാട്ടുപോത്താണ്.'' ആ ജീവി പറഞ്ഞു. ''ഈ ഭൂമിയിലെ ജീവിതം തീർന്ന് എനിക്ക് മരിക്കാൻ സമയമായി. അതിനാലാണ് ഞാനിങ്ങനെ...''

കൂടുതൽ പറയാനാകാതെ കാട്ടുപോത്ത് പകുതി വഴിയിൽ നിർത്തി.

''ഇത്രയും സുന്ദരൻ ജീവിയെ ഭൂമിക്കു നഷ്ടമാകുകയോ, ഒരിക്കലും പാടില്ല. ഞാനെന്റെ ജീവൻ വേണമെങ്കിലും തരാം, പക്ഷേ നീ ജീവിച്ചേ തീരൂ. പറയൂ, നീ ജീവിക്കാൻ വേണ്ടി, എനിക്കെന്താ ചെയ്യാൻ കഴിയുക?''

''ഞാൻ ജീവിക്കണമെങ്കിൽ നിന്റെ ഒരു കണ്ണെനിക്കു തരണം...'' കാട്ടുപോത്തു പറഞ്ഞു.

''ഓ.. അതിനെന്താ, എന്റെ കണ്ണിനേക്കാൾ എത്രയോ വിലമതിക്കാനാവാത്തതാണ് നിന്റെ ജീവൻ.''

തന്റെ ഒരു കണ്ണു പറിച്ച് കാട്ടുപോത്തിനു കൊടുത്തുകൊണ്ട് എലി പറഞ്ഞു. കണ്ണ് സ്വീകരിച്ച കാട്ടുപോത്ത് ഉഷാറായി എണീറ്റു.

കുഞ്ഞെലിക്കു സന്തോഷം പറഞ്ഞറിയിക്കാൻ ആയില്ല. സന്തോഷസൂചകമായി കാട്ടുപോത്ത് എലിയെ തോളിലേറ്റി പുൽമേട് കടക്കാൻ സഹായിച്ചു. എലിയാകട്ടേ തന്റെ യാത്രയെക്കുറിച്ചെല്ലാം കാട്ടുപോത്തിനോട് പറഞ്ഞുകൊടുത്തു.

കാടു തുടങ്ങുന്ന ഭാഗത്ത് അവർ വഴിപിരിഞ്ഞു. ശക്തി കുറഞ്ഞു തുടങ്ങിയ പുഴയുടെ ഗാനം ശ്രവിച്ച് കാടിന്റെ ഓരം ചേർന്ന് എലി പിന്നെയും അങ്ങനെ നടന്നു. കുറേ ദൂരം പോയപ്പോൾ അതാ കിടക്കുന്നു വഴിയിൽ മറ്റൊരു മഹാജീവി... മൃതപ്രായയായി, ശ്വാസോച്ഛ്വാസംപോലും എടുക്കാനാവാതെ കിടക്കുന്നു.

''അയ്യോ, എന്തുപറ്റി സുഹൃത്തേ, നീയെന്താ ഇങ്ങനെ വയ്യാത്തപോലെ? ആരാ നീ, പറയൂ. ഞാനെന്തു സഹായമാണ് ചെയ്തുതരേണ്ടത്....'' എലി ദയാപൂർവം ചോദിച്ചു.

''വുൾഫ്, ഞാനാണ് വുൾഫ്. ഞാൻ മരിക്കാറായി സുഹൃത്തേ...'' ചെന്നായ പറഞ്ഞു.

''എന്ത്, ഭൂമിക്ക് ഇത്രയും



സുന്ദരിജീവിയെ നഷ്ടപ്പെടുന്നുവെന്നോ. ഒരിക്കലും ഇതു സംഭവിക്കാൻ പാടില്ല. പറയൂ, എന്റെ ജീവൻ വേണമെങ്കിലും ഞാൻ നിനക്കു തരാൻ തയ്യാറാണ്, പക്ഷേ നീ ജീവിച്ചേ മതിയാകൂ.''

''ഞാൻ ജീവിക്കും; നിന്റെ ഒരു കണ്ണെനിക്കു ദാനം ചെയ്താൽ...''

ചെന്നായ പറഞ്ഞു തീരേണ്ട താമസം അവൻ തന്റെ മറ്റേ കണ്ണും പറിച്ച് ചെന്നായയ്ക്കു നൽകി. കണ്ണു സ്വീകരിച്ച ചെന്നായ പൂർവാധികം ഗാംഭീര്യത്തോടെ ഉണർന്നെണീറ്റു. കുഞ്ഞെലിക്കു നന്ദി പറഞ്ഞ ചെന്നായ, അവന്റെ വരവിന്റെ ഉദ്ദേശ്യം ചോദിച്ചറിഞ്ഞു.




പുഴയുടെ അമ്മയെയും അച്ഛനെയും അന്വേഷിച്ചുള്ള യാത്രയിലാണ് അവനെന്നറിഞ്ഞ്, ചെന്നായയും അവനെ തോളിലേറ്റി. പുഴയുടെ അമ്മയായ കാടിനെപ്പറ്റി, തനിക്കറിയാവുന്ന കാര്യങ്ങളെല്ലാം ചെന്നായ എലിയെ ധരിപ്പിച്ചു. അങ്ങനെ കാട് വീണ്ടും അവസാനിച്ച് മലമടക്കുകൾ തുടങ്ങുന്ന സ്ഥലത്ത് എലിയെ പതിയെ താഴെയിറക്കി ചെന്നായ പറഞ്ഞു:


**അങ്ങനെ നടക്കുമ്പോൾ, തന്റെ മീതേ വീഴുന്ന പരുന്തിൻ ചിറകുകളുടെ നിഴൽ അവനറിയുന്നുണ്ടായിരുന്നു. എന്തോ, അവനു ഭയമേ തോന്നിയില്ല. പിന്നെ അടുത്തേക്കടുത്തേക്കു വരുന്ന ചിറകടിയൊച്ച. അവനെങ്ങോട്ടും ഓടിയൊളിച്ചില്ല.**

''ഇനി മുന്നോട്ടുവരാൻ എനിക്കനുവാദമില്ല കുഞ്ഞേ. മലമടക്കുകൾ ഇവിടെ തുടങ്ങുകയാണ്. ഇടതൂർന്ന കാടും ചോലപ്പുൽമേടുകളും. ഇനി നീ സൂക്ഷിച്ചു കയറണം. പാറിപ്പറക്കുന്ന പരുന്തുകൾ നിന്റെ മീതേ നിഴൽ വീഴ്ത്തിയാൽ ഒളിക്കുക. പുഴയുടെ പാട്ടിന്റെ ശബ്ദം നേർത്തിരിക്കുന്നു. നീ വേഗം പുഴയുടെ മാതാപിതാക്കളുടെ അരികിലെത്തും. സന്തോഷമായിരിക്കുക.''

അവൻ തന്റെ പ്രയാണം തുടർന്നു. പുതിയ തരം പക്ഷിപ്പാട്ടുകളും കാറ്റിന്റെ സംഗീതവും അവൻ ആസ്വദിച്ചു തുടങ്ങി. അങ്ങനെ നടക്കുമ്പോൾ, തന്റെ മീതേ വീഴുന്ന പരുന്തിൻചിറകുകളുടെ നിഴൽ അവനറിയുന്നുണ്ടായിരുന്നു. എന്തോ, അവനു ഭയമേ തോന്നിയില്ല. പിന്നെ അടുത്തേക്കടുത്തേക്കു വരുന്ന ചിറകടിയൊച്ച. അവനെങ്ങോട്ടും ഓടിയൊളിച്ചില്ല. നിമിഷങ്ങൾ... അതാ അവൻ ആകാശത്തേക്കുയർന്നു കഴിഞ്ഞു.

ചെറിയ ചില വേദനകൾ, പ്രാണനും പ്രാണനും ഒന്നാകുന്നതിന്റെ പിടച്ചിലുകൾ. അവയുടെ ഒടുവിൽ, താഴേക്കു നോക്കിയ അവൻ, മലമടക്കുകൾ മുഴുവൻ ഇടതൂർന്നു വളരുന്ന കാടും ചെറുതാഴ്വാരങ്ങളിൽനിന്നും ഉത്ഭവിച്ചൊഴുകുന്ന പാടാനും നൃത്തം ചെയ്യാനും മാത്രമറിയുന്ന കുഞ്ഞുപുഴകളും പുൽമേടുകളിൽ മേഞ്ഞുനടക്കുന്ന കാട്ടുപോത്തുകളും കാടിന്റെ തുറന്ന പാറക്കൂട്ടങ്ങളിൽ കൂട്ടുകാരുമായി സംഘാലാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന ചെന്നായ്ക്കളും എന്തിന് വെയിൽ കായുന്ന സലമാണ്ടറും താമരയിലയിൽ വിശ്രമിക്കുന്ന തവളയെയും ഒക്കെ കണ്ടുകണ്ട് ഉയരത്തിൽ വട്ടമിട്ടുപറന്നു.



credit: Michael Gallagher

# ഇത്തിരി കടൽക്കാര്യങ്ങൾ

ശ്രീനിധി കെ എസ്

**ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ സമുദ്രത്തോളം പ്രാധാന്യം മറ്റൊന്നിനും ഉണ്ടാവില്ല. ജീവൻ ഉണ്ടായതും സമുദ്രത്തിൽത്തന്നെ. കരയിലേക്ക് പിന്നീടാണ് ജീവൻ നടന്നുകയറിയതെന്നാണ് പരിണാമപഠനങ്ങൾ തെളിയിക്കുന്നത്. അറിഞ്ഞതിനെക്കാളേറെയുണ്ടാവും അവിടെ ഇനിയറിയാൻ. അനേകമനേകം അത്ഭുതങ്ങളുടെ ഒരു വലിയ കലവറ. അതാണു സമുദ്രം.**

മരങ്ങളും ചെടികളും മാത്രമല്ല ഭൂമിയിൽ ഓക്സിജനുണ്ടാക്കിയവർ! കേട്ടാൽ അല്പം അമ്പരപ്പു തോന്നാം. കാരണം നമുക്കു ശ്വസിക്കാനാവശ്യമായ ഓക്സിജൻ നിർമിക്കുന്നതിൽ മരങ്ങളുടെ പങ്കിനെക്കുറിച്ചാണ് നാം എപ്പോഴും കേൾക്കാറ്. 47 കോടി വർഷങ്ങൾ മുൻപാണ് കരയിൽ ആദ്യത്തെ സസ്യവർഗ്ഗങ്ങൾ പ്രത്യക്ഷപ്പെട്ടത്. എന്നാൽ അതിനും കോടിക്കണക്കിനു വർഷങ്ങൾക്ക് മുൻപുതന്നെ നമ്മുടെ അന്തരീക്ഷം ഓക്സിജൻ സമൃദ്ധമാകാൻ തുടങ്ങിയിരുന്നു. മരങ്ങളും ചെടികളും ഇല്ലെങ്കിൽ പിന്നെങ്ങനെയായിരിക്കും ഇത്രയും ഓക്സിജൻ നിർമിക്കപ്പെട്ടത്?

ഭൂമിക്ക് ഏകദേശം 450 കോടി വർഷം പ്രായമുണ്ടെന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്.

### സീ അനിമോണും ക്ലൗൺ മത്സ്യവും

മുകളിലെ ചിത്രം നോക്കൂ. സീ അനിമോൺ എന്ന ജീവിയാണ് ചുവപ്പും നീലയും നിറത്തിൽ കാണപ്പെടുന്നത്. ഈ ജീവിക്കൊപ്പം എപ്പോഴും ക്ലൗൺ മത്സ്യങ്ങളും കാണും. ഇവ പരസ്പരം സഹായിച്ചാണ് ഇരപിടുത്തം. കടലിലെ പാരസ്പര്യത്തിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാറുള്ളതാണ് ഇവരുടെ ജീവിതം. 2020ൽ ലോകസമുദ്രദിനവുമായി ബന്ധപ്പെട്ട് നടത്തിയ ഫോട്ടോമത്സരത്തിൽ സമ്മാനം ലഭിച്ച ചിത്രമാണിത്. Michael Gallagher എടുത്ത ചിത്രം.

എന്തായാലും ആദിമഭൂമിയുടെ അന്തരീക്ഷത്തിൽ ഓക്സിജൻ തീരെ ഇല്ലായിരുന്നു എന്നു പറയാം. എന്തിനേറെ, 210 കോടി വർഷങ്ങൾ കാര്യമായ് ഓക്സിജൻ ഇല്ലാത്ത അന്തരീക്ഷവുമായിട്ടാണു ഭൂമി നിലനിന്നത്. പിന്നീട് ഏതാണ്ട് 240 കോടി വർഷങ്ങൾക്കു മുമ്പാണ് ഭൂമിയിലെ ഓക്സിജൻനില കൂടിവരാൻ തുടങ്ങിയത്. മരവും ചെടിയും ഒന്നുമില്ലാത്ത ഭൂമിയിൽ ഓക്സിജൻ നിറച്ചത് ഒരു കുഞ്ഞുജീവിയാണ്, സയനോബാക്ടീരിയ (Cyanobacteria) എന്ന സൂക്ഷ്മാണു.

## ലോകസമുദ്രദിനം

2009 മുതൽക്കാണ് ലോകസമുദ്രദിനം നാം ആചരിച്ചുപോരുന്നത്. സമുദ്രമലിനീകരണം ഉൾപ്പടെയുള്ള പ്രശ്നങ്ങൾ ലോകസമൂഹത്തിനു മുന്നിലേക്ക് എത്തിക്കാനും സമുദ്രസമ്പത്തിനെ സംരക്ഷിക്കാനുമായി നിരവധി പരിപാടികൾ ജൂൺ 8ന് സംഘടിപ്പിക്കാറുണ്ട്. നമ്മെ നിലനിർത്തുന്നതും ബന്ധിപ്പിക്കുന്നതും പിന്തുണയ്ക്കുന്നതും സമുദ്രങ്ങളാണ്. പക്ഷേ ഇപ്പോൾ ഒരു ആപത്ഘട്ടത്തിലൂടെ കടന്നുപോവുകയാണ് സമുദ്രങ്ങൾ. നമ്മെ നിലനിർത്തുന്ന സമുദ്രങ്ങൾക്ക് പുതുജീവൻ നൽകാൻ നമുക്കൊരുമിച്ചേ മതിയാവൂ.

പുനരുജ്ജീവനം - സമുദ്രങ്ങൾക്കായുള്ള കൂട്ടുപ്രവർത്തനം എന്ന ആശയത്തിലൂന്നിയാണ് ഇത്തവണത്തെ ആചരണം. സമുദ്രതീരം മലിനമാകാതിരിക്കാൻ നമുക്കെല്ലാവർക്കും കൂട്ടുചേരാം. പങ്കാളികളാവാം.

ഏകദേശം 270 കോടി വർഷങ്ങൾ മുമ്പാണ് അന്നത്തെ സമുദ്രങ്ങളിൽ സയനോബാക്ടീരിയ അവതരിച്ചത്. അതുവരെയുണ്ടായിരുന്ന ജീവാണുക്കളിൽനിന്നു വ്യത്യസ്തമായ ചില സന്നാഹങ്ങളോടെയാണ് സയനോബാക്ടീരിയയുടെ വരവ്. സമുദ്രജലത്തിന്റെ സഹായത്തോടെ പ്രകാശസംശ്ലേഷണം നടത്തി ഊർജ്ജം സ്വീകരിക്കാനുള്ള കഴിവ്. പകരം പുറന്തള്ളുന്നത് ഓക്സിജനും. ഇങ്ങനെ ആദ്യമുണ്ടായ ഓക്സിജനൊക്കെ സമുദ്രജലത്തിൽത്തന്നെ ലയിച്ചുപോയി. ലക്ഷക്കണക്കിനു വർഷങ്ങളോളം ഇതു തുടർന്നു. പതിയെ ഈ കുഞ്ഞുജീവികൾ ഉണ്ടാക്കിയ ഓക്സിജൻകൊണ്ട് സമുദ്രജലം സമൃദ്ധമാവാൻ തുടങ്ങി. ഒരു പരിധി കഴിഞ്ഞപ്പോൾ സമുദ്രങ്ങളിൽനിന്നും അന്തരീക്ഷത്തിലേക്ക് ഓക്സിജൻ കണങ്ങൾ രക്ഷപ്പെടാൻ തുടങ്ങുകയും പതിയെ അന്തരീക്ഷത്തിലെ ഓക്സിജൻനില കൂടിവരികയും ചെയ്തു. ഏകദേശം 240 കോടി മുതൽ 210 കോടിവരെ വർഷങ്ങൾ മുൻപ് നടന്ന ഈ പ്രതിഭാസത്തെ 'ഗ്രേറ്റ് ഓക്സിഡേഷൻ ഇവന്റ്' (Great Oxidation Event) എന്നാണു വിളിക്കുന്നത്. അതിന്റെ മുന്നണിപ്പോരാളിയായതോ സമുദ്രങ്ങളിലെ കുഞ്ഞു ബാക്ടീരിയകളും.



കോടിക്കണക്കിനു ഫൈറ്റോപ്ലാങ്ക്ടണുകൾ നിറഞ്ഞിരിക്കുന്ന സമുദ്രഭാഗത്തിന്റെ ഉപഗ്രഹചിത്രം.

credit: NASA images by Robert Simmon and Jesse Allen

ഇന്നത്തെ ഭൂമിയിലും ആകെ ഓക്സിജന്റെ 50 മുതൽ 80 ശതമാനം വരെയും നിർമിക്കുന്നത് സമുദ്രത്തിലാണ്. ഇതിൽത്തന്നെ വലിയൊരു ഭാഗം ഉൽപ്പാദിപ്പിക്കുന്നതോ 'ഫൈറ്റോപ്ലാങ്ക്ടണുകൾ' എന്നു വിളിക്കുന്ന കുഞ്ഞുസസ്യങ്ങളും. 'പ്രോക്ളോറോകോക്കസ്' എന്ന ഇനം ഫൈറ്റോപ്ലാങ്ക്ടൺ ആണ് പ്രകാശസംശ്ലേഷണം നടത്തുന്ന ഏറ്റവും ചെറിയ ജീവി. 'പ്രോക്ളോറോകോക്കസ്' മാത്രം ഉൽപ്പാദിപ്പിക്കുന്ന ഓക്സിജന്റെ അളവ് കരയിലെ എല്ലാ വനങ്ങളും പുറത്തുവിടുന്ന ഓക്സിജനോളം തന്നെ വരും!

ചുരുക്കത്തിൽ നമുക്കു വേണ്ട ജീവവായു ഒരുക്കിത്തരുന്നതിൽ മരങ്ങളെക്കാൾ പ്രാധാന്യം നമ്മുടെ സമുദ്രങ്ങളിലെ കുഞ്ഞുസസ്യങ്ങൾക്കാണ്.

## കാലാവസ്ഥ നിയന്ത്രിക്കുന്ന കടൽ

സമുദ്രം ഒരു ഓക്സിജൻ ബാങ്ക് മാത്രമല്ല – കരയിൽ നമുക്കു ലഭിക്കുന്ന കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ പ്രധാനപങ്കും സമുദ്രങ്ങൾക്കുതന്നെ.

സൂര്യനിൽനിന്ന് ഭൂമിയിൽ എത്തുന്ന ചൂടുകിരണങ്ങളിലെ നല്ലൊരു പങ്ക് ആഗിരണം ചെയ്യുന്നതും സമുദ്രജലമാണ്. ഈ ചൂടിനെ ഭൂമി മുഴുവൻ പലതരത്തിൽ വിതരണം ചെയ്യാ



കടലിലെ പ്രധാന ആവാസവ്യവസ്ഥയാണ് പവിഴപ്പുറ്റുകൾ. കടൽമലിനീകരണം ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരിടം.

നുള്ള സംവിധാനവും സമുദ്രങ്ങളിലുണ്ട്. ഭൂമധ്യരേഖാപ്രദേശങ്ങളും ധ്രുവപ്രദേശങ്ങളും തമ്മിലുള്ള സമുദ്രജലത്തിന്റെ തുടർച്ചയായ ഒഴുക്കിനെയാണ് സമുദ്രജലപ്രവാഹങ്ങൾ എന്നു വിളിക്കുന്നത്. താപോർജ്ജത്തെ വിതരണം ചെയ്യുന്നതിലൂടെ വൻകരകളിലെ കാലാവസ്ഥയെ ഈ പ്രവാഹങ്ങൾ വലിയ രീതിയിൽ നിയന്ത്രിക്കുന്നുണ്ട്.

കേരളത്തിൽ നമുക്ക് ഇടവപ്പാതിയും തുലാവർഷവും ലഭിക്കുന്നത് മൺസൂൺ കാറ്റുകൾ കാരണം ആണെന്നറിയാമല്ലോ. സമുദ്രത്തിലെയും അന്തരീക്ഷത്തിലെയും പ്രവർത്തനങ്ങൾ കൂടിച്ചേർന്നാണ് മൺസൂണുകൾ വീശുന്നതും മഴ ലഭിക്കുന്നതും. ചുഴലിക്കാറ്റുകളും പേമാരികളും എല്ലാം ഉണ്ടാക്കുന്ന 'ന്യൂനമർദ്ദങ്ങളെ'ക്കുറിച്ചുള്ള വാർത്തകൾ കേൾക്കാറില്ലേ? ഇതും സമുദ്രവും അന്തരീക്ഷവും ചേർന്നുണ്ടാകുന്ന പ്രതിഭാസമാണ്.

അന്തരീക്ഷത്തിലേക്കു പുറന്തള്ളുന്ന കാർബൺ ഡൈഓക്സൈഡിന്റെ 30 ശതമാനത്തിലേറെ ആഗിരണം ചെയ്യുന്നതും സമുദ്രങ്ങൾ തന്നെ. ആഗോളതാപനത്തിനു കാരണമാകുന്ന ഹരിതഗൃഹവാതകം ആണ് കാർബൺ ഡൈഓക്സൈഡ്. നല്ലൊരു ശതമാനം കാർബൺ ഡൈഓക്സൈഡ് ആഗിരണം ചെയ്യുന്നതിലൂടെ അന്തരീക്ഷം ചൂടുപിടിക്കുന്നത് ഒരു പരിധിവരെ സമുദ്രങ്ങൾ തടയുന്നു.

## മാറുന്ന കടൽ

പെട്രോളിയം ഇന്ധനങ്ങൾ കത്തിക്കുന്നതിന്റെയും മറ്റും ഫലമായി അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ അളവ് നാൾക്കുനാൾ കൂടിവരികയാണ്. കൂടുതൽ കാർബൺ ഡൈഓക്സൈഡ് ആഗിരണം ചെയ്യുന്നതിലൂടെ സമുദ്രത്തിൽ പല മാറ്റങ്ങളും സംഭവിക്കുന്നുണ്ട്. കാർബൺ ഡൈഓക്സൈഡ് ജലത്തിൽ വലിയതോതിൽ ലയിപ്പിച്ചാണല്ലോ സോഡ ഉണ്ടാക്കുന്നത്. സോഡ ഒരു ആസിഡ് ആണ്. സമുദ്രത്തിൽ കാർബൺ ഡൈഓക്സൈഡിന്റെ അളവു കൂടിയാൽ സമുദ്രജലവും ആസിഡിന്റെ സ്വഭാവം കാണിച്ചുതുടങ്ങും.

മലിനീകരണവും കാലാവസ്ഥാമാറ്റവും സമുദ്രങ്ങളെയും ബാധിക്കുന്നുണ്ട്. ആഗോളതാപനം കാരണം ഭൂമി മുഴുവൻ ചൂടുപിടിക്കുന്നതിനാൽ സമുദ്രജലത്തിനും ചൂട് കൂടുന്നുണ്ട്.

വലിയൊരു പ്രതിസന്ധികൂടി വരുന്നുണ്ട്. ഓക്സിജൻദാതാക്കളായ ഫൈറ്റോപ്ലാങ്ക്ടണുകളുടെ എണ്ണം ഏതാനും ദശാബ്ദങ്ങളായി പ്രതിവർഷം 1% എന്ന നിരക്കിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. സമുദ്രതാപനിലയിലെ വർധനവും രാസഘടനയിലെ മാറ്റവുമാണ് ഇതിനു കാരണമെന്നു കരുതുന്നു. പ്രാണവായുവിന്റെ അളവ് കുറയുകയെന്നാൽ പല ജീവനുകളും ഇല്ലാതാവുക എന്നുകൂടിയാണ് അർഥം.

പവിഴപ്പുറ്റുകളുടെ മനോഹരമായ ചിത്രങ്ങൾ കണ്ടിട്ടില്ലേ. പവിഴപ്പുറ്റുകളിൽനിന്നും ഉണ്ടാകുന്ന വലിയ ദ്വീപുകളെയാണ് പവിഴദ്വീപുകൾ എന്നു വിളിക്കുക. നമ്മുടെ തൊട്ടടുത്തുള്ള ലക്ഷദ്വീപുസമൂഹം പവിഴദ്വീപുകളാണ്. കാണാനുള്ള മനോഹാരിത മാത്രമല്ല പവിഴപ്പുറ്റുകൾക്ക് ഉള്ളത്, സമുദ്രജീവികളിലെ

നല്ലൊരു ശതമാനം ജീവിക്കുന്നത് പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ടാണ്. നിരവധി ജനങ്ങൾ പവിഴപ്പുറ്റുകളെ ആശ്രയിച്ചു ഭക്ഷണവും ജോലിയും നേടുന്നുണ്ട്. സമുദ്രജലം ആസിഡ് സ്വഭാവം കാണിക്കുന്നതും ചൂടു കൂടുന്നതും പവിഴപ്പുറ്റുകൾക്ക് വലിയ ഭീഷണിയാണ്. പവിഴപ്പുറ്റുകളുടെ നാശം മനുഷ്യർ ഉൾപ്പെടെ നിരവധി ജീവികളെയാണ് സാരമായി ബാധിക്കുക.

ആഗോളതാപനം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകി കടലിൽ ചേരാനും അതുവഴി സമുദ്രങ്ങളിലെ ജലനിരപ്പ് ഉയരാനും കാരണമാവാം. ചൂടുപിടിക്കുമ്പോൾ വെള്ളം അല്പം വികസിക്കും. ചൂട് ക്രമാതീതമായി കൂടുമ്പോൾ സമുദ്രജലവും വികസിക്കുന്നുണ്ട്. ഇതും സമുദ്രനിരപ്പ് ഉയരുന്നതിന്റെ മറ്റൊരു കാരണമാണ്. സമുദ്രനിരപ്പ് ഉയരുന്നത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറാൻ കാരണമാകും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ?

ഇങ്ങനെയൊക്കെയാണെങ്കിലും സമുദ്രങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ നാം ഏറെ പുറകിലാണ്. കരയിൽ കാണുന്നതിനെക്കാൾ കൂടുതലാണ് കടലിലേക്ക് നമ്മൾ തള്ളുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ്. ഓരോ വർഷവും ഏകദേശം 80 ലക്ഷം ടൺ പ്ലാസ്റ്റിക് കടലിലേക്ക് എത്തുന്നുണ്ടത്രേ! കുഞ്ഞു പ്ലാസ്റ്റിക്തുണ്ടുകൾ ചെറുമത്സ്യങ്ങളുടെയും മറ്റും ഉള്ളിലെത്തുമ്പോൾ വലിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ തിമിംഗലംപോലെയുള്ള വമ്പൻ ജീവികളുടെ ശരീരത്തിലും എത്തുന്നു. പ്ലാസ്റ്റിക് മാലിന്യത്തിനു പുറമെയാണ് വ്യവസായശാലകളിൽനിന്നും കപ്പലുകളിൽനിന്നും സമുദ്രത്തിലേക്കു പുറന്തള്ളുന്ന രാസമാലിന്യങ്ങൾ. ഭക്ഷ്യശൃംഖലയിലൂടെ ഈ മാലിന്യങ്ങൾ മനുഷ്യരുൾപ്പടെ അനവധി ജീവികളുടെ ശരീരത്തിൽ എത്തപ്പെടാം.

പരിസ്ഥിതിദിനപ്രവർത്തനങ്ങളിൽ വനനശീകരണത്തെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും നമ്മൾ പഠിക്കാറില്ലേ? എന്നാൽ മനുഷ്യന്റെയും മറ്റു ജീവികളുടെയും ജീവവായു മുതൽ ഭക്ഷണവും ജലവും വരെ തരുന്നതിൽ സമുദ്രങ്ങളുടെ പങ്ക് നാം കരുതുന്നതിലും വലുതാണ്.

# മകരക്കുളിരിൽ

**പ്രഭലോചന പി എം**


വര: ആശ ആർ

മകരമണിഞ്ഞൂ വൈരങ്ങൾ,
മരതകമിട്ടൂ മാന്തോപ്പ്,
പുതുമണമേന്തി പൂങ്കാറ്റ്,
ശ്രുതിമധുഗീതം കുയിൽ പാടി.

പാടം, പൊലി പൊലി പൊന്നിട്ടു,
പാലാറൊപ്പീ പൊൻചമയം.
പവിഴച്ചുണ്ടിൽ പൊന്നണിയാൻ,
പാറിയണഞ്ഞൂ പൈങ്കിളികൾ.

മകരക്കുളിരല തഴുകുമ്പോൾ,
പ്ലാവിനുമുണ്ടോരുൾപ്പുളകം.
അടിമുടി ചൂടീ വൈഡൂര്യം, തേൻ
കനിയായ് കാഴ്ചയൊരുക്കീടാൻ.

# കുട്ടുവിന്റെ ഒരു ദിവസം

സജന സന്തോഷ്

എങ്ങനെ ദേഷ്യം വരാതിരിക്കും? രാവിലെ മൂടിപ്പുതച്ച് സുഖമായി ഉറങ്ങുമ്പോഴായിരിക്കും മുറ്റത്തെ മാവിൻകൊമ്പിലിരുന്ന് രണ്ട് കാക്കച്ചികൾ ക്രാ...ക്രാ... എന്ന് തൊണ്ടപൊട്ടി വിളിക്കുന്നത്. പിന്നെങ്ങനെ ഉറങ്ങും? ഇനി അച്ഛൻ വന്ന് കൂടു തുറക്കുന്നതുവരെ ഇവിടെ ഇങ്ങനെ വെറുതേയിരിക്കണം. കൂട് തുറന്നിട്ടിരുന്നെങ്കിൽ ഈ കാക്കച്ചിപ്പെണ്ണുങ്ങളെ ഞാൻ പറത്തിയേനേ! അല്ല പിന്നെ! ഈയുള്ളവന്റെ ഉറക്കം കളയാൻ ഓരോന്നു വന്നോളും. അമ്മമ്മ എപ്പോഴും പറയും, 'കുഞ്ഞാ... അവര് അവിടെ ഇരുന്നോട്ടേ' എന്ന്. ഞാനുണ്ടോ കേൾക്കുന്നു.

കുട്ടൂസ് ഇങ്ങനെ ഓരോന്നും ചിന്തിച്ചോണ്ടിരിക്കുമ്പോഴാണ് അച്ഛൻ വന്നു കൂടു തുറന്നത്. കൂട്ടിൽ നിന്നിറങ്ങിയാൽ രണ്ടു റൗണ്ട് ഓട്ടം പതിവാ. അമ്മ പറയാറുണ്ട് രാവിലെ ഓടിച്ചാടി കളിക്കണം. എന്നാലേ ആരോഗ്യമുണ്ടാവുള്ളൂ എന്ന്. കൂട് വൃത്തിയാക്കിക്കഴിഞ്ഞാൽ അച്ഛൻ എന്നെയുംകൊണ്ട് നടക്കാനിറങ്ങും. റോഡിലൂടെ കാഴ്ചകൾ കണ്ടുനടക്കാൻ എന്തു രസാന്നറിയോ? നല്ല കുട്ടികൾ അങ്ങനെയാ.

അമ്മുച്ചേച്ചിയും ഞാനും എപ്പഴും നടക്കാറുള്ളതാ. ഇപ്പോ അമ്മുച്ചേച്ചിക്ക് ഒന്നിനും നേരമില്ല. എപ്പോഴും ഫോണിലാ. പത്താം ക്ലാസ്സിലായതിന്റെ ഗമയൊക്കെ ഉണ്ട്. എനിക്ക് ശരിക്കും ദേഷ്യംവരും. ചേച്ചീടെ ടീച്ചർമാർ ഫോണിൽ വന്നാ പഠിപ്പിക്കണെ! ഞാൻ ചായയും ബിസ്ക്കറ്റും കഴിച്ച് ചേച്ചീടെ ക്ലാസ്സിൽ ചെന്നിരിക്കും. ടീച്ചറ് എന്തൊക്കെയോ പറയും. വല്യ ഇംഗ്ലീഷാ. എന്നാലും ഞാനവിടെ ഇരിക്കും. ട്യൂഷൻ കഴിഞ്ഞാലും ചേച്ചി കൂട്ടുകാരോടു വർത്തമാനം പറഞ്ഞ് ഇരിക്കും. പിന്നെ ഉച്ചയ്ക്കും വൈകുന്നേരവും സ്കൂളിലെ ക്ലാസ്സും.

എനിക്ക് അമ്മയുടെ ക്ലാസ്സിൽ ഇരിക്കാനാ ഇഷ്ടം. അവിടെ കുഞ്ഞുകുട്ട്യോളാ. എന്ത് രസാന്നറിയോ അവരുടെ കൊഞ്ചല് കേൾക്കാൻ. അമ്മ അവർക്ക് കുറേ കഥയും പാട്ടുമൊക്കെ പറഞ്ഞുകൊടുക്കും. അമ്മ ഒരുദിവസം ഒരു അപ്പൂപ്പന്റെ കഥ പറയുന്നത് ഞാനും അമ്മുച്ചേച്ചിയും കേട്ടൂട്ടോ. ബഷീർ എന്നോ മറ്റോ ആണ് ആ അപ്പൂപ്പന്റെ പേര്. കഥ പക്ഷേ എനിക്കു മനസ്സിലായില്ല.

പിന്നീടൊരു ദിവസം അമ്മുച്ചേച്ചിയും ഞാനും മുറ്റത്തിരിക്കുമ്പോൾ രണ്ട് ഉപ്പന്മാര് (ചെമ്പോത്ത്) വന്ന് എന്റെ കൂട്ടിൽ കയറി. വലിയ പരിശോധന. ഞാനോ ഒരൊറ്റ ഓട്ടം. രണ്ടും പറപറന്നു. അപ്പോൾ അമ്മുച്ചേച്ചി പറയാ, ''എടാ അമ്മ പറഞ്ഞ കഥ നിനക്കോർമയില്ലേ? അവരവിടെ നിന്നോട്ടേ. അവർക്കും ജീവിക്കണ്ടേന്ന്.'' കാര്യമൊക്കെ ശരിയാ. എന്നാലും ഇവർക്കൊക്കെ എന്റെ വീട്ടിലെന്താ കാര്യം? ഒരു കള്ളിപ്പൂച്ചയുണ്ട്, അമ്മിണി. വലിയ പത്രാസുകാരിയാ. അയൽപ്പക്കത്തുനിന്നൊക്കെ കട്ടുതിന്ന് എന്റെ വീട്ടിലേക്കൊരു വരവുണ്ട്. മതിലിന്മേൽ കയറിനിന്ന് അവൾ എന്നെ നോക്കും. രാജകുമാരിയാന്നാ ഭാവം. കള്ളി. അവളെയും ഞാൻ ഓടിക്കും.

**അമ്മുച്ചേച്ചിയും ഞാനും മുറ്റത്തിരിക്കുമ്പോൾ രണ്ട് ഉപ്പന്മാര് വന്ന് എന്റെ കൂട്ടിൽ കയറി വലിയ പരിശോധന. ഞാനോ ഒരൊറ്റ ഓട്ടം. രണ്ടും പറപറന്നു. അപ്പോൾ അമ്മുച്ചേച്ചി പറയാ, "എടാ അമ്മ പറഞ്ഞ കഥ നിനക്കോർമയില്ലേ? അവരവിടെ നിന്നോട്ടേ. അവർക്കും ജീവിക്കണ്ടേന്ന്."**

പിന്നെണ്ടല്ലോ വീട്ടില് കുട്ട്യോളൊക്കെ വരും ട്ടോ. അതൊന്നും എനിക്ക് പ്രശ്നമല്ല. അവരെന്നെ ഒന്ന് തൊട്ടാൽ എനിക്ക് വലിയ സന്തോഷാവും. അല്ലെങ്കിലും ആർക്കാ സ്നേഹം ലഭിക്കുമ്പോൾ സന്തോഷമില്ലാതിരിക്കുക. അമ്മ പറയും എല്ലാവരെയും സ്നേഹിക്കണമെന്ന്.

ഈയിടെയായിട്ട് എല്ലാവരും വീട്ടിലുണ്ട്. ഒരു വൈറസ്. കൊറോണ. അതു കാരണം ഞാൻ രക്ഷപ്പെട്ടു. എല്ലാവരും എന്റെ കൂടെ ഉണ്ടാവൂലോ!

അമ്മുച്ചേച്ചി എന്നെയും കെട്ടിപ്പിടിച്ച് ''കുറുമ്പാ... എൻ ശ്വാസം നീ താൻടാ...'' എന്നൊരു പാട്ടൊക്കെ പാടി ഡാൻസ് കളിക്കാറുണ്ടായിരുന്നു. പക്ഷേ ഇപ്പോ ചേച്ചിക്ക് ഏതുനേരവും ഫോണിൽ കളിക്കാനാ ഇഷ്ടം.

പഠിക്കാൻ കുറെയുണ്ട്. അതൊക്കെ ശരിയാ. പക്ഷേ, കൂട്ടുകാരോട് എന്തൊക്കെയോ പറയാനാത്രേ ഫോണിൽ തോണ്ടുന്നത്.

ദേ... അമ്മ വിളിക്കുന്നുണ്ട്. കുറുക്ക് കഴിക്കാനാ. ഓട്സും പാലും ശർക്കരയുമൊക്കെ ചേർത്ത് നല്ല രുചിയുള്ള കുറുക്ക്. എനിക്ക് ഭക്ഷണം ഉണ്ടാക്കിത്തരുന്നതിലൊക്കെ അമ്മമ്മയ്ക്ക് വല്യശ്രദ്ധയാ. രാവിലെ പാലു കുടിക്കണം. പാലു കുടിക്കാൻ മടിയായതുകൊണ്ട് ചായയും ബിസ്ക്കറ്റും. പിന്നെ ഓട്സ്. ഉച്ചയ്ക്ക് ഞാനൊന്നും കഴിക്കില്ല. ഉറങ്ങും. നാല് മണിയാവുമ്പോൾ അമ്മമ്മ എന്നെ നടക്കാൻ കൊണ്ടുപോവും. വന്നു കഴിഞ്ഞാ ചായയും ഇഡ്ഡലിയും. പിന്നെ വൈകിട്ട് ചോറും കോഴിക്കാലും. അല്ലേൽ മീൻ. പിന്നെ അമ്മ രാവിലെ പച്ചക്കറി നുറുക്കുമ്പോൾ ഞാൻ അമ്മയോടു ചേർന്നു നിൽക്കും. ക്യാരറ്റും പപ്പായയും തക്കാളിയും സവാളയും ഉള്ളിയുമൊക്കെ എനിക്കു വല്യ ഇഷ്ടാ. രാവിലെതന്നെ അതൊന്നും തിന്നണ്ട. ഛർദിക്കും എന്നൊക്കെ പറയും. എന്നാലും ഞാൻ കൊതി കാണിക്കുമ്പോൾ അമ്മ അതൊക്കെ തരും. പിന്നെ പഴങ്ങളും എനിക്കിഷ്ടാ.

ഓറഞ്ചും ആപ്പിളും പഴവുമൊക്കെ അച്ഛൻ വാങ്ങിക്കൊണ്ടു വരും. മാമ്പഴം വീട്ടിലുണ്ടാവും. അമ്മുച്ചേച്ചിക്കു കഴിക്കാൻ മടിയാ. അമ്മ പറയും, ''നീയ് ഈ ചെക്കനെ കണ്ട് പഠിക്ക്'' എന്ന്. ഞാൻ നല്ല കുട്ടിയാത്രേ!

പിന്നെ അമ്മ എന്നെ ഇടയ്ക്കിടയ്ക്ക് 'ഗുഡ്ബോയ്' എന്നുപറയും. അതുകേൾക്കാൻ എനിക്കെന്തിഷ്ടാന്നറിയോ!

പിന്നൊരു കാര്യം ണ്ട്ട്ടാ. എന്താന്നറിയോ. ഒരു രഹസ്യാ. ആരോടും പറയല്ലേ ട്ടാ. ഞാൻ 'ഗുഡ് ബോയ്' ആയതോണ്ടേ എനിക്കൊരു കൂട്ടുകാരിയെ കൊണ്ടുവരണംന്ന് അമ്മ അച്ഛനോടു പറയുന്നതു ഞാൻ കേട്ടു. കൂട്ടുകാരി വന്നാൽ നല്ല രസാവും അല്ലേ? ഞങ്ങൾക്ക് ഒരുമിച്ച് എപ്പോഴും കളിക്കാലോ! അമ്മേടെ അടുത്തേക്ക് പോട്ടെ ട്ടാ. പിന്നെ വരാം. പറഞ്ഞത് അനുസരിച്ചില്ലേൽ ഞാൻ 'ബാഡ് ബോയ്' ആവില്ലേ? അപ്പോഴെനിക്ക് കൂട്ടുകാരിയെ കിട്ടില്ലാലോ. അപ്പൊ പറഞ്ഞതുപോലെ. പിന്നെ കാണാം, ട്ടാ.



വര: സന്തോഷ് വെളിയന്നൂർ

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയയ്ക്കാം.

## തളിരമ്മാവന്റെ കത്ത്

കൂട്ടുകാരേ, ഇത്തവണ നല്ല വേനൽമഴ കിട്ടി. പ്രകൃതിയുടെ പ്രതിഭാസങ്ങൾ അതിനുപിന്നിലുണ്ട്. അതൊക്കെ വായിച്ചു മനസ്സിലാക്കാൻ നിങ്ങൾക്കു കഴിയണം.

പ്രകൃതിയിൽനിന്നു
പഠിക്കുക നമ്മൾ
പരമാർഥങ്ങൾ, സത്യങ്ങൾ!
പ്രകൃതിയിതെത്ര മനോഹരം!

പ്രകൃതിയോടിണങ്ങിയ ജീവിതവും നമ്മുടെ ലക്ഷ്യമായിരിക്കണം. ഉത്രജ ദിലീപ് തളിരിലേക്കയച്ച കത്ത് ഇഷ്ടമായി. വായിച്ചും എഴുതിയും മിടുക്കിയാവൂ. കാശിനാഥൻ എഴുതിയ 'കുഞ്ഞിമൈന' എന്ന കൊച്ചുകഥ നന്നായി. അവളുടെ നെറുകയിൽ അമ്മയുടെ ഉമ്മ, സന്തോഷമായി. അനാമിക എഴുതിയ 'വിചിത്ര സന്ധ്യ' എന്ന കഥ നന്നായി. എന്നാൽ കുറച്ചുകൂടി ചുരുക്കി എഴുതുന്നത് നല്ലതാണ്. ഷാദിൽ മുഹമ്മദ് എഴുതിയ 'അശാസ്ത്രജ്ഞൻ' ആശയം കൊള്ളാം. പക്ഷേ അവതരണം മെച്ചപ്പെടുത്തണം. കെ എ അൽഫെറിനയും നിതാര ഉത്തമനും വരച്ച ചിത്രങ്ങൾ മനോഹരമായിരിക്കുന്നു. ഇനിയും വരയ്ക്കൂ.

കൂട്ടുകാർ ഇളംതളിരിലേക്ക് ഇനിയും എഴുതണം. കത്തുകൾ അയയ്ക്കണം. ചിത്രങ്ങളും അയയ്ക്കണം.

സ്നേഹത്തോടെ,
**സി ആർ ദാസ്,**
**തളിരമ്മാവൻ**

42

# വിചിത്രസന്ധ്യ

അവൾ ഉണർന്നത് പാത്രങ്ങളുടെ കലമ്പൽ കേട്ടാണ്. അമ്മ അടുക്കളയിൽ പെരുമാറുന്നതാണ്. കണ്ണ് തുറന്നിട്ടും ജനലിനഭിമുഖമായി അവൾ വെറുതേ കിടന്നു. സൂര്യന്റെ പ്രകാശത്തിലേക്കു നോക്കിയിരിക്കുന്ന കുരുവികളെയും നേർത്ത കാറ്റിനെയും കാറ്റിൽ മൃദുലമായി ചലിക്കുന്ന ഇലകളെയും ആസ്വദിച്ചു കിടക്കേ, നേരം പോയതവളറിഞ്ഞില്ല. പെട്ടെന്ന് എന്തോ ഓർമ വന്നതുപോലെ അവൾ ചാടിയെഴുന്നേറ്റു മൊബൈൽ പരതി. ഓൺലൈൻക്ലാസ്സുള്ള കാര്യം അപ്പോഴാണ് അവൾക്ക് ഓർമ വന്നത്. വേഗം ചെന്ന് പല്ലുതേച്ച് മുഖം കഴുകി ക്ലാസ്സിൽ കയറും നേരം അമ്മ അവളോടു കയർക്കുന്നുണ്ടായിരുന്നു, നേരത്തേ എണീക്കാത്തതിന്. അവളത് അത്ര ശ്രദ്ധിക്കാതെ ഓൺലൈൻ ക്ലാസ്സിലേക്കു കയറി.

ആദ്യവർഷ ബിരുദവിദ്യാർഥിയാണവൾ. സ്കൂൾജീവിതത്തിൽനിന്ന് വിങ്ങലോടെ വിടപറഞ്ഞ്, കോളേജ് ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ കോളേജിനെപ്പറ്റി വലിയ സ്വപ്നങ്ങളും പ്രതീക്ഷകളും അവൾക്കുണ്ടായി

രുന്നു. സിനിമകളിലൂടെയും, ചേച്ചീചേട്ടന്മാരുടെ കഥകളിലൂടെയും കിട്ടിയ അറിവുവച്ച് അവൾ തന്റെ മനസ്സിൽ അതിമനോഹരമായൊരു കോളേജ് ജീവിതം കെട്ടിപ്പടുത്തിരുന്നു. കോളേജിൽ എത്തിയെങ്കിലും അഡ്മിഷനും മറ്റാവശ്യങ്ങൾക്കുമായി അവൾക്ക് രണ്ടു തവണയേ കോളേജിൽ പോകേണ്ടി വന്നുള്ളൂ. അതും ഓഫീസാവശ്യങ്ങൾക്ക് മാത്രം. ക്ലാസ്മുറികൾ മുറ്റത്തുനിന്ന് കണ്ടിട്ടുണ്ടെങ്കിലും അതിനകത്തേക്കു പ്രവേശിക്കാനോ അവിടമൊന്ന് ചുറ്റിക്കാണാനോ അവൾക്ക് സാധിച്ചില്ല. ഒന്നിച്ചു പഠിക്കുന്നവരെ ഓൺലൈൻ ക്ലാസ്സിൽ മാത്രമാണ് കണ്ടിരുന്നത്. ആരെയും നേരിട്ടു പരിചയമില്ല. കൊറോണ, കോളേജ് അനുഭവങ്ങളെ ഇല്ലാതാക്കിയിരിക്കുന്നു.

രാവിലെ ഒൻപതുമണി കഴിഞ്ഞാൽ അമ്മ ഓഫീസിലേക്കു പോകും. അച്ഛൻ വിദേശത്താണ്, അമ്മ പോയാൽ വീട്ടിലെ തനിച്ചിരിപ്പിൽ കൂട്ടാവുന്നത് പുസ്തകങ്ങളും ഓൺലൈൻ ക്ലാസ്സുകളുമാണ്. അവളുടെ മുറിയിലെ ഷെൽഫിന്റെ പകുതി ഭാഗവും കഥാപുസ്തകങ്ങളാണ്. വായന അവൾക്കേറെ ഇഷ്ടമാണ്, വായനയിൽ മുഴുകുമ്പോൾ പുതിയൊരു സങ്കൽപ്പലോകം അവളിൽ വിരിയും. അതവൾക്കിഷ്ടമാണ്. അക്ഷരങ്ങളോടു കൂട്ടുകൂടി അവൾ ഓരോ കഥയും കഥാപാത്രങ്ങളുമായി മാറും. ഈയിടെയായി പുസ്തകങ്ങൾ ഒന്നും വായിക്കാതെ താൻ മടിയുടെ വലയിൽ വീണു പോകുന്നുണ്ടോ എന്നവൾ സംശയിച്ചു.

നേരം ഉച്ച കഴിഞ്ഞിരുന്നു. ഉച്ചയ്ക്കുശേഷം ക്ലാസ്സില്ലാത്തതിനാൽ അവൾ, ഷെൽഫിൽനിന്ന് അച്ഛൻ വാങ്ങിക്കൊണ്ടു വന്ന 'The Harry Potter' സീരീസിന്റെ മൂന്നാംഭാഗം എടുത്തു വായിക്കാൻ തുടങ്ങി. നേരം പോയത് അവൾ അറിഞ്ഞതേയില്ല. പുറത്ത് ഇരുട്ടു കനത്തു. കാർമേഘങ്ങൾ പെയ്യാൻ തയ്യാറായി നിൽക്കേ കറന്റും പോയി. അവൾ പുസ്തകം അടച്ചുവച്ച്, വാതിൽ തുറന്ന് മുൻവശത്തേക്കു പോയി. മഴ പതിയെ ചാറാൻ തുടങ്ങി. മുൻവശത്തെ പാടങ്ങളിലേക്കു നോക്കി നിൽക്കേ ഇടിമിന്നൽവെട്ടത്തിൽ കണ്ടു, ആരോ വരമ്പിലൂടെ ഓടുന്നത്. അത് സ്ത്രീയാണോ പുരുഷനാണോ എന്നുപോലും വ്യക്തമായില്ല. മഴയുടെ ശക്തി കൂടിവന്നു. പാടവരമ്പത്തെ വ്യക്തി നിശ്ചലമായി നിന്നു. ആ രൂപം അവളെ നോക്കി നിൽക്കുന്നതായി അവൾക്കു തോന്നി. അവൾക്കവരെ അവ്യക്തമായ് കാണാം. രണ്ടു നിമിഷത്തെ നിശ്ചലതയ്ക്കുശേഷം ആ രൂപം ഉറക്കെ നിലവിളിക്കാൻ തുടങ്ങി. അവർ പാടവരമ്പിലൂടെ നിലവിളിച്ചുകൊണ്ടോടുകയാണ്. അവൾ പരിഭ്രമിച്ചു. 'രക്ഷിക്കണേ...' എന്നു പറയുന്നതുപോലെ അവൾക്കു തോന്നി. മുൻവശത്തെ റോഡിൽ ആരുമില്ല. ഒരു കിളിക്കുഞ്ഞുപോലുമില്ല. അവൾ മുന്നോട്ടു നീങ്ങിയപ്പോൾ അതൊരു സ്ത്രീയാണെന്നു മനസ്സിലായി. പെട്ടെന്നാ സ്ത്രീ പാടത്തേക്കു വീണു! അവരുടെ നിലവിളി നിലച്ചു.



വര: സചീന്ദ്രൻ കാറഡ്ക്ക

മഴയുടെ ശബ്ദം മാത്രം. അവൾ പേടിച്ചുപോയി. ചുറ്റുമെങ്ങും ആരുമില്ല. മഴയിലൂടെ ഓടി റോഡു കടന്ന് അവൾ പാടവരമ്പത്തെത്തി. ഒരു നിമിഷം അവളാ ചെളിയുള്ള മണ്ണിൽ നിന്നു. പിന്നീട് ശ്രദ്ധയോടെ പാടവരമ്പിലൂടെ വേഗം നടന്നു. അവളുടെ വീടിന്റെ വാതിലപ്പോൾ ആഞ്ഞൊന്നടഞ്ഞു.

അവൾ ബുദ്ധിമുട്ടി ആ സ്ത്രീയുടെ അരികിലേക്കു നടന്നു. അവളവിടെയെത്തി, നോക്കിയപ്പോൾ ആരും തന്നെ ഇല്ല. ആ സ്ത്രീ വീണ സ്ഥലത്ത് 'The Harry Potter' എന്ന പുസ്തകം ചെളിയിൽ പൂണ്ടുകിടക്കുന്നു. ചുറ്റും നോക്കി, ആരെയും കാണ്മാനില്ല! താൻ കണ്ട സ്ത്രീ അവിടെങ്ങുമില്ല. ഒരു ജീവിപോലുമില്ല. മഴ നനഞ്ഞ് അവളുടെ മുടിയിലൂടെ വെള്ളം ഇറ്റുന്നുണ്ടായിരുന്നു. നനഞ്ഞു കിടന്ന പുസ്തകം അവളെടുത്തു, പെട്ടെന്നൊരിടി വെട്ടി! അവൾ പുസ്തകത്തെ ചേർത്തുപിടിച്ചു തിരിഞ്ഞു നടക്കാൻ ഒരുങ്ങി. അവൾ ഞെട്ടി! അവൾക്കു ചുറ്റും ഇരുണ്ട പാടശേഖരങ്ങൾ മാത്രം. അവളുടെ വീടു കാണാനില്ല, റോഡില്ല, മരങ്ങളില്ല! മഴ നനഞ്ഞു കുതിർന്ന ചെളിയും അതിനിടയിലായി താനും. മഴയുടെ ഗാംഭീര്യം കുറഞ്ഞു വന്നു. അവളവിടെ നിശ്ചലമായി പുസ്തകത്തെ മാറോടുചേർത്ത് നനഞ്ഞുനിൽക്കുകയാണ്. മഴ ശമിച്ചു. ആകാശം ഇപ്പോഴും കറുത്തുകിടക്കുകയാണ്. കുറച്ച് ദൂരെയായി ആ സ്ത്രീ നിൽക്കുന്നതവൾ കണ്ടു. അവർ അവളെ വിളിക്കുകയാണ്, 'മോളേ... മോളേ...' പെട്ടെന്ന്! ആഞ്ഞൊരു ഇടി വെട്ടി. അവളുടെ കൈയിൽ നിന്ന് പുസ്തകം താഴെ വീണു. അവൾ ഞെട്ടിയെഴുന്നേറ്റു.

കണ്ണുകൾ ചിമ്മിച്ചിമ്മി കാഴ്ചകൾക്ക് കൂടുതൽ വ്യക്തത നൽകാൻ അവൾ ശ്രമിച്ചു. പുറത്ത് തെളിഞ്ഞ അന്തരീക്ഷം. അവൾ യഥാർഥലോകത്തിലേക്കു തിരിച്ചുവരാൻ കുറച്ചു നിമിഷങ്ങൾ എടുത്തു. പുറത്തു നിന്ന് ആരോ 'മോളേ... മോളേ...' എന്നു വിളിക്കുന്നതവൾ കേട്ടു. ആദ്യമൊന്നു ഞെട്ടിയെങ്കിലും പിന്നീട് അത് അമ്മയുടെ ശബ്ദമാണെന്നു തിരിച്ചറിഞ്ഞു. അമ്മ കോളിങ്ബെൽ നീട്ടിയടിച്ചു. അവൾ കിടക്കയിൽ നിന്നെഴുന്നേറ്റു. നിലത്ത് കട്ടിലിനടിയിലായി 'The Harry Potter' കിടക്കുന്നു. അവൾ അതെടുത്തു വേഗം ചെന്ന് അമ്മയ്ക്ക് വാതിൽ തുറന്നു കൊടുത്തു.

**അനാമിക കെ**
ക്ലാസ്: 10
ജി വി ജി എച്ച് എസ് എസ്,
ചിറ്റൂർ, പാലക്കാട്




# വര

**കെ എ അൽഫെറിന**
ക്ലാസ്: 10
അമൃത സംസ്കൃത എച്ച് എസ് എസ്,
പാരിപ്പള്ളി, കൊല്ലം



**നിതാര ഉത്തമൻ**
ക്ലാസ്: 3
ശ്രീശാരദ വിദ്യാലയം, കാലടി



# കുഞ്ഞിമൈന

സൂര്യന്റെ മുഖം ചുവന്നു. നേരം ഒരുപാടായി. അമ്മക്കിളികളെ കാണാതെ കുഞ്ഞിക്കിളികൾ ബഹളം കൂട്ടി.

'എന്താ, അമ്മ വരാത്തത്? എന്താ, അമ്മ വരാത്തത്?' വിശന്നിട്ടു വയ്യ. ഓരോ കിളിക്കുഞ്ഞും ഇതുതന്നെ പറഞ്ഞുകൊണ്ടിരുന്നു. ദൂരെ ആകാശത്ത് ഒരു കിളിക്കൂട്ടം നീങ്ങി നീങ്ങി വരുന്നത് കുഞ്ഞിക്കിളികൾ കണ്ടു.

''ഹായ് അമ്മ എത്തി! അമ്മ എത്തി...''

കിളിക്കുഞ്ഞുങ്ങൾ വീണ്ടും ബഹളം കൂട്ടി. മൈനക്കുഞ്ഞ് കരഞ്ഞുകരഞ്ഞ് തളരാറായിട്ടുണ്ട്. അവൾ അങ്ങനെയാണ്. അമ്മക്കിളി വരാൻ വൈകിയാൽ ഉടനെ തുടങ്ങും കരയാൻ. പിന്നെ ആരു പറഞ്ഞാലും നിർത്തില്ലാ. അമ്മക്കിളി വന്നപാടേ കുഞ്ഞുമൈനയെ ചിറകുകൊണ്ട് ചേർത്തുപിടിച്ചു. അമ്മക്കിളിയുടെ കൊക്കിലെ പഴുത്തു തുടുത്ത അത്തിപ്പഴം കുഞ്ഞുമൈന കണ്ടു. അവൾ കൊക്കുപിളർത്തി. അപ്പോഴാണ് മുകളിലത്തെ കൂട്ടിൽ നിന്ന് രണ്ടു കുഞ്ഞിക്കിളികളുടെ ഉറക്കെയുള്ള കരച്ചിൽ കേട്ടത്. വിശന്നിട്ടാവും. ആ കുഞ്ഞുങ്ങളുടെ അമ്മക്കിളി ഇനി വരില്ല. കാടൻപൂച്ച അവളെ പിടിച്ചു തിന്നുന്നത് എല്ലാവരും കണ്ടതല്ലോ. ഇതെല്ലാം കുഞ്ഞുമൈനയോട് അമ്മക്കിളി പറഞ്ഞു.

''അമ്മേ അമ്മേ, എന്റെ അത്തിപ്പഴം അവർക്കു കൊടുത്തേക്കൂ.''

കുഞ്ഞിമൈനയുടെ പറച്ചിൽ കേട്ട് അമ്മക്കിളി അവളുടെ നെറുകയിൽ നിറയെ ഉമ്മവച്ചു!

**കാശിനാഥൻ കെ എസ്**
ക്ലാസ്: 5
സെയിന്റ് ഇഗ്നേഷ്യസ് വി എച്ച് എസ്, കാഞ്ഞിരമറ്റം



## പ്രിയപ്പെട്ട തളിരിന്

പ്രിയ തളിരേ,
കൊറോണക്കാലത്ത് ബോറടിച്ചിരിക്കുമ്പോഴാണ് തളിരിന്റെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനായി മെസ്സേജ് വന്നത്. അങ്ങനെ ഞാൻ പരീക്ഷ എഴുതി. പക്ഷേ, എനിക്ക് 67 മാർക്കാണ് ഉണ്ടായിരുന്നത്. എനിക്ക് തളിര് സ്കോളർഷിപ്പ് കിട്ടിയില്ല. ആ വിഷമത്തിൽ ഇരിക്കുമ്പോഴാണ് പോസ്റ്റുമാൻ തളിര് മാസിക കൊണ്ടുവരാൻ തുടങ്ങിയത്. എന്റെ വിഷമം കുറച്ചുമാറിയെങ്കിലും തളിരിന്റെ ബുക്കിലെ റിസൽട്ടിൽ ഇല്ലാതെ വന്നതിൽ എനിക്ക് വിഷമം ഉണ്ട്. അങ്ങനെയിരിക്കുമ്പോഴാണ് കഴിഞ്ഞ മാസത്തിലെ ലക്കത്തിൽ തളിരമ്മാവന്റെ കത്തിൽ എന്റെ കഥയെക്കുറിച്ച് പറയുന്നത്. അതോടെ എന്റെ വിഷമം മാറി. പിന്നെ എനിക്കു തോന്നി, ഇനി വരുന്ന ജൂണിൽ തളിരിന്റെ അടുത്ത പരീക്ഷയിൽ വിജയിക്കണം എന്ന്. തളിരിന്റെ ഇനിയുള്ള ലക്കങ്ങളിലൂടെ പറന്നുയരാം എന്നു വിശ്വസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

**ഉത്രജ ദിലീപ്**
ക്ലാസ് 5,
മാർത്തോമ എച്ച് എസ് എസ്, പത്തനംതിട്ട

## സമം ഏകദിന ശില്പശാല

സ്ത്രീസമത്വത്തിനായി ഒരു സാംസ്കാരിക മുന്നേറ്റം എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ സംഘടിപ്പിക്കുന്ന 'സമം' പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. മേയ് 24ന് വയനാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നിന്നുള്ള 40 പെൺകുട്ടികളെ പങ്കെ




ടുപ്പിച്ചുകൊണ്ട് നടത്തുന്ന ഏകദിനശില്പശാലയാണ് ഇതിൽ പ്രധാനം.

ആർ സി എച്ച് എസ് എസ് ചുണ്ടേൽ സ്കൂളിലാണ് പരിപാടി. സ്ത്രീസുരക്ഷയും നിയമങ്ങളും, സ്വയരക്ഷ, സൈബർസുരക്ഷ എന്നീ വിഷയങ്ങളിൽ അതതുമേഖലയിലെ വിദഗ്ധരാണ് ക്ലാസുകൾ നയിക്കുന്നത്. ■



*പാഠം ഒന്ന് ആരോഗ്യം* ബഹു. സാംസ്കാരികവകുപ്പു മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്യുന്നു.

## പുസ്തകപ്രകാശനങ്ങൾ നടത്തി

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങൾ പ്രകാശനം ചെയ്തു. *പാഠം ഒന്ന് ആരോഗ്യം* എന്ന പുസ്തകം ബഹു. സാംസ്കാരികവകുപ്പു മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു. ഡോ. ബി പത്മകുമാർ ആണ് പുസ്തകം രചിച്ചത്. മേയ് 5ന് ആലപ്പുഴ ജവഹർ ബാലഭവൻ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അമ്പലപ്പുഴ എം എൽ എ എച്ച് സലാം അധ്യക്ഷനായിരുന്നു.

സാക്ഷരതാ മിഷൻ നടത്തിയ അക്ഷരലക്ഷം പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കാർത്യായനി അമ്മ പുസ്തകം ഏറ്റുവാങ്ങി. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ സംസാരിച്ചു.

അഞ്ജലി രാജൻ ദിലീപ് രചിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച *എച്ചിമി* എന്ന പുസ്തകം പ്രമുഖ മലയാള ചലച്ചിത്രഗാനനിരൂപകൻ രവി മേനോൻ മാസ്റ്റർ ഹരികൃഷ്ണനു നൽകി പ്രകാശനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം ജി രാധാകൃഷ്ണൻ സംസാരിച്ചു. ■

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typeset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

## ...തകൾ

# അക്ഷരനിറവ് 2022 കേരള സർവകലാശാലയിൽ നടന്നു

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും കേരള സർവകലാശാല സ്റ്റാഫ് റിക്രിയേഷൻ ക്ലബ്ബും ചേർന്ന് അക്ഷരനിറവ് 2022 പരിപാടി സംഘടിപ്പിച്ചു. കേരള സർവകലാശാല സെനറ്റ് ഹൗസ് കാമ്പസിൽ നടന്ന പരിപാടി കൺട്രോളർ ഓഫ് എക്സാമിനേഷൻ പ്രൊഫസർ ഡോ. എൻ ഗോപകുമാർ ഉദ്ഘാടനം ചെയ്തു.

കുട്ടികളിൽ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ നടത്തിയ പരിപാടി മേയ് 17 മുതൽ 21വരെ നീണ്ടുനിന്നു. പരിപാടിയോടനുബന്ധിച്ച് സർവകലാശാല ജീവനക്കാരുടെ മക്കൾക്കായി വായനമത്സരം, ക്വിസ് മത്സരം തുടങ്ങി വിവിധ സാഹിത്യാഭിരുചി മത്സരങ്ങൾ സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി നടത്തിയ പുസ്തകമേളയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ 20% വിലക്കിഴിവിൽ വാങ്ങാനുള്ള അവസരവും ഉണ്ടായിരുന്നു. ഉദ്ഘാടനച്ചടങ്ങിൽ സിന്റിക്കേറ്റ് അംഗം ജി ബിജുകുമാർ, സ്റ്റാഫ് റിക്രിയേഷൻ ക്ലബ്ബ് പ്രസിഡന്റ് ജി മനു, സെക്രട്ടറി ഡി വിപിൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിന്ദു സി വർഗീസ്, ഫിനാൻസ് ഓഫീസർ ജി ഇന്ദു, ഓഫീസ് മാനേജർ പ്രദീപ് കുമാർ ബി എസ് എന്നിവർ പങ്കെടുത്തു. ■

# തളിരിടം 2022 ഉദ്ഘാടനം ചെയ്തു

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ പുന്തല ഗ്രാമദീപം ഗ്രന്ഥശാലയുമായി സഹകരിച്ച് കുട്ടികൾക്കായി 'തളിരിടം 2022' ക്യാമ്പ് സംഘടിപ്പിച്ചു. എഴുത്തുകാരൻ ബെന്യാമിൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അനന്തമായ സാധ്യതയുള്ളവരാണ് ഇന്നത്തെ കുട്ടികളെന്നും ആഗ്രഹിക്കുന്ന മേഖലയിൽ നന്നായി ശോഭിക്കുന്നതിനു നിരന്തരമായ പരിശ്രമം വേണമെന്നും ഉദ്ഘാടനം ചെയ്തു സംസാരിക്കവേ




ബെന്യാമിൻ പറഞ്ഞു. ജില്ലാ ലൈബ്രറി കൗൺസിൽ അംഗം പ്രൊഫസർ ആർ രാജഗോപാൽ അധ്യക്ഷനായ ചടങ്ങിൽ ഗ്രന്ഥശാല പ്രസിഡന്റ് വി കെ ബിനുകുമാർ, സെക്രട്ടറി എം ഐ ബദറുദീൻ, സ്കൂൾ മാനേജർ വി എൻ സുകു, സി ജി തമ്പി, വെൻസെക് മാനേജർ ജിബു ടി ജോൺ, ജ്യോതി വിജയകുമാർ, ടി എൻ അനീഷ്, എസ് ചന്ദ്രലേഖ, എ മധു, ബി ബാബു, ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി എസ് വി സാജി എന്നിവർ സംസാരിച്ചു. മേയ് 14, 15 തീയതികളിൽ നടന്ന ദ്വിദിന ക്യാമ്പിന്റെ ഡയറക്ടർ ബി ബാബു ആയിരുന്നു. റെജി മലയാലപ്പുഴ, പ്രദീപ് ആർ തുടങ്ങിയവർ ക്ലാസ്സുകൾ എടുത്തു. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 June 2022
Regd KL/TV (N)/399/2021-2023 Published on 29-05-2022 Vol:29, Issue:06, ₹20

